# മലയാളം

## കേരളപാഠാവലി

സ്റ്റാൻഡേർഡ് VI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ !

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2025
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

വികാരവിചാരങ്ങൾ കരുത്തോടെ പ്രകടിപ്പിക്കാനും ചുറ്റുമുള്ള ലോകത്തിന്റെ സൗന്ദര്യവും വൈവിധ്യവും തിരിച്ചറിയാനും അറിവിന്റെ പുതുലോകങ്ങളിലേക്ക് സഞ്ചരിക്കാനും ഭാഷ നമ്മെ സഹായിക്കും.

മലയാളഭാഷയുടെ വളർച്ചാവഴികളിലേക്കു വെളിച്ചം വീശുന്ന, ഭാഷയെ ആഴത്തിലറിയാനുള്ള നിങ്ങളുടെ ശ്രമങ്ങൾക്ക് കരുത്തു കൂട്ടുന്ന, സർഗാത്മകരചനകൾകൊണ്ടു സമ്പന്നമാണ് ആറാംക്ലാസിലെ കേരളപാഠാവലി.

കൂട്ടായി അന്വേഷിച്ചും അറിഞ്ഞും കൈമാറിയും മാതൃഭാഷയുടെ സ്നേഹവും കരുത്തും അനുഭവിക്കാൻ നിങ്ങൾക്കു കഴിയട്ടെ.

ഹൃദയാശംസകളോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം



# പാഠപുസ്തകരചനയിൽ പങ്കെടുത്തവർ

## ചെയർപേഴ്സൺ

**പി. രാമൻ**
എച്ച്.എസ്.എസ്.ടി. മലയാളം, ജി.എച്ച്.എസ്.എസ്., കുറ്റിപ്പുറം, മലപ്പുറം

## വിദഗ്ധർ

**ഡോ. എ. കെ. അബ്ദുൾ ഹക്കീം**
ഡി.പി.സി., എസ്.എസ്.കെ., കോഴിക്കോട്

**ഡോ. മുഹമ്മദ് ഷരീഫ് കെ.**
അസി. പ്രൊഫസർ, ഫാറൂഖ് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്

**നൂറ വി.**
അസി. പ്രൊഫസർ, ഫാറൂഖ് കോളേജ്, (ഓട്ടോണോമസ്) കോഴിക്കോട്

**വി. എസ്. ബിന്ദു**
കേരള സാഹിത്യ അക്കാദമിയംഗം, തൃശൂർ

## അംഗങ്ങൾ

**പി. എം. നാരായണൻ**, ഹെഡ്മാസ്റ്റർ (റിട്ട.), കെ.എ.യു.പി.സ്കൂൾ, എളമ്പുലാശ്ശേരി, പാലക്കാട്
**മനോഹർ കെ.**, ഹെഡ്മാസ്റ്റർ (റിട്ട.), എ.യു.പി. സ്കൂൾ, പുലാശ്ശേരിക്കര, പട്ടാമ്പി, പാലക്കാട്
**അബ്ദുൾ ജലീൽ**, പി.ഡി. ടീച്ചർ, ജി.യു.പി.എസ്., അരിയല്ലൂർ, മലപ്പുറം
**ബീന ആർ. ചന്ദ്രൻ**, യു.പി.എസ്.ടി., സി.ഇ.യു.പി. സ്കൂൾ, പരുതൂർ, പാലക്കാട്
**ശ്രീജ പള്ളം**, പി.ഡി. ടീച്ചർ, ജി.എസ്.ബി.എസ്., പഴയ ലക്കിടി, പാലക്കാട്
**അജീഷ്കുമാർ ടി. ബി.**, ലക്ചറർ, ഡയറ്റ്, ഇടുക്കി, തൊടുപുഴ
**ജയശ്രീദേവി ജി.**, പ്രഥമാധ്യാപിക, ഗവ.യു.പി. സ്കൂൾ, വരവൂർ, റാന്നി, പത്തനംതിട്ട
**പവിത്രൻ മണ്ടോടി**, എ.എം.യു.പി സ്കൂൾ, വലിയോറ ഈസ്റ്റ്, മലപ്പുറം
**സി. സുരേഷ്**, ശബരി എ.യു.പി. സ്കൂൾ, കല്ലുവഴി, പാലക്കാട്
**സന്തോഷ് സക്കറിയ**, പി.ഡി. ടീച്ചർ, ഡയറ്റ് ലാബ് സ്കൂൾ, കാസർഗോഡ്
**ദീപ പി. എം.**, യു.പി.എസ്.ടി., ജി.എസ്.ബി.എസ് കുമ്പള, കാസർഗോഡ്
**സുഷമ ബിന്ദു പി.**, യു.പി.എസ്.ടി., ജി.എച്ച്.എസ്., കാപ്പ്, മലപ്പുറം
**ബിന്ദു വി.ടി.**, ജി.എച്ച്.എസ്.എസ്., വാടാനാംകുറുശ്ശി, പാലക്കാട്
**ആശാ രാഘവൻ**, യു.പി.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്., മാവേലിക്കര, ആലപ്പുഴ
**ശ്രീദേവി ഡി.**, എച്ച്.എസ്.ടി. വി.കെ.കാണി ജി.എച്ച്.എസ്. പനയ്ക്കോട്, തിരുവനന്തപുരം
**ഡോ. സംഗീത കെ.കെ.പി.**, പ്രഥമാധ്യാപിക, ജി.വി.എച്ച്.എസ്.എസ്., ദേശമംഗലം, തൃശൂർ

## ചിത്രകാരർ

**ശ്രീജ പള്ളം**
**വിശ്വതി ചെമ്മന്തട്ട**
**സരുൺദാസ് ചെറുകാട്ടിൽ**
**രാജേന്ദ്രൻ കെ. ജി., അലനല്ലൂർ**
**ശ്രീനിവാസൻ പുത്തൻവേലിക്കര**
**മുഹമ്മദ് നദീർ, തിരുവേഗപ്പുറ**
**ഷാജിമാത്യു പത്തനംതിട്ട**

## അക്കാദമിക് കോഡിനേറ്റർ

**രാജേഷ് എസ്. വള്ളിക്കോട്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


**1. അമൃതം നുകരാം ................ 07**
അടുക്കള ................ 9
ചട്ടിപ്പത്തിരി ................ 11
കൊയക്കട്ട ................ 18
കായെല്ലമു നെവേഞ്ചിമു തന്തിന്ത ചവി ................ 21

**2. നടുകിൽ തിന്നാം ................ 24**
കോയയുടെ ചെറിയ വസ്തുക്കൾ ................ 26
ഗാന്ധിജിയുടെ അതിഥി ................ 32
തൊഴിലിന്റെ രുചി, ഭാഷയുടെയും ................ 35

**3. നൽകുകിൽ നേടാം ................ 39**
വയൽക്കാഴ്ചകൾ ................ 41
അതിജീവനത്തിന്റെ തുടക്കം ................ 43
ഒരു സ്വപ്നമുണ്ടായിരുന്നു ................ 48

**4. അറിഞ്ഞു വിടരാം ................ 55**
ശാസ്ത്രം മുന്നേറുന്നു ................ 57
ആദ്യത്തെ പറക്കൽ ................ 62
പന്തങ്ങൾ ................ 67

**5. ഉണർന്നുയരാം ................ 70**
ചെമ്പകപ്പൂവ് ................ 72
ആദ്യപാഠങ്ങൾ ................ 75
ഗോട്ടി ................ 81




# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1][**പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി**] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1
# അമൃതം നുകരാം



***വിശപ്പിനെക്കാൾ നല്ല കറിയില്ല;***
***സ്നേഹത്തിനെക്കാൾ നല്ല സ്വാദുമില്ല.***
***അടുക്കളയെന്ന വലിയ ലോകത്തിന്റെ കാണാക്കാഴ്ചകളിലേക്ക്...***

സദ്യയുടെ വിഭവങ്ങളിൽ പ്രധാനപ്പെട്ടതാണ് എരിശ്ശേരി.

കായയും ചേനയും കഴുകി നുറുക്കി ഉരുളിയിലിട്ട് മുളകുപൊടി തൂവും. അളവുകുറച്ചാണ് ഇതിൽ മുളകും മഞ്ഞളും ചേർക്കേണ്ടത്. തേങ്ങ തനിയെ വളരെ മാർദവത്തിൽ അരച്ചെടുത്ത് മാറ്റിവയ്ക്കും. ഇത് ചെറിയ ഉരുളിയിൽ വെളിച്ചെണ്ണ ഒഴിച്ച് അതിലാണു പാകപ്പെടുത്തുക. ഈ വറവിന്റെ പാകമാണ് എരിശ്ശേരിയുടെ രുചിയുടെ അടിസ്ഥാനം. കുറച്ചു തേങ്ങ അല്പം ജീരകം ചേർത്തുനന്നായി അരച്ച് വെന്ത കഷണത്തിൽ കലക്കി ഒഴിക്കുന്നു. ഈ കൂട്ടാൻ അധികം തിളയ്ക്കാൻ പാടില്ല. സ്വാദും മണവും നഷ്ടപ്പെടുമത്രേ. സ്ത്രീയുടെ ചിരിപോലെ എരിശ്ശേരി തിളച്ചാൽമതി എന്നാണ് പ്രമാണം. എരിശ്ശേരി തിളയ്ക്കുന്നതുപോലെയേ പെൺകിടാങ്ങൾ ചിരിക്കാൻ പാടുള്ളൂ എന്ന ഓർമ്മപ്പെടുത്തൽകൂടി ഈ പ്രമാണത്തിൽ ഉണ്ട്.

**(കാലപ്പകർച്ചകൾ - ദേവകി നിലയങ്ങോട് )**

- ഒരു ഭക്ഷണവിഭവം പാചകംചെയ്യുന്നതിന്റെ ചില സൂചനകളുള്ള കുറിപ്പാണ് നിങ്ങൾ വായിച്ചത്. പാചകത്തെപ്പറ്റിമാത്രം പറയുന്ന കുറിപ്പാണോ ഇത്? പാചകംചെയ്യലും പാകം തിരിച്ചറിയലും സ്ത്രീകളുടെമാത്രം കടമയാണെന്ന ചിന്തയ്ക്ക് ഇന്നു മാറ്റം വന്നിട്ടില്ലേ?
- എരിശ്ശേരി തിളയ്ക്കുന്നതുപോലെയേ പെൺകിടാങ്ങൾ ചിരിക്കാൻ പാടുള്ളൂ - ഇതിനോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്?

ചർച്ചചെയ്ത് കണ്ടെത്തലുകളും അഭിപ്രായങ്ങളും അവതരിപ്പിക്കൂ.

*ഭക്ഷണം എല്ലാവർക്കും വേണ്ടതല്ലേ...?*
*അപ്പോൾ അടുക്കളയോ?*

# അടുക്കള

നെല്ലും ഗോതമ്പും ചോളവും ബാർളിയും
കരിമ്പും മുന്തിരിയും മധുരനാരങ്ങയും
മത്സരിച്ചു വിളയുന്ന ഈ താഴ്‌വരയിൽ,
ആടും കോഴിയും താറാവും പന്നിയും
ഒരുമിച്ചു മേയുന്ന ഈ വീട്ടിൽ
ആരു മറന്നുവച്ചൂ, ഈ അടുക്കള?

ഒരുപക്ഷേ,
എന്റെ അമ്മയുടെ അമ്മയുടെ അമ്മയുടെ
ജീവിച്ചിരുന്നിരിക്കാൻപോലും ഇടയില്ലാത്ത
അമ്മയുടെ അമ്മയായിരിക്കാം.

ഇവിടെ എപ്പോഴും ഒരാൾ
കറിക്കു നുറുക്കിക്കൊണ്ടിരിക്കുന്നു.
മീൻ നന്നാക്കിക്കൊണ്ടിരിക്കുന്നു.
ഇറച്ചി വെട്ടിക്കൊണ്ടിരിക്കുന്നു.
അരിയോ ഗോതമ്പോ ആട്ടിക്കൊണ്ടിരിക്കുന്നു.
മല്ലിയോ മുളകോ അരച്ചുകൊണ്ടിരിക്കുന്നു.



ഇഞ്ചിയോ പൊതിനയോ ചതച്ചുകൊണ്ടിരിക്കുന്നു.
അടുപ്പത്തു തിളയ്ക്കുന്നതിൽനിന്നു കുറച്ചെടുത്ത്
എരിവും പുളിയും ഉപ്പും മധുരവും
പാകംനോക്കിക്കൊണ്ടിരിക്കുന്നു.
എഴുന്നേറ്റു കൈ കഴുകിക്കൊണ്ടിരിക്കുന്നു.

ഒന്നിരിക്കാൻപോലും സമയമില്ലാത്ത ധൃതിപോലെ
നിലത്തും മേശപ്പുറത്തും ബാക്കിയായവ
തുടച്ചു വൃത്തിയാക്കിക്കൊണ്ടിരിക്കുന്നു,
പാത്രം കഴുകി നിരത്തിവച്ചുകൊണ്ടിരിക്കുന്നു.

ഇവിടെ എപ്പോഴും ഒരാൾ
വിശന്നു നിലവിളിച്ചുകൊണ്ടിരിക്കുന്നു.

**(വയൽക്കരെ ഇപ്പോഴില്ലാത്ത - ടി. പി. രാജീവൻ)**

## കവിതയിലേക്ക്...

- നാടിന്റെയും വീടിന്റെയും സമൃദ്ധിയെക്കുറിച്ച് കവിതയിൽ എന്തെല്ലാം പറയുന്നുണ്ട്?
- അടുക്കളയിൽ എപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന പണികളെന്തെല്ലാമാണ്?
- ഈ ജോലികളെല്ലാം നടക്കുമ്പോഴും അവിടെ വിശപ്പു ബാക്കിയാവുന്നു എന്നു സൂചിപ്പിക്കുന്ന വരി ഏതാണ്?

## വിശന്നു നിലവിളിക്കുന്നവർ

- അടുക്കളയിൽ വിശന്നു നിലവിളിച്ചുകൊണ്ടിരിക്കുന്നതാരായിരിക്കും?
- ഇത്രയും സമൃദ്ധമായ അടുക്കളയിൽ എപ്പോഴും ഒരാൾ വിശന്നു നിലവിളിക്കാൻ കാരണമെന്താവും?
- ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## അടുക്കളയ്ക്കുള്ളിൽ

മയങ്ങാറുണ്ടാവി-
ല്ലവളോളം വൈകിയൊരു നക്ഷത്രവും
ഒരൊറ്റ സൂര്യനു-
മവളേക്കാൾ നേർത്തെ പിടഞ്ഞെണീറ്റീലാ

(സംക്രമണം - ആറ്റൂർ രവിവർമ്മ)

അടുക്കളയിലെ തേഞ്ഞുതീരുന്ന
വീട്ടുപകരണമാണു ഞാൻ.
.......................................................
എന്റെ കുട്ടികൾക്ക് ചിലപ്പോൾ
എണ്ണമറ്റ പലഹാരങ്ങൾ നിർമ്മിക്കുന്ന
ഒരു യന്ത്രമാണു ഞാൻ.

(പ്രതിഷ്ഠ - സാവിത്രി രാജീവൻ)

ഈ കവിതാഭാഗങ്ങൾക്ക് അടുക്കള എന്ന കവിതയുമായുള്ള ബന്ധം വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

*ഇനി മറ്റൊരടുക്കളയിലേക്കു പോകാം*

# ചട്ടിപ്പത്തിരി

അത്തുമാൻപിയ്യാപ്പിള വൈകുന്നേരംതന്നെ സാമാനങ്ങളൊക്കെ വരുത്തിച്ചു. പിറ്റേന്നു രാവിലെ ചട്ടിപ്പത്തിരിയുടെ ഇതിഹാസം ആരംഭിക്കുന്നു.

വാങ്ങിയ സാധനങ്ങളൊക്കെ എണ്ണം നോക്കി. നോക്കേണ്ടതാണ്. ഏറെ കുട്ടികളുള്ള പുരയാണ്. കുട്ടികളുടെ കൈകൾ എല്ലായിടത്തും എത്തും.

രണ്ടു റാത്തൽ കോതമ്പപ്പൊടി, മുപ്പതു കോഴിമുട്ട, അര റാത്തൽ വെള്ളക്കിസ്മിസ്, അര റാത്തൽ കസ്കസ്, കാൽ റാത്തൽ ബദം, അര റാത്തൽ നല്ല പശുവിൻനെയ്യ്, ഒന്നര റാത്തൽ പഞ്ചസാര, അഞ്ചുറുപ്പികത്തൂക്കം ഏലത്തിരി, കാൽക്കുപ്പി പനിനീർ - എല്ലാം കണക്കുപോലെയുണ്ട്.

ഇനി വേണ്ടത് കാൽസേർ പാലാണ്. നേരത്തെ വാങ്ങിവെച്ചാൽ തൈരത്തുപോകും.

"പക്കീർച്ചിത്താത്ത പയ്യുമ്പാല് കൊണ്ടാന്നോ?" ബിച്ചായിശേയിത്താത്ത ചോദിച്ചു.

“മൂപ്പത്തി എപ്പം കൊണ്ടാന്ന്ക്ക്ണ്. ഞാൻ ഉറിമ്മൽ മൂടി ബെച്ച്ക്ക്ണ്.” കൽമേയി പറഞ്ഞു.

കൽമേയി പാലും അടുത്തുതന്നെ കൊണ്ടുവന്നുവെച്ചു.

ബിച്ചായിശേയിത്താത്ത കോതമ്പപ്പൊടിയെടുത്ത്  വെള്ളം ചേർത്തു കുഴച്ച് മാവാക്കിവെച്ചു.

അതിന്നിടയ്ക്ക് കൽമേയി വെള്ളം നിറച്ച ഒരു പിഞ്ഞാണത്തിൽ ബദമെടുത്തിട്ടു. പൊതിരട്ടെ.

പാത്തുമ്മേയിത്താത്ത മുപ്പത് കോഴിമുട്ടയും ഉടച്ച് സാനിൽ പാർന്നു. പഞ്ചാരപ്പൊതിയഴിച്ച് കുറച്ച് പഞ്ചാര ഉടച്ച മുട്ടയിലിട്ടു. ഏലത്തിരിയും എടുത്തിട്ടു.

“അതാ പനിനീരിന്റെ കുപ്പി. ഇങ്ങോട്ടെട് മോളേ.”

കൽമേയി പനിനീരിന്റെ കുപ്പി നീക്കിവെച്ചപ്പോൾ കുറച്ചു പനിനീരും ആ മുട്ടയിൽച്ചേർത്തു. ആസ്സ തിരിക്കുന്നമാതിരി വലതുകൈ ചലിപ്പിച്ച് മുട്ടയുടച്ചത് അടിക്കാൻ തുടങ്ങി.

“മോളേ, അതാ മാവ് കൊയച്ചത്. എല്ലാരുംകൂടി ഇരുപത് തോല് പരത്തിക്കോളീ.”

കൽമേയി ഇരുന്നു. അനുജത്തി ബീരാമ്പി ഇരുന്നു. കൽമേയിയുടെ മൂത്ത മോൾ കച്ചേയിയും ഇരുന്നു. ചെറിയ മുട്ടിപ്പലകളിലാണ് ഇരുന്നത്. ഓരോരുത്തരും മുമ്പിൽ പത്തിരി പരത്തുന്ന വലിയ വട്ടപ്പലകൾ വലിച്ചിട്ടു. കുറച്ചു പൊടിയെടുത്ത് ആദ്യം പലകമേൽ വിതറി. കുഴച്ച മാവെടുത്ത് മൂന്നുപേരുംകൂടി ഇരുപത് ഉരുളകളാക്കി ഉരുട്ടി. ഓരോന്നും വലിയ ആപ്പിളിന്റെ വലുപ്പമുണ്ട്.

പത്തിരിക്കുഴലുകൾ തുടച്ച് ഉരുളകളിൽ അമർത്തി റോളർ ഉരുട്ടുംപോലെ ഉരുട്ടിക്കൊണ്ട് പരത്താൻ തുടങ്ങി. അമർത്തി ഉരുട്ടുംതോറും മാവ് ആനച്ചെവിയുടെ രൂപത്തിൽ പലകമേൽ പരക്കുന്നു.

“ഇത് കൊയലിമ്മല് ഒട്ടിപ്പുടിക്ക്ണ്. കൊറച്ച് പൊടി മേണം.”

ബാക്കിയുള്ള പൊടിയുടെ പൊതി കൽമേയി നീക്കിക്കൊടുത്തു.

ബീരാമ്പി പൊടിപ്പൊതിയെടുത്ത് പലകമേലും കുഴലിന്മേലും ഒന്നുപൂശി. എന്നിട്ടൊന്നു പരത്തിനോക്കി.  ഇപ്പോൾ ഒട്ടുപ്പില്ല. കച്ചേയിയും അതുതന്നെ ചെയ്തു.

ബിച്ചായിശേയിത്താത്ത പറഞ്ഞു: “മൂന്നാൾ പരത്താനിരുന്നാൽ സരിയാവൂല. ഒരാള് അത് ഓട്ടിലിട്ട് ബാട്ടിയെടുക്കാനിരിക്കട്ടെ.”

ആനച്ചെവി വലുപ്പത്തിൽ നേർമ്മയിൽ പരത്തിയ ആദ്യത്തെ തോല് ഉമ്മയെ കാണിച്ചുകൊണ്ട് കൽമേയി ചോദിച്ചു:

“ബലിപ്പം ഇത് മതിയോ?”

ബിച്ചായിശേയിത്താത്ത നോക്കിയിട്ടു പറഞ്ഞു: “ചെനമ്പംകൂടി വലുപ്പമിരുന്നോട്ടെ.

വല്യ ചട്ടിപ്പത്തിരി അല്ലേ?"

പലക നിറയൽതന്നെ കണക്ക്.

“അല്ലാ, അച്ചെമ്പ് ഇങ്ങോട്ട് നീക്ക്.” കൽമേയി വട്ടച്ചെമ്പ് നീക്കിക്കൊടുത്തു.

വേഗം ചെമ്പെടുത്ത് കഴുകി അടുപ്പത്തുവെച്ചിട്ട് ബിച്ചായിശേയിത്താത്ത വെള്ള കസ്കസ് കഴുകി ഊറ്റി ചെമ്പിലിട്ടു. എന്നിട്ടു പറഞ്ഞു:

“നെയ്യിങ്ങോട്ടെടുക്ക്. കസ്കസ് പൊരിയണ്ണ്ട്.” അതിൽ കുറച്ചു നെയ്യൊഴിച്ച് വാങ്ങിവെച്ചു.

“കിസ്മിസെടുക്ക്.” കിസ്മിസ് എടുത്ത് നെയ്യിൽ പൊരിച്ച് കോരിയെടുത്തു.

“കരിഞ്ഞുപോയോ?” ബേജാറോടെ മൂപ്പത്തി ചോദിച്ചു.

ബീരാമ്പി എണീറ്റ് കയിൽക്കണകൊണ്ട് പൊരിഞ്ഞ കിസ്മിസിൽ കുത്തിനോക്കി.

“ഇല്ല, കണക്കാണ്.”

സമാധാനം. ബിച്ചായിശേയിത്താത്ത പിഞ്ഞാണത്തിൽനിന്ന് പൊതിരാനിട്ട ബദമെടുത്ത് തോലുരിച്ച് ചെറിയ ചെറിയ കഷണങ്ങളാക്കി നുറുക്കാൻ തുടങ്ങി. അപ്പോൾ ചോദിച്ചു:

“പാലും പഞ്ചാരേം കലക്കിബെച്ചോ?”

കൽമേയി വിരൽ കടിച്ചു. “ഞാനത് മരിച്ചപോലെ മറന്ന്യോയി!”

“നല്ല മറതിയാ! എല്ലാത്തിനും ഞാന്തന്നെ മേണംന്ന് ബെച്ചാലോ? ങളൊക്കെ ഇതൊക്കെ പടിക്കണ്ടേ? എല്ലാ കാലത്തും ചട്ടിപ്പത്തിരി ചുടാൻ ഉമ്മണ്ടാവ്വോ?”

ബിച്ചായിശേയിത്താത്ത പശുവിൻപാലെടുത്ത് പഞ്ചസാരയിട്ട് നന്നായി ഇളക്കി വേറൊരു വലിയ സാനിലൊഴിച്ചു.

“ബാട്ടിയ തോലൊക്കെ ഇതിലിട്. പതം ബരട്ടെ. അല്ലാ, രണ്ടാളുംകൂടി ഇതുവരെ രണ്ടു തോലാ പരത്തീത്? ഇക്കണക്കിന് ഇതാവാൻ മോന്തിയാവോലോ!”

“ഇല്ലുമ്മാ, ഇപ്പം പരത്തിത്തരാ.” അവർ പണിക്ക് വേഗം കൂട്ടി.

“അടുപ്പ് പോണ്. ചെമ്പെടുത്ത് അടുപ്പത്തു ബെക്കീ.” അടുപ്പിൽ വെറുതേ തീ കത്തുന്നതു കണ്ടപ്പോൾ ബിച്ചായിശേയിത്താത്ത പറഞ്ഞു.

നെയ്യിൽ പൊരിച്ചെടുത്ത വെള്ള കസ്കസും കിസ്മിസും ബദം നുറുക്കിയ കഷണങ്ങളും കൂട്ടിക്കുഴച്ചു പണ്ടമാക്കി ഒരു വലിയ കാസയിൽ മാറ്റിവെച്ചു.

“ബല്ലിമ്മാ, കോളായോ?”

കൽമേയിയുടെ മകൻ അബു അടുക്കളയിൽ കടന്നിട്ട് ചോദിച്ചു.

“എത്തിയോ? ആളെ തലപ്പിരാന്തെടുപ്പിക്കാണ്ട് അപ്പുറം പോയിരുന്നാട്ടേ. ഇത്

ങക്കൊന്നും തിന്നാനല്ല, ഒരുത്തീല് കൊടുക്കാനാ."

"അപ്പം ഞമ്മക്കില്ല, അല്ലേ?"

ബിച്ചായിശേയിത്താത്തയ്ക്ക് ഈറയാണ് പിടിച്ചത്.

"എന്താ, ജനിച്ചിട്ട് ചട്ടിപ്പത്തിരി കാണാത്തതല്ലേ? ഹല്ല പിന്നെ!"

ഗ്രാമഫോണിൽ വന്ന ഒരു പാട്ടും മൂളിക്കൊണ്ട് ഒരു കഷണം ബദവും കടിച്ച് അബു പോയി.

കൽമേയി കുറച്ചു നെയ്യിട്ട് വട്ടച്ചെമ്പെടുത്ത് അടുപ്പത്തു വെച്ചു.

നെയ്യുരുകിയപ്പോൾ കുറച്ചു നെയ്യ് ചെമ്പിൻമൂട്ടിൽ ബാക്കിയാക്കി ശേഷിച്ചതു മുഴുവൻ കോരിയെടുത്ത് ഒരു തകരപ്പാട്ടയിലേക്കു പകർന്നു. ചെമ്പു താഴെ ഇറക്കിവെച്ചു.

ഇരുപതു തോലും പരത്തിക്കഴിയുമ്പോഴേക്ക് മണിക്കൂർ മൂന്നുനാല് കഴിഞ്ഞിരുന്നു.

വേറെയും ചില കുട്ടികൾ അടുക്കളയിലേക്കു വന്നു. കാസയിൽ പണ്ടം കുഴച്ചുവെച്ചതിൽനിന്ന് ഒരു കഷണം ബദമെടുത്ത് ഉസ്മാൻ വായിലിട്ടു. ബിച്ചായിശേയിത്താത്ത അവനെ ഒരു നോട്ടംനോക്കി.

"ങളെല്ലാരുംകൂടി പണിയെടുക്കാമ്മന്നാല് ഇപ്പണി തീരൂല്ല. ഒരു കണ്ടം ബദമെടുത്തില്ലേ? ഇഞ്ഞി അപ്പുറം പോയി കളിച്ചോളീ."

വേറൊരുത്തൻ ചോദിച്ചു: "ഒരു കണ്ടം കിസ്മിസ്?"

മാവു പരത്തി തോലാക്കിയവരും പരത്തിയ തോല് ഓട്ടിലിട്ട് വാട്ടിയവളും എണീറ്റ് പത്തിരിപ്പലകകൾ മാറ്റിവെച്ചപ്പോൾ ബിച്ചായിശേയിത്താത്ത ചോദിച്ചു:

"ഇരുപത് തോല് തെഹച്ചും ഇല്ലേ?" അവർ ഒരിക്കൽക്കൂടി എണ്ണി. ഉണ്ട്.

"ഇഞ്ഞി കയ്യാക്കത്തിന് ഒരാള് ഇബിടെ നിന്നാ മതി."

കൽമേയി നിന്നു. മറ്റു രണ്ടുപേർ അടുക്കളയിൽനിന്നു പോയി.

ബിച്ചായിശേയിത്താത്ത പാലിൽ പതം വരാനിട്ട വാട്ടിയ രണ്ടു തോലുകൾ ഒന്നിനു മുകളിൽ മറ്റൊന്നായി നെയ്യുള്ള ചെമ്പിലിട്ടു. "പണ്ടം ഇങ്ങോട്ടെടുക്ക്."

കസ്കസും കിസ്മിസും ചേർത്തു കുഴച്ച പണ്ടം കൽമേയി എടുത്തു നീട്ടി. അട്ടിയായി വെച്ച രണ്ടു തോലിന്റെ മീതെ മൂപ്പത്തി കുറച്ചു പണ്ടം വിതറി. എന്നിട്ടു പഞ്ചസാരയും ഏലത്തിരിയും പനിനീരും ചേർത്തു കലക്കി അടിച്ചുവെച്ച കോഴിമുട്ടക്കൊഴുപ്പിൽനിന്നു കുറച്ചെടുത്ത് പണ്ടത്തിന്റെമേൽ പാർന്നു. ചാഞ്ഞും ചെരിഞ്ഞും നോക്കി. മുട്ട കലക്കിയത് തോലിന്റെ എല്ലാ ഭാഗത്തും എത്തിയോ?

അതിനുമീതെ പിന്നെ ഒറ്റത്തോലാണ് എടുത്തുവെച്ചത്. അതിനുമീതേയും പണ്ടമിട്ടു. മുട്ടകലക്കിയതും പാർന്നു.

"പടച്ചോനേ, ഇതു നന്നാകണേ! ആളുകളെക്കൊണ്ടു പറയിക്കരുതേ."

“ആയോ?” ഏതോ കുട്ടി അടുക്കളവാതിൽക്കൽനിന്ന് ചോദിച്ചു. ബിച്ചായിശേയിത്താത്ത അതു കേട്ടില്ല. അതെന്നല്ല ലോകത്തിലെ മറ്റൊരൊച്ചയും കേട്ടില്ല. കണ്ണും കൽബും ആത്മാവും ഒക്കെ ചെമ്പിനകത്തു രൂപംപ്രാപിച്ചുവരുന്ന ചട്ടിപ്പത്തിരിയുടെ സൃഷ്ടികർമ്മത്തിൽ തറച്ചുനില്ക്കുന്നു.

കണ്ണോ മനസ്സോ ഒന്നു തെറ്റിയാൽ...!

കുപ്പായം വിയർപ്പിലൊട്ടി. നെറ്റിയുടെ രണ്ടറ്റങ്ങളിലും പളുങ്കിന്റെ മണിപോലെ വിയർപ്പിന്റെ തുള്ളികൾ ഉരുണ്ടുകൂടിനിന്നു. മനസ്സ് വട്ടച്ചെമ്പിനകത്തുമാത്രം വട്ടമിട്ടു പറക്കുന്നു.

“നന്നായാൽ മതി, റബ്ബേ!”

ബിച്ചായിശേയിത്താത്ത ആദ്യം ചെയ്തതുതന്നെ ആവർത്തിക്കുന്നു. നാലാമത്തെ തോല് വച്ചു. എല്ലാം ക്രമമനുസരിച്ചു നടക്കുന്നു.

......... ......... ........ ......... ....... .........

പത്തൊമ്പതാമത്തെ തോലാണ് .......... ഇരുപതു തികയുന്നു!



നിവർന്നുനിന്നു നോക്കി. ബാക്കിയുള്ള പണ്ടം മുഴുവൻ ഇരുപതാമത്തെ തോലിന്റെ മുകളിൽ വിതറി. ചാഞ്ഞും ചെരിഞ്ഞും നോക്കി. എല്ലാം സമമായി പതിഞ്ഞിരിക്കുന്നു. മുട്ട കലക്കിയ സാൻ കൈയിലെടുത്തു. അതു മുഴുവൻ വടിച്ച് അവസാനത്തെ തോലിനു മീതെ നടുവിൽ പാർന്നു. എല്ലാ ഭാഗത്തേക്കും ഒലിച്ച് സമമാകുന്നു.

മൂപ്പത്തി ഒന്നു നിവർന്ന് കൈ കുടഞ്ഞു. ഊർന്നുവീണ തട്ടം നേരെയാക്കി. എന്നിട്ട് -

"ബിസ്മില്ലാ..." വിറയ്ക്കുന്ന കൈകളോടെ ചെമ്പ് അടുപ്പത്തു കയറ്റുന്നു. മൂടിയെടുത്ത് ചെമ്പിനു മുകളിൽ വെച്ചു. അടുപ്പിലെ ചകിരിത്തീയിൽനിന്ന് കുറച്ചെടുത്ത് ചെമ്പിനു മുകളിലിട്ടു. പുതിയ ചകിരിയുമിട്ടു. അടുപ്പിലെ തീയൊന്ന് ഉള്ളോട്ടു തള്ളി. മാറിനിന്ന് അടിയിലും മുകളിലും തീ ശരിയായ നിലയിലാണോ എന്നു നോക്കി.

ബറാബർ!

റബ്ബേ, ഇതു നന്നാകണേ! നെറ്റിയിൽ ഉരുണ്ടുകൂടിയ വിയർപ്പുതുള്ളികൾ ചൂണ്ടുവിരൽ മടക്കി തുടച്ച് അവർ പ്രാർഥനാഭാവത്തിൽ നിന്നു.

നന്നാവും!

"മോളേ, ഒരു ബായീക്ക് ബെത്തിലടക്ക!"

ഇനിയൊന്നു മുറുക്കണം. പലഹാരങ്ങളുടെ 'താജ്' പണിത ആ കൈകൾക്ക് ആശ്വാസം തോന്നി. മനസ്സിൽ നിറഞ്ഞ നിർവൃതി.

**(സുൽത്താൻ വീട് - പി. എ. മുഹമ്മദ് കോയ)**

## വായിക്കാം പറയാം

- അടുക്കളയിൽ ചട്ടിപ്പത്തിരിയുണ്ടാക്കാൻ ഉപയോഗിക്കുന്ന കുറേ ഉപകരണങ്ങളുണ്ട്. ഏതെല്ലാമാണവ?
- "ഏറെ കുട്ടികളുള്ള പുരയാണ്. കുട്ടികളുടെ കൈകൾ എല്ലായിടത്തും എത്തും". ഇങ്ങനെ പറഞ്ഞത് ഏതു സന്ദർഭത്തിലാണ്? ഇങ്ങനെ പറയാൻ കാരണം എന്ത്?
- "ഞാൻ മരിച്ചപോലെ മറന്ന്വോയി". ഈ വാക്യം അർഥമാക്കുന്നതെന്ത്?
- "എന്താ, ജനിച്ചിട്ട് ചട്ടിപ്പത്തിരി കാണാത്തതല്ലേ? ഹല്ല പിന്നെ!" ആരാണിങ്ങനെ പറഞ്ഞത്? എപ്പോൾ?
- "ബിച്ചായിശേയിത്താത്ത അതു കേട്ടില്ല. അതെന്നല്ല ലോകത്തിലെ മറ്റൊരൊച്ച യും കേട്ടില്ല". എന്താവും കാരണം?
- "പലഹാരങ്ങളുടെ താജ് പണിത ആ കൈകൾക്ക് ആശ്വാസം തോന്നി". എന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്? ഇവിടെ താജ് എന്നു വിശേഷിപ്പിച്ചിരി ക്കുന്നത് എന്തിനെ?

## നാടൻ പദങ്ങളും പ്രയോഗങ്ങളും

റാത്തൽ, സേർ, പൊതിരുക, തെരത്തുപോകുക, മറതി... ഇങ്ങനെ ഒട്ടേറെ നാട്ടുഭാഷാപദങ്ങൾ ഈ പാഠഭാഗത്തുണ്ട്. പാഠഭാഗത്തെ ഇത്തരം പദങ്ങളും അവയുടെ അർഥവും കണ്ടെത്തി ചാർട്ടിലെഴുതി ക്ലാസിൽ പ്രദർശിപ്പിക്കൂ.

## താജ് പണിയുന്ന താത്ത

പലഹാരങ്ങളുടെ താജ് പണിയുന്ന ബിച്ചായിശേയിത്താത്തയെ ഈ കഥ വായിക്കാത്ത കൂട്ടുകാർക്ക് പരിചയപ്പെടുത്തുന്നതിനായി ഒരു കത്തെഴുതൂ.

## അടുക്കള ആരുടേതാണ്?

"എല്ലാത്തിനും ഞാന്തന്നെ മേണംന്ന് ബെച്ചാലോ? ങ്ങളൊക്കെ ഇതൊക്കെ പടിക്കണ്ടേ? എല്ലാ കാലത്തും ചട്ടിപ്പത്തിരി ചുടാൻ ഉമ്മണ്ടാവ്വോ?"

ബിച്ചായിശേയിത്താത്ത തന്റെ പെൺമക്കളോടു പറയുന്ന ഈ വാക്കുകൾ ശ്രദ്ധിച്ചിരിക്കുമല്ലോ.

ആൺമക്കൾക്കും ഇതു ബാധകമല്ലേ?

അടുക്കള എന്ന കവിതയിൽ "ആരു മറന്നുവച്ചൂ, ഈ അടുക്കള? ഒരുപക്ഷേ, എന്റെ അമ്മയുടെ അമ്മയുടെ അമ്മയുടെ ജീവിച്ചിരുന്നിരിക്കാൻപോലും ഇടയില്ലാത്ത അമ്മയുടെ അമ്മയായിരിക്കാം." എന്ന വരികളും ഇതിനോടു ചേർത്തുവായിക്കേണ്ടതാണ്.

നിങ്ങളുടെ അഭിപ്രായങ്ങൾ യുക്തിപൂർവം അവതരിപ്പിക്കാനായി **അടുക്കള ആരുടേതാണ്** എന്ന വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കൂ.

## അഭിനയിക്കാം

നിങ്ങളുടെ ചിന്തയിലുള്ള മാറിയ അടുക്കളയെ അഭിനയത്തിലൂടെ അവതരിപ്പിക്കുക.

*പ്രാദേശികമായ വ്യത്യാസങ്ങളും നിറവും മണവും സ്വാദുംമാത്രം ചേർന്നതാണോ ഭക്ഷണം? മറ്റെന്തെല്ലാം അതിലലിഞ്ഞുചേർന്നിട്ടുണ്ട്?*

# കൊയക്കട്ട

മുനിഞ്ഞു കത്തുന്നു മിന്നാ-
മിനുങ്ങുപോൽ ചിമ്മിനിക്കൂ-
ടകലെയായ് കൂരതോറും
മലഞ്ചെരിവിൽ.
മഴ ചിന്നിത്തെറിക്കുന്ന
ചായ്പിലൊറ്റയ്ക്കിരുന്നു ഞാൻ
വഴിവക്കിൽ മിഴിനട്ടു
കാത്തിരിക്കുന്നു.

ചരൽക്കുന്നു കയറിയു-
മിറങ്ങിയും മരങ്ങൾത-
ന്നിടയിലൂടൊരു രൂപം
തെളിയുന്നുണ്ടോ?
വരുന്നുണ്ടോ വരുന്നുണ്ടോ
പാടമേറി വരമ്പേറി
വലിയമ്മ, നേരമേറെ
മോന്തിയായല്ലോ!

സ്മരണയിൽ മണക്കുന്നു
കൊതിയൂറും കൊയക്കട്ട
മടിക്കുത്തിൽ ഭദ്രമായി-
പ്പൊതിഞ്ഞുകെട്ടി
മഴയത്തു നനഞ്ഞൊട്ടി
വലിയമ്മ വരുമിപ്പോൾ
കൊരമ്പയും ചൂടി വയൽ-
വരമ്പിലൂടെ.

വലിയമ്മ വന്നപാടേ
പണിയിടങ്ങളിൽനിന്നും
കരുതിയ പലഹാര-
പ്പൊതി തുറക്കാൻ
ഇറയത്തു മിഴിനട്ടു
ചെറുമക്കൾ ഞങ്ങളന്ന്
കൊതിയോടെ കാത്തിരുന്ന
മധുരബാല്യം.



അതിലുണ്ട് വാത്സല്യത്തിൻ
പാൽനിലാവ്, ജന്മാന്തര-
സുകൃതത്തിൻ ഹരിതാഭ
നിറഞ്ഞ പാടം.
അതിലുണ്ട് മണ്ണിന്നാഴം
തൊടും താളം, വാനിനോളം
പടരുന്ന തണൽവൃക്ഷ-
ക്കുളിർപ്പടർപ്പും.
അതിലുണ്ട് പഴങ്കഥ-
പ്പാട്ടു മൂളും നാട്ടിന്നീണം,
കടങ്കഥപ്പൊരുൾ, ജീവൽ-
പ്രപഞ്ചപാഠം.

പനി വന്നാൽ നെറ്റിതൊട്ടു
നനവാർന്ന ശീലവച്ചു
തണുപ്പിക്കും കരസ്പർശ-
ക്കുളിരുമുണ്ട്.
മുറിവേറ്റാലിലപ്പച്ച
പിഴിഞ്ഞിറ്റിച്ചതിൻ നീറ്റൽ
ശമിപ്പിക്കും നാട്ടുവൈദ്യ-
പ്പെരുമയുണ്ട്.

അകന്നുപോയ് അവയെല്ലാം,
വലിയമ്മ മറവിതൻ
കരിമ്പടം പുതച്ചെങ്ങോ
മറഞ്ഞുപോയി.
വയലുകൾ നികന്നെങ്ങും
നഗരത്തിവിഭവങ്ങൾ
വിളമ്പുന്ന മണിമേട-
യുയർന്നു വാനിൽ!

പല ദേശങ്ങളിൽനിന്നും
വിലയേറും പലഹാരം
പലതും ഞാനതിൽപ്പിന്നെ-
ക്കഴിച്ചെന്നാലും

വലിയമ്മ കൊണ്ടുവന്ന
കൊയക്കട്ടയോളമൊന്നും
പകർന്നില്ല രുചിയെന്നിൽ,
സ്മൃതിയിൽ, ഹൃത്തിൽ.

(കൊയക്കട്ട - ദിവാകരൻ വിഷ്ണുമംഗലം)



## കവിത ചൊല്ലാം

കവിത ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കൂ.

നിങ്ങൾക്കേറെ പരിചിതമായ താളവും ഈണവുമാണ് ഈ കവിതയ്ക്കുള്ളത്. ഇതേ താളത്തിലുള്ള പല കവിതകളും പാട്ടുകളും നിങ്ങൾ കേട്ടിട്ടുണ്ട്. സമാനതാളമുള്ള പാട്ടുകളും കവിതകളും കണ്ടെത്തി അവതരിപ്പിക്കുമല്ലോ.

## കവിതയിലെന്തെല്ലാം കാര്യങ്ങൾ?

- മലഞ്ചെരിവിലെ കൊച്ചുവീടുകളിൽ കത്തുന്ന വിളക്കുകളെ കവിതയിൽ എങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു?
- 'നേരമേറെ മോന്തിയായല്ലോ' എന്ന് ആശങ്കപ്പെടാൻ എന്താവും കാരണം?
- വലിയമ്മ കൊണ്ടുവരുന്ന കൊയക്കട്ടയിൽ രുചിക്കപ്പുറം എന്തെല്ലാം അടങ്ങിയിട്ടുണ്ട്?
- വലിയമ്മയുടെ കൈകളുടെ സ്പർശത്തെ എങ്ങനെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്?
- പ്രകൃതിയിലും ജീവിതത്തിലും വന്നുചേർന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തൂ.

## ചിത്രംവരയ്ക്കുന്ന വാക്കുകൾ

മുനിഞ്ഞു കത്തുന്നു മിന്നാ-
മിനുങ്ങുപോൽ ചിമ്മിനിക്കൂ-
ടകലെയായ് കൂരതോറും
മലഞ്ചെരിവിൽ.

ഈ വരികളിൽ ഒരു ചിത്രം തെളിയുന്നുണ്ടല്ലോ. വയൽവരമ്പിലൂടെ വരുന്ന വലിയമ്മയുടെ ചിത്രവും കവിതയിൽ കാണാം.

ഇതുപോലെ നിങ്ങൾക്കു പ്രിയപ്പെട്ട ഒരു കാഴ്ചയെ, അല്ലെങ്കിൽ പ്രിയപ്പെട്ട ഒരാളെ വാക്കുകൾകൊണ്ടുള്ള ഒരു ചിത്രമായി ആവിഷ്കരിക്കൂ. ഗദ്യത്തിലും എഴുതാം.

## വരികളിൽ നിറയുന്ന സൗന്ദര്യം

സ്നേഹവും വാത്സല്യവും രുചിയും ഒത്തുചേർന്ന സുഖകരമായ അനുഭവമാണ് കവിത പകർന്നുതരുന്നത്.

"സ്മരണയിൽ മണക്കുന്നു കൊതിയൂറും കൊയക്കട്ട"

"അതിലുണ്ട് വാത്സല്യത്തിൻ പാൽനിലാവ്"

ഇങ്ങനെ സുന്ദരമായ ഒട്ടേറെ പ്രയോഗങ്ങൾ കവിതയിലുണ്ട്. വരികളിൽ നിറയുന്ന സൗന്ദര്യം കണ്ടെത്തി കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

### പലഹാരപ്പൊതിയും നഗരത്തിവിഭവങ്ങളും

വീടുകളിൽ ഉണ്ടാക്കുന്ന പലഹാരങ്ങൾക്കു പകരം നഗരത്തിലെ ഭക്ഷ്യവിഭവങ്ങൾ പ്രചാരത്തിലായി. നമ്മുടെ ഭക്ഷണശീലങ്ങളിലും മാറ്റം വന്നു.

ഭക്ഷണവിഭവങ്ങളിലും ഭക്ഷണശീലത്തിലും വന്ന മാറ്റങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച നടത്തൂ.

ചർച്ചയിലൂടെ കണ്ടെത്തിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ചുമർപത്രം തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുമല്ലോ.

*ഒന്നിച്ച് ഭക്ഷണം തേടി*
*ഒന്നിച്ച് പാകപ്പെടുത്തി*
*ഒന്നിച്ച് കഴിക്കുന്ന രീതി എത്ര രസമായിരിക്കും!*

# കായെല്ലമു നെവേഞ്ചിമു തന്തിന്ത ചവി

## (മുളങ്കൂമ്പും നെവേഞ്ചിയും തന്നിരുന്ന രുചി)

കേരളത്തിലെ ആദിവാസികള് നല്ല വൃത്തിയുള്ള ഭക്ഷണം കഴിക്കുന്നവരാണ്. ഇലക്കറികൾ, പുഴയിൽനിന്നും പിടിക്കുന്ന മീനുകൾ, ഞണ്ട്, കാട്ടുചേമ്പ്, പുഴടെ ഉള്ളിലെ താള്, കാട്ടുപഴങ്ങൾ, മുളക്കൂമ്പ് ഇതൊക്കെ നല്ല പോഷകമുള്ള ആഹാരമാണ്. മുള പൂക്കുന്ന സമയമുണ്ട്. അപ്പൊ പോയി കൂമ്പ് നുള്ളി ചെറുതായി അരിഞ്ഞെടുക്കും. എന്നിട്ട് അത് ഉപ്പും മഞ്ഞളും ഇട്ട് പുഴുങ്ങി വെള്ളം ഊറ്റിക്കളയണം. അല്ലെങ്കി അതിന്റെ കട്ട് പോവില്ല. എണ്ണയൊഴിച്ച് കടുക് പൊട്ടിച്ച് ചെറിയ ഉള്ളി അരിഞ്ഞിട്ട് കറിവേപ്പിലയും കാന്താരിയും ഇട്ട്, വേവിച്ച മുള ചേർത്ത് ഒന്നൂടി വേവിച്ച് കഴിക്കാം. പണ്ടുള്ളവർക്ക് വെളിച്ചെണ്ണയും ഉള്ളിയും ഒന്നുമില്ല. അവര് മൃഗങ്ങളുടെ നെയ്യിലാ വേവിച്ച മുളക്കൂമ്പ് താളിക്കുന്നത്.

നെവേഞ്ചിന്ന് പറയുന്ന ഒരു സാധനമുണ്ട്. ഞങ്ങടെ പ്രിയപ്പെട്ട ഭക്ഷണമാണത്. നെവേഞ്ചി വർഷത്തിലൊരിക്കലേ കിട്ടുള്ളൂ. പല വലുപ്പത്തിലും ഉണ്ടാവും. വേനൽക്കാലത്താ ഇത് കിട്ടുന്നത്. ഏപ്രിൽ മാസം തൊടങ്ങുമ്പോ, പുഴയിലെ വെള്ളം വറ്റില്ലേ? അപ്പോഴാണ് നെവേഞ്ചി കിട്ടുക.

ഞങ്ങടെ ഊരിലൊന്നും അപ്പോ ആരും ഉണ്ടാവില്ല. എല്ലാവരും നെവേഞ്ചി പെറുക്കാൻ കാട്ടില് പോവും. സ്ത്രീയെന്നോ പുരുഷനെന്നോ ഞങ്ങക്ക് വ്യത്യാസമില്ല. സ്ത്രീകളും ഇത്തിരിപ്പോന്ന കുട്ടികളും നെവേഞ്ചി മുങ്ങിയെടുക്കും. കൊണ്ടുവന്നിട്ടത് ഉപ്പും മഞ്ഞളുമിട്ട് പുഴുങ്ങും. എന്നിട്ട് വെള്ളം ഊറ്റിക്കളയും.



തോടിലുള്ള കറകളൊക്കെ പോണം. ഉള്ളിലെ എറച്ചി വെന്താല് കൂടെ ഞണ്ടു ചേർക്കും. ചെലോര് പരേങ്ങേക്കായ് (പപ്പായ) ചേർക്കും. ചക്കരക്കായ് ചേർത്താലും സ്വാദാണ്. ഈ നെവേഞ്ചിയുടെ പുറകുവശം നീണ്ട് നിക്കുന്നുണ്ടാവും, അത് പൊട്ടിച്ചു കളയണം. മൊളകുപൊടി, ചമ്പരവിത്ത് അരച്ചത് (മല്ലിപ്പൊടി) അതൊക്കെ ഇടണം. നെവേഞ്ചിക്ക് നല്ല എരിവ് വേണം. വെന്തുകഴിയുമ്പോ കൂടെ ചേർത്തു വേവിച്ച പച്ചക്കറിക്കായ് വെന്ത് നെവേഞ്ചിയുടെ ഉള്ളിലേക്ക് കേറിയിരിക്കും. ചൂട് പോവുമ്പോഴേക്കും കഴിച്ചുതുടങ്ങണം. ചോറിന്റെ കൂടെയല്ലാതെ വെറുതേം കഴിക്കാം.

(ബേത്തിമാരൻ - സുകുമാരൻ ചാലിഗദ്ധ)



## വായിക്കാം പറയാം

- ഈ പാഠത്തിൽ പറഞ്ഞിരിക്കുന്ന ഭക്ഷണവിഭവങ്ങളെന്തെല്ലാം?
- മുളങ്കൂമ്പിലെ കട്ട് പോകാൻ എന്താണ് ചെയ്യുന്നത്?
- 'ഞങ്ങടെ ഊരിലൊന്നും അപ്പോ ആരും ഉണ്ടാവില്ല' - എന്താണ് കാരണം?
- നെവേഞ്ചി പെറുക്കുന്നതിലെ പ്രത്യേകത എന്ത്?
- നെവേഞ്ചിയുടെ തോടിലെ കറപോകാൻ എന്താണ് ചെയ്യുന്നത്?

## നെവേഞ്ചിയുടെ രുചി

നെവേഞ്ചി ശേഖരിക്കുന്നതും പാകം ചെയ്യുന്നതും സുകുമാരൻ ചാലിഗദ്ധ വിവരിച്ചിട്ടുണ്ട്. ലേഖനം വായിച്ച് അതിനെക്കുറിച്ച് നിങ്ങളുടെ ഭാഷയിൽ ഒരു വിവരണം തയ്യാറാക്കൂ.

## ഹായ്, എന്തു രുചി!

ഓരോ നാടിന്റെയും നിറവും മണവും രുചിയുമെല്ലാം അവരുടെ തനതായ വിഭവങ്ങളിൽ അലിഞ്ഞുചേർന്നിരിക്കുന്നു. നിങ്ങളുടെ നാടിനും സ്വന്തമായ ഭക്ഷണവിഭവങ്ങളുണ്ടായിരിക്കുമല്ലോ.

അവയെപ്പറ്റി മുത്തശ്ശിമാരോടോ മുത്തച്ഛന്മാരോടോ മറ്റു മുതിർന്നവരോടോ അഭിമുഖസംഭാഷണം നടത്തൂ. ചോദ്യങ്ങൾ മുൻകൂട്ടി തയ്യാറാക്കണേ...

സംഭാഷണത്തിൽനിന്ന് മനസ്സിലാക്കിയ കാര്യങ്ങളും പാചകക്കുറിപ്പുകളും ചേർത്ത് ഒരു നാട്ടുരുചിപ്പതിപ്പ് തയ്യാറാക്കൂ.

2

# നടുകിൽ തിന്നാം





***എന്തെല്ലാം തൊഴിലുകൾ ചെയ്താണ്***
***നമ്മൾ ജീവിക്കുന്നത്?***

കന്നു തെളിച്ചും തൂമ്പ കിളച്ചും
കയറു പിരിച്ചും തുണി നെയ്തും
മണ്ണും സ്വർണ്ണവുമോടുമിരിമ്പും
മരവും തോലും പണിചെയ്തും
മുറ്റമടിച്ചും കൊയ്തുചുമന്നൊരു
കറ്റ മെതി,ച്ചരി കുത്തീട്ടും
വട്ടി പനമ്പും തൊപ്പിക്കുടയും
കൊട്ട മുറം പായിവ നെയ്തും
വിറകും വെട്ടി,ത്തോണി തുഴഞ്ഞി-
ട്ടാപ്പും കടിയും വിറ്റിട്ടും
മത്തി ചുമന്നും കൽകളുടച്ചും
മർത്ത്യപരിഷ്കൃതിചലനത്തെ,
ഇളതന്നൈശ്വര്യേഷണയെ, ശ്രമ-
ബലവത്താക്കിയ നേതാക്കൾ!

(ഇടിഞ്ഞുപൊളിഞ്ഞ ലോകം -
അക്കിത്തം)

## ചൊല്ലാം അഭിനയിക്കാം

കവിതാഭാഗം സംഘമായി ചൊല്ലൂ. തുടർന്ന് അതിൽ സൂചിപ്പിച്ചിരിക്കുന്ന തൊഴിലുകൾ ക്ലാസിൽ ഒറ്റയ്ക്കും സംഘമായും മൂകാഭിനയമായി (മൈം) അവതരിപ്പിക്കൂ...

***തൊഴിൽ തേടി പല സ്ഥലങ്ങളിലേക്ക് പോകുന്നവരെക്കുറിച്ചും***
***തൊഴിലിടങ്ങളിലെ അവരുടെ അനുഭവങ്ങളെക്കുറിച്ചും***
***പല കാര്യങ്ങളും നിങ്ങൾക്കറിയാം.***

ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന മലയാളികളുടെ ജീവിതം
അടുത്തറിഞ്ഞ ഒരു അറബി എഴുത്തുകാരന്റെ രചനയുടെ പരിഭാഷ

# കോയയുടെ ചെറിയ വസ്തുക്കൾ

ഒരു കപ്പു കാപ്പി കുടിച്ച് അല്ലലില്ലാത്ത മനസ്സുമായി അയാളിരുന്നു. ആ ദിവസം ഭാര്യയിൽനിന്നു ലഭിച്ച മനസ്സുനിറച്ച വാർത്തയിൽ അയാൾ സന്തുഷ്ടനായിരുന്നു. രാവിലെ മാർക്കറ്റിൽ പോയി, ജനക്കൂട്ടത്തിന്റെ ഭാഗമായി. അവിടെയെങ്ങും തെരുവുകച്ചവടക്കാർ ഇടം പിടിച്ചിരുന്നു. എല്ലാത്തരം വസ്ത്രങ്ങളും അവർ വില്പനയ്ക്കു വച്ചിരുന്നു. ആണുങ്ങളുടെയും പെണ്ണുങ്ങളുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ. അടിവസ്ത്രങ്ങളും മേൽവസ്ത്രങ്ങളും.



പുറത്തേക്കു പോകുന്നതിനു കുറച്ചു മുമ്പുവരെ അയാൾ സംശയിച്ചു നിൽക്കുകയായിരുന്നു.

ഒടുവിൽ അയാൾ ചോദിച്ചു: “മുതലാളീ, നൂറു ദിർഹം തരാമോ? മാസാവസാനം തിരിച്ചു നൽകാം.”

നൂറു ദിർഹം അയാളുടെ പോക്കറ്റിൽ ഭദ്രമായി. തളർന്ന ഹൃദയത്തിൽ അല്പം സന്തോഷം നിറഞ്ഞു. നൂറു ദിർഹം നോട്ടു പുറത്തെടുത്ത് വിരലുകൾക്കിടയിൽ മുറുക്കിപ്പിടിച്ചു. കൊടുംചൂടത്ത് ആ നോട്ട് വിയർപ്പിൽ നനഞ്ഞിരുന്നു.



കോയ വസ്തുക്കൂമ്പാരങ്ങളിലേക്കു നോക്കി. അന്ധാളിച്ച കണ്ണുകൾ ഒടുവിൽ ഒരു പച്ചപ്പെട്ടിയിൽ തങ്ങിനിന്നു. അതിൽ കുട്ടിയുടുപ്പും ട്രൗസറും മുന്നാരത്തുണിയുമാണു ണ്ടായിരുന്നത്. അയാൾ അതെടുത്തു. അതിൽനിന്ന് പറഞ്ഞറിയിക്കാനാവാത്ത ഒരു സുഗന്ധമുയരുന്നതായി അയാൾക്കനുഭവപ്പെട്ടു. വില നൽകി, കുട്ടിയുടുപ്പിന്റെ കൂട് നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട് നടന്നുനീങ്ങി. കുഞ്ഞിന്റെ ഉമ്മയ്ക്കും എന്തെങ്കിലും വാങ്ങണമല്ലോ എന്ന് അപ്പോഴാണ് അയാൾ ഓർത്തത്. ആ ചിന്ത അയാളെ അടുത്ത കടയിലേക്കു നയിച്ചു.

അയാളെത്തേടി ഒരു നല്ല വാർത്ത വന്നിട്ട് എത്രയോ നാളായിരുന്നു.

എന്നാൽ ഇന്നലെ വന്ന കത്തിൽ സുവാർത്തയായിരുന്നു. വിദൂരത്തുള്ള അയാളുടെ ഭാര്യ ഒരു കുഞ്ഞിനു ജന്മം നൽകിയിരിക്കുകയാണ്. ആ കത്ത് അയാൾ വീണ്ടും വീണ്ടും വായിച്ചു. അയാളുടെ നിശ്വാസങ്ങൾക്കു ചൂടേറി. അയാൾ കത്തിൽ ഉമ്മവച്ചു. കടലാസ് നിവർത്തി മറുപടി എഴുതാൻ തുടങ്ങി.

ഭാര്യയുടെ കത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "ഒരു മാസത്തേയ്ക്ക് എനിക്കു ജോലിക്കൊന്നും പോകാനാകില്ല. അതിനാൽ വീട്ടുചെലവിനും കുഞ്ഞിന്റെ കാര്യങ്ങൾ നോക്കാനുമുള്ള പണം മുഴുവനായും അയയ്ക്കണം." അതു കുഴപ്പമില്ല, അയാൾ മനസ്സിൽ പറഞ്ഞു.

മറുപടി അയാൾ ഇങ്ങനെയാണ് തുടങ്ങിയത് : "അവന് അബ്ദുല്ല കോയ എന്നു പേരിടുക. അല്ലെങ്കിൽ ഈസ..... വേണ്ട, വേണ്ട, മുഹമ്മദ് കോയ. നീ അവന് ഒരു പേരു കണ്ടുവെച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. ഈ സമയത്ത് നിനക്കൊപ്പമുണ്ടാകണമെന്നുണ്ട്. പക്ഷേ, നിനക്കറിയാമല്ലോ, എനിക്കാകെ ചെയ്യാൻ കഴിയുക ഇവിടെ ജോലി ചെയ്യുക എന്നതു മാത്രമാണ്."

അയാൾ എഴുത്തു നിർത്തി. ഭാര്യയുടെ കത്തു കിട്ടിയപ്പോൾ മുതലാളിക്കടുത്തേക്ക് ഓടിച്ചെന്നു ചിരിച്ചുകൊണ്ടു പറഞ്ഞത് ഓർത്തു. "മുതലാളീ, എനിക്കൊരു മകൻ പിറന്നു. മൂത്ത ഒരാൺകുട്ടിയുണ്ടായിരുന്നു. അവൻ ട്രെയിൻ തട്ടി മരിച്ചു, പതിനാലു കൊല്ലം മുമ്പ്. ഇതാ ഇപ്പോൾ..." മുതലാളി അയാളെ അഭിനന്ദിച്ചു കടന്നുപോയി. കോയ അവിടെ നിന്നു.

അയാളുടെ ഹൃദയം സന്തോഷത്താലും പ്രതീക്ഷകളാലും നിറഞ്ഞിരുന്നു.

അയാൾ കത്തിൽ കൂട്ടിച്ചേർത്തു: "കുഞ്ഞിനെയും നിന്നെയും എത്രയും പെട്ടെന്നു വന്നു കാണാൻ ഞാൻ ശ്രമിക്കും. ഞാൻ സാധനങ്ങൾ തപാലിലാണ് അയക്കുന്നത്. കുഞ്ഞിനെ നന്നായി നോക്കുക. ഇനി എന്താണ് പറയേണ്ടത് എന്ന് എനിക്കറിയില്ല... എനിക്കറിയില്ല" അയാളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

സാവധാനം, എഴുത്തു നിർത്തി, അയാൾ ഭാര്യക്കു വാങ്ങിച്ച സാധനങ്ങൾ പെട്ടിയിലാക്കി ഒരു ബ്രൗൺ കടലാസുകൊണ്ടു പൊതിഞ്ഞു.

രാത്രി ഒമ്പതു മണിയായി. കോയയുടെ മുറിയിൽ നിശ്ചലത തളംകെട്ടിനിന്നു. അവിടെയുണ്ടായിരുന്ന ട്രങ്കുപെട്ടിയും നിറംമങ്ങിയ തറവിരിപ്പുമൊഴിച്ചു മറ്റിടമെല്ലാം ശൂന്യമായിരുന്നു. അയാൾ ദീർഘനിശ്വാസങ്ങൾ വിട്ടുകൊണ്ടിരുന്നു. അപ്പോൾ ആരോ മുട്ടിവിളിച്ചു ചോദിച്ചു: "ഭക്ഷണം കഴിക്കുന്നില്ലേ?"

അയാൾ പ്രിയപ്പെട്ട വസ്തുക്കൾ മുറിയിൽ വച്ച് മുരളി, ജോസഫ്, സിംഗ്, ഗുൽ സാദിഹ് എന്നിവരോടൊപ്പമിരുന്നു. കുബ്ബൂസ് റൊട്ടിയും കറികളും മുന്നിലുണ്ടായിരുന്നു. അയാൾ ആശ്ചര്യത്തോടെ സംസാരിക്കാൻ തുടങ്ങി. പക്ഷേ മറ്റുള്ളവർ അതു ശ്രദ്ധിച്ചതേയില്ല. "പതിനാലു വർഷത്തെ കാത്തിരിപ്പിനുശേഷം അവൻ വന്നു. ദൈവമേ, ഞാൻ സന്തുഷ്ടനാണ്." മുറിയിൽ തിരിച്ചെത്തി അയാൾ കത്തെഴുത്തു തുടർന്നു: "പതിനാലു വർഷങ്ങൾ! അവൻ വന്നു. അവന് നിനക്കിഷ്ടമുള്ള പേരിടുക. ദൈവം മുഹമ്മദ് കോയയ്ക്കു പകരം തന്നതാണവനെ. പതിനാലു



വർഷങ്ങൾക്കുമുമ്പ് ഇരുമ്പുപാളങ്ങൾ വിഴുങ്ങിയ മുഹമ്മദ് കോയയ്ക്കു പകരം!"

പിറ്റേന്ന് അയാൾ പാഴ്സലുമായി തെരുവിലേക്കിറങ്ങി. മകനെക്കുറിച്ചും ഭാര്യയെക്കുറിച്ചും മാത്രമാണ് അയാൾ ഓർത്തത്. അയാളുടെ ഭാര്യ പാഴ്സൽ തുറന്ന് കത്തു വായിച്ചു വിതുമ്പും. ഇളംപൈതലിനോടു പറയും: "നിന്റെ ഉപ്പ ഇതാ നിനക്കു കുഞ്ഞുടുപ്പുകൾ കൊടുത്തയച്ചിരിക്കുന്നു".

മാസം പകുതിയേ ആയിട്ടുള്ളൂ. അടുത്തൊന്നും നാട്ടിലേക്കു പോകുന്ന കാര്യം അയാൾ ആലോചിച്ചിട്ടേയില്ല. അതിനാലാണ് പാഴ്സൽ അയയ്ക്കാനുള്ള തീരുമാനത്തിൽ കോയ എത്തിയത്.

ആളുകൾ പോസ്റ്റ് ഓഫീസിനകത്തേക്കു വരികയും പോവുകയും ചെയ്യുന്നുണ്ടായിരുന്നു. ഇനി അമ്പതു ദിർഹംകൂടി വേണം. കോയ ആണിയടിച്ചു തറച്ചതുപോലെ അവിടെ നിന്നു. അയാൾക്ക് പെട്ടെന്നു ക്ഷീണം തോന്നി. നടപ്പാതയിൽ അല്പനേരം കുത്തിയിരിക്കേ പാഴ്സൽ കൈയിൽ നിന്നും മടിയിലേക്കു വീണു. പാഴ്സൽ കേരളത്തിലേക്ക് അയയ്ക്കാനുള്ള ചാർജ് തികയില്ല.

അമ്പതു ദിർഹംകൂടി... പക്ഷേ, എവിടുന്നു കിട്ടും? നടപ്പാതയിൽ ജനം പെരുകി. ചൂടും ശബ്ദങ്ങളും ഈച്ചകളും നിറഞ്ഞു. പതുക്കെ അയാളുടെ ആഹ്ലാദം കെട്ടടങ്ങി. സന്തോഷത്തിന്റെ അവസാനബിന്ദു കാറ്റ് പൊടി പറത്തിക്കളയുന്നതുപോലെ ഇല്ലാതായി.

ആ നിമിഷത്തിന്റെ കയ്പ് എല്ലാം തുലച്ചു. ഇളംകുഞ്ഞിന്റെ മേനിയുടെ സുഗന്ധം അയാളുടെ മൂക്കിലേക്കു കടന്നുവരാതായി. ബാക്കിയായത് അയാളുടെ ഭാര്യയുടെ കണ്ണീർ, വർഷങ്ങളായി തുടരുന്ന ദുരിതങ്ങൾ, മനസ്സുമടുപ്പിന്റെ കയ്പ്, ഏകാന്തതയുടെ മുൾശിഖരങ്ങൾ, റോഡുപണിക്കാരനായി കഴിഞ്ഞ വർഷങ്ങൾ. ഈ നടപ്പാത, ഈ തെരുവ് എല്ലാം നിർമ്മിച്ചത് കോയയും സഹപ്രവർത്തകരുമാണ്. രാത്രി ഏറെ നേരം അലക്ഷ്യനായി അയാൾ നടന്നു. പെട്ടെന്ന് പ്രതീക്ഷയുടെയും ശുഭാപ്തിവിശ്വാസത്തിന്റെയും തരി അയാളുടെ ഉള്ളിൽ വീണു.

പിറ്റേന്നു രാവിലെ ക്ഷീണിച്ച കാലുകളുമായി അയാൾ മാർക്കറ്റിലേക്കു നടന്നു. ജനങ്ങൾ അവിടേക്കു വന്നു തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. തെരുവുകച്ചവടക്കാരനോടു കോയ ചോദിച്ചു: "ഈ സാധനങ്ങൾ നിങ്ങൾ തിരിച്ചെടുക്കുമോ? ഇന്നലെയാണ് ഞാനിതു നിങ്ങളുടെ കൈയിൽ നിന്നും വാങ്ങിയത്". കച്ചവടക്കാരൻ അയാളെ നോക്കിയതേയില്ല. അയാൾ ജനങ്ങളെ ആകർഷിക്കാൻ വിളിച്ചു പറയാൻ തുടങ്ങി.

കോയ ആത്മഗതമെന്നോണം സ്വരം താഴ്ത്തിപ്പറഞ്ഞു: "അവൾക്ക് പിന്നീടയയ്ക്കാം. കുട്ടിക്കുള്ളത് അയയ്ക്കാൻ ഉമ്മയ്ക്കു വാങ്ങിയതിന്റെ വില മതിയാകും".

അയാൾ മാർക്കറ്റിൽ ചുറ്റിനടന്ന് ഇരിക്കാൻ സ്ഥലം കണ്ടെത്തി.

ഭാര്യക്കുവേണ്ടി വാങ്ങിച്ച വസ്തുക്കൾ വിൽക്കാനായി നിരത്തി. പക്ഷേ, ആരും അതു വാങ്ങിയില്ല. ഓരോരുത്തരോടായി അയാൾ കേണു: “ഇതു നല്ല തുണിയാണ്. ഇന്നലെ നാല്പതിനു വാങ്ങിയതാണ്, മുപ്പതിനു തരാം” ഒരാൾ കടന്നുപോയി, എല്ലാവരും കടന്നുപോയി, ആരും അയാളുടെ അടുത്തേക്കു വന്നില്ല...

“ഇത് ഞാൻ എന്റെ ഭാര്യക്കു സമ്മാനമായി വാങ്ങിയതാണ് ” അയാൾ ഏകനായി, തന്റെ കൈയിലുള്ള വസ്തുക്കൾ ശൂന്യതയിൽ പ്രദർശിപ്പിക്കുന്ന ഒരാളായി മാറി. ദേഷ്യംകൊണ്ടു വിറച്ചു. ദുഃഖവും കയ്പും നിറഞ്ഞു. സന്തോഷം മറന്നു. ഭാര്യയെയും മകനെയും മറന്നു. ലക്ഷ്യമില്ലാതെ അലയാൻ തുടങ്ങി. അതു വാങ്ങാൻ ആരുമുണ്ടായിരുന്നില്ല.

കോയ വൻനഗരത്തിന്റെ തെരുവുകളിലൂടെ കൈയിലുള്ള സാധനങ്ങൾ വിൽക്കാൻ ശ്രമിച്ചുകൊണ്ടു നടത്തം തുടരുകയാണ്.



(അബ്ദുൽ ഹാമിദ് അഹ്മദ്
പരിഭാഷ : വി. മുസഫർ അഹമ്മദ് -
കുടിയേറ്റക്കാരന്റെ വീട് )

## കഥയിൽ കണ്ടത്

- ‘ആ ദിവസം ഭാര്യയിൽനിന്നു ലഭിച്ച മനസ്സുനിറച്ച വാർത്തയിൽ അയാൾ സന്തുഷ്ടനായിരുന്നു’. വാർത്ത എന്തായിരുന്നു?
- അയാളുടെ ഹൃദയം സന്തോഷത്താലും പ്രതീക്ഷകളാലും നിറഞ്ഞിരുന്നു. കാരണമെന്ത്?
- കോയയുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പിയതെപ്പോൾ?
- ‘പതുക്കെ അയാളുടെ ആഹ്ലാദം കെട്ടടങ്ങി’. എന്തുകൊണ്ട്?
- ഭാര്യക്കുവേണ്ടി വാങ്ങിയ വസ്തുക്കൾ വിൽക്കുന്നതിലേക്ക് കോയയെ നയിച്ച സാഹചര്യം എന്തായിരുന്നു?

## വാക്കുകൾക്കുമപ്പുറം

കോയയുടെ മുറിയിലെ അനക്കമില്ലാത്ത അവസ്ഥ കഥാകൃത്ത് ആവിഷ്കരിക്കുന്നത് നോക്കൂ.

'കോയയുടെ മുറിയിൽ നിശ്ചലത തളംകെട്ടിനിന്നു.'

ഇങ്ങനെ പറയുന്നതിലെ സവിശേഷതയെന്ത്? ചർച്ചചെയ്യൂ.

ഇതുപോലുള്ള പ്രയോഗങ്ങൾ കഥയിൽ ഇനിയുമുണ്ട്. അവ കണ്ടെത്തി എഴുതുക. അവയുടെ പ്രത്യേകതകൾ ചർച്ചചെയ്യുമല്ലോ.

## കഥയരങ്ങ്

കഥയിലെ അവസാനവാക്യം നോക്കൂ:

കോയ വൻനഗരത്തിന്റെ തെരുവുകളിലൂടെ കൈയിലുള്ള സാധനങ്ങൾ വിൽക്കാൻ ശ്രമിച്ചുകൊണ്ട് നടത്തം തുടരുകയാണ്.

കഥ ഇവിടെ അവസാനിക്കുന്നുണ്ടോ?

വൻനഗരം, തെരുവ്, കൈയിലുള്ള സാധനങ്ങൾ വിൽക്കൽ തുടങ്ങിയ സൂചനകൾ ശ്രദ്ധിക്കൂ. ഇത് കോയയുടെ മാത്രം കഥയാണോ?

നിങ്ങളുടെ ചിന്തകളെല്ലാം ചേർത്ത് ഒരു കഥയെഴുതിനോക്കൂ...

കഥകൾ ക്ലാസിലെ കഥയരങ്ങിൽ അവതരിപ്പിക്കുമല്ലോ.

## വാക്കുകൾ കൂടിച്ചേരുമ്പോൾ...

- അല്ലൽ ഇല്ലാത്ത മനസ്സും ആയി അയാൾ ഇരുന്നു.
- അല്ലലില്ലാത്ത മനസ്സുമായി അയാളിരുന്നു.

ഈ രണ്ടു വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണ്?

ഇങ്ങനെ ഒന്നിലേറെ വാക്കുകൾ കൂട്ടിച്ചേർത്തു പറയുകയും എഴുതുകയും പതിവാണ്. ഇങ്ങനെ ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

ഇതുപോലെ ധാരാളം വാക്യങ്ങൾ പാഠത്തിലുണ്ട്. അവ കണ്ടെത്തി, ഏതെല്ലാം വാക്കുകൾ ചേർന്നാണ് അവ രൂപപ്പെട്ടതെന്ന് എഴുതൂ.

## കഥ നാടകമാക്കാം

ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി ഈ കഥ നാടകമാക്കി ക്ലാസ് പി.ടി.എ. യിലോ വിദ്യാരംഗം സാഹിത്യവേദിയിലോ അവതരിപ്പിക്കൂ.

*ദരിദ്രരുള്ള നാട്ടിൽ വിശപ്പുതന്നെ സമരായുധമാക്കിയ*
*ഗാന്ധിജിയുടെ ജീവിതവഴിയിലെ ഒരു കാഴ്ച.*

# ഗാന്ധിജിയുടെ അതിഥി

പുകൾപെറും വാർധയിലന്നൊരു നാൾ
പുലരിക്കതിരിനോടൊപ്പമൊപ്പം
പടികടന്നാശ്രമത്തിന്റെ നേർക്കായ്
ഒരു പിഞ്ചുകാലടിപ്പാടു കാണായ്.

കീറിപ്പൊളിഞ്ഞതവന്റെ വേഷം,
ഏറെത്തളർന്നു കുഴഞ്ഞ ഭാവം,
ചുറ്റുമണഞ്ഞു ചോദ്യങ്ങൾ തൂകും
ഉത്സുകരാകും മുഖങ്ങളോടായ്
ഉത്തരമൊന്നേ പറഞ്ഞിതുണ്ണി:
'ഇക്ഷണം ബാപ്പുവെ കണ്ടിടേണം!'

പത്തുനൂറാൾക്കാർ വരിവരിയായ്
തിക്കിനിൽക്കും കാര്യശാലയിങ്കൽ
ഒരു കൊച്ചുപായമേൽ പുഞ്ചിരിനൂൽ-
ത്തിരി നൂറ്റിരിക്കുന്ന കർമ്മയോഗി
അക്കൊച്ചുസന്ദർശകനെ നേരിൽ
വെക്കമടുക്കൽ വിളിച്ചിരുത്തി
തൃക്കരംകൊണ്ടൊന്നുഴിഞ്ഞവാറേ
ഗദ്ഗദംകൊണ്ടു മൊഴിഞ്ഞിതുണ്ണി:
"പോയിതെന്നച്ഛനുമമ്മയും, ഞാൻ
ഏകൻ, എനിക്കിനിയാരുമില്ല."
തുടരാൻ കഴിഞ്ഞില്ല കണ്ണുനീരാൽ,
ഇടരാറ്റുമാറപ്പോളോതി താതൻ:
"കുഞ്ഞേ, നിനക്കുള്ളതാണീക്കാണും
ഞങ്ങളും, നമ്മുടെയാശ്രമവും.
ഇവിടെ നീയെന്നോമലുണ്ണി, വേറി-
ട്ടിനിമേൽ നീയെങ്ങുമേ പോയിടേണ്ട!"

നേതാക്കൾ, പത്രക്കാർ, ചക്രവർത്തി-
ദൂതന്മാർ, എല്ലാം പിരിഞ്ഞുപോകേ
മഴ പെയ്തുതീർന്നിട്ടും വീശിനിൽക്കും
കുളിർതെന്നൽപോലവൻ മാത്രമായി.
അക്ഷീണമന്ദസ്മിതവുമായി-
ട്ടപ്പൊഴും നൂൽക്കും ഗുരുവുരച്ചു:

'മകനേ, പറഞ്ഞോളൂ വേണ്ടകാര്യം!'
അരികിലണഞ്ഞു പറഞ്ഞിതുണ്ണി:
"അറിയില്ലെനിക്കൊരു വേലപോലും,
അലസനായെമ്മട്ടു പാർത്തിടും ഞാൻ?"
ഉതിരുമഭിമാനബാഷ്പമോടേ
മുകരുകയായ് താതനുണ്ണിതന്നെ:



'ഒന്നല്ല, പത്തല്ല, കുഞ്ഞേ, മക്കൾ
ഒരു നൂറു കോടിയെ പോറ്റിയിട്ടും
ഇനിയുമമ്മയ്ക്കു മടിത്തടത്തിൽ
ഇടമുണ്ടു നിങ്ങൾക്കു വേല നൽകാൻ.
ഉണ്ണിക്കരമിതു പെറ്റനാടിൻ
കണ്ണുനീരൊപ്പാൻ കരുത്തിയന്നാൽ
അമ്മയ്ക്കു പിന്നെന്തു ദുഃഖം, അമ്മ-
യുള്ളപ്പോൾ നമ്മൾക്കുമെന്തു ദുഃഖം?'

(തുളസീദളങ്ങൾ -
വിഷ്ണുനാരായണൻ നമ്പൂതിരി)

## ഈണത്തിൽ, താളത്തിൽ

കവിത ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കൂ. അവതരണങ്ങളുടെ വീഡിയോ ചിത്രീകരിച്ച് സമൂഹമാധ്യമങ്ങളിലൂടെ പങ്കിടുമല്ലോ.

## കവിതയ്ക്കൊപ്പം

- വാർധയിലെ ആശ്രമത്തിൽ വന്നെത്തിയ കുട്ടിയുടെ രൂപഭാവങ്ങൾ എങ്ങനെയായിരുന്നു?
- ചുറ്റുമണഞ്ഞ് ചോദ്യങ്ങളുതിർത്തവരോട് കുട്ടി പറഞ്ഞതെന്താണ്?
- കുട്ടി കണ്ട ഗാന്ധിജിയെ കവി എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്?
- 'പോയിതെന്നച്ഛനുമമ്മയും, ഞാൻ ഏകൻ, എനിക്കിനിയാരുമില്ല' എന്നു സങ്കടപ്പെട്ട കുട്ടിയെ ഗാന്ധിജി സമാധാനിപ്പിച്ചതെങ്ങനെ?
- "മകനേ, പറഞ്ഞോളൂ, വേണ്ടകാര്യം!" എന്നു ചോദിച്ച ഗാന്ധിജിയോട് കുട്ടി പറഞ്ഞതെന്തായിരുന്നു?
- 'ഇനിയുമമ്മയ്ക്കു മടിത്തടത്തിൽ ഇടമുണ്ടു നിങ്ങൾക്കു വേല നൽകാൻ' - ആരെയാണ് ഇവിടെ അമ്മയെന്നു പറഞ്ഞിരിക്കുന്നത്?

## പ്രയോഗാർഥം കണ്ടെത്തി എഴുതൂ...

പുലരിക്കതിരിനോടൊപ്പമൊപ്പം പടികടന്ന് -
പ്രഭാതത്തിൽ ആശ്രമത്തിന്റെ പടി കടന്നുവരുന്ന കുട്ടിക്ക് ഉദയസൂര്യനെപ്പോലെ തിളക്കമുണ്ടായിരുന്നു. ഒപ്പമൊപ്പം എന്ന പ്രയോഗംകൊണ്ട് കുട്ടിയുടെ തേജസ്സും കുട്ടി എത്തിയ സമയവും കവി ആവിഷ്കരിച്ചിരിക്കുന്നു.

ഇതുപോലെ,

- പുഞ്ചിരിനൂൽത്തിരി നൂറ്റിരിക്കുന്ന
- മഴ പെയ്തുതീർന്നിട്ടും വീശിനിൽക്കും കുളിർതെന്നൽപോലെ
- അക്ഷീണമന്ദസ്മിതവുമായി

**എന്നീ പ്രയോഗങ്ങളുടെ ചേർച്ചയും ഭംഗിയും ചർച്ചചെയ്ത് എഴുതൂ.**

### അമ്മയും നമ്മളും

ഉണ്ണിക്കരമിതു പെറ്റനാടിൻ
കണ്ണുനീരൊപ്പാൻ കരുത്തിയന്നാൽ
അമ്മയ്ക്കു പിന്നെന്തു ദുഃഖം? അമ്മ-
യുള്ളപ്പോൾ നമ്മൾക്കുമെന്തു ദുഃഖം?

ഈ വരികളിലെ ആശയം വിശകലനം ചെയ്ത് കുറിപ്പെഴുതൂ.

### രണ്ടു കുട്ടികൾ

"അറിയില്ലെനിക്കൊരു വേലപോലും,
അലസനായെന്മട്ടു പാർത്തിടും ഞാൻ?"

കുട്ടി ഗാന്ധിജിയോട് ഇങ്ങനെ സങ്കടം പറഞ്ഞത് ഓർമ്മയില്ലേ? ഇനി, ഈ കുറിപ്പു വായിക്കൂ.

## ഗാന്ധിജിയെ കണ്ട കുട്ടി

വർക്ക്ഷോപ്പിന്റെ ഒരറ്റത്തായി ഒരു അടുപ്പു കത്തിക്കൊണ്ടിരുന്നു. അതിന്റെ മുന്നിൽ ഒരാൺകുട്ടി ചപ്പാത്തിയുണ്ടാക്കിക്കൊണ്ടിരിക്കയാണ്. കൂട്ടുകാരെല്ലാം പണിയെടുത്തു ക്ഷീണിച്ചു വരുമ്പോഴേയ്ക്കും ആഹാരം തയ്യാറാക്കണം. അവൻ ജോലിയിൽ അങ്ങേയറ്റം മുഴുകിയാണിരുന്നത്. ഗാന്ധിജി അരികിലൂടെ കടന്നുപോയതൊന്നും ആ ബാലനറിഞ്ഞില്ല.

ഗാന്ധിജി വർക്ക്ഷോപ്പിനു പുറത്തേക്കു കടന്നു. അവിടെ മറ്റെല്ലാ കുട്ടികളും അദ്ദേഹത്തെ കാത്തുനിൽക്കുകയാണ്.

"കണ്ടോ, അവന്റെയൊരു കാര്യം? ഇത്ര അടുത്തുകൂടി പോയിട്ടും അവൻമാത്രം ഗാന്ധിജിയെ കണ്ടില്ല." കുട്ടികളിലൊരാൾ പറഞ്ഞു.

ഗാന്ധിജി അതു കേട്ടു. എല്ലാവരെയും നോക്കി പല്ലില്ലാത്ത മോണ കാട്ടി ചിരിച്ചുകൊണ്ടു പറഞ്ഞു: "മോനേ, ഇവിടെ എന്നെ ശരിയായി കണ്ടത് അതാ, അവൻ മാത്രമാണ്!"

**(നമ്മുടെ ബാപ്പുജി - എം. ഗീതാഞ്ജലി)**



കവിതയിലെ വരികളും ഗാന്ധിജിയെ കണ്ട കുട്ടി എന്ന കുറിപ്പും താരതമ്യംചെയ്ത് എഴുതൂ.

## കവിതകൾ ശേഖരിക്കാം, അവതരിപ്പിക്കാം

ഗാന്ധിജിയെക്കുറിച്ച് ധാരാളം കവിതകളുണ്ട്. സ്കൂൾ ലൈബ്രറിയിൽനിന്നും സമീപത്തെ വായനശാലയിൽനിന്നും ഗാന്ധിജിയെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കൂ. ക്ലാസിൽ അവതരിപ്പിക്കൂ.

***തൊഴിൽ തേടി കേരളത്തിലെത്തിയ ഒരു മറുനാടൻ കുടുംബത്തിലെ കൊച്ചുമിടുക്കിയെ നമുക്കൊന്ന് പരിചയപ്പെടാം.***

# തൊഴിലിന്റെ രുചി, ഭാഷയുടെയും...

പ്രിയപ്പെട്ട സവീ,

വല്ലപ്പോഴുമാണെങ്കിലും നിന്റെ കത്തുകൾ എനിക്കെപ്പോഴും ആവേശമാണ്. കത്തെഴുത്തുതന്നെ ഇല്ലാത്ത ഇക്കാലത്ത് നീ അയയ്ക്കുന്ന നീണ്ട എഴുത്തുകൾ ഞാൻ പല തവണ വായിക്കും. അപ്പോഴെല്ലാം നമ്മുടെ സ്കൂൾ കാലമോർക്കും. ചിരിയും ചിലപ്പോൾ കരച്ചിലും വരും. കേരളത്തിൽനിന്നു പോയിട്ടും നീ മലയാളം മറന്നില്ലല്ലോ എന്നു സന്തോഷിക്കും.

ഇത്തവണ എന്റെ ജോലിവിശേഷങ്ങൾ നിന്നോടു പറയാമെന്നു കരുതുന്നു. നിനക്കും അതിഷ്ടമാവുമല്ലോ. നിനക്കറിയോ, നമ്മളെപ്പോലെ കേരളത്തിലെത്തി പഠിക്കുന്ന കുട്ടികളുടെ മലയാളം ടീച്ചറാണ് ഞാനിപ്പോൾ. പഠിച്ച ഹൈസ്കൂളിലും അടുത്തുള്ള മറ്റൊരു സ്കൂളിലും മലയാളം പഠിപ്പിക്കുന്നുണ്ട്. അത് എന്റെ കടമയാണെന്നു ഞാൻ കരുതുന്നു. ഹോ! ഞാൻ മലയാളം പഠിച്ചെടുത്ത കഥയൊക്കെ ഇപ്പോൾ ഓർക്കുമ്പോൾ ചിരിവരുന്നു.

സ്കൂളിൽ അഞ്ചാംക്ലാസിൽ ഞാൻ വന്ന ദിവസം നിനക്കോർമ്മയുണ്ടോ? അന്ന് എന്നോട് ആദ്യം മിണ്ടിയ കുട്ടി നീയായിരുന്നല്ലോ. നാലാംക്ലാസുവരെ നാട്ടിലെ സ്കൂളിൽ പഠിച്ച എനിക്ക്, ചെറിയ ക്ലാസുമുതലേ കേരളത്തിൽ പഠിച്ച നിങ്ങളെക്കാൾ വിഷമമായിരുന്നു മലയാളം പഠിക്കാൻ. നിങ്ങളെല്ലാം പറയുന്നതുപോലെ മലയാളം പറയാൻ എനിക്കന്ന് എന്തൊരു കൊതിയായിരുന്നു! മലയാളിക്കുട്ടികൾ കലപില വർത്തമാനം പറയുമ്പോൾ കണ്ണുമിഴിച്ചുപോയിരുന്നു.

മറുനാട്ടിൽനിന്നു വന്ന കുട്ടികൾക്ക് മലയാളം പഠിക്കാൻവേണ്ടി തുടങ്ങിയ പദ്ധതിയാണ് എനിക്കു വലിയ സഹായമായത്. മലയാളം പഠിക്കാനും ഇഷ്ടപ്പെടാനും എന്നെ പ്രേരിപ്പിച്ചത് നമ്മുടെ മലയാളം ക്ലാസുകളും കൂട്ടുകാരുമാണ്. ഏഴാംക്ലാസു കഴിഞ്ഞ് നീ സ്കൂൾ വിട്ടത് ശരിക്കും സങ്കടമായി.

ഞങ്ങളുടെ ക്ലാസിലെ കുട്ടികൾ ചിത്രം വരയ്ക്കാനും മോഡലുകൾ ഉണ്ടാക്കാനും പലതരം നിർമ്മാണപ്രവർത്തനങ്ങളിലേർപ്പെടാനും ഇഷ്ടമുള്ളവരായിരുന്നു. അങ്ങനെ വരച്ച ചിത്രങ്ങൾകൊണ്ട് ഞങ്ങൾ ചിത്രകഥകളുണ്ടാക്കി. വർക്കിങ് മോഡലുകളും സ്റ്റിൽ മോഡലുകളുമൊക്കെ ഉണ്ടാക്കി, അവയെക്കുറിച്ച് എഴുതി. വർക്ക് എക്സ്പീരിയൻസിൽ പല നിർമ്മാണപ്രവർത്തനങ്ങൾ ഞങ്ങൾ സ്വയം ചെയ്തുനോക്കി, പരിശീലിച്ചു. എനിക്ക് തുണികൊണ്ടു കുപ്പായങ്ങളും മറ്റും ഉണ്ടാക്കുന്നതിലായിരുന്നു താൽപര്യം. അതോടൊപ്പം പലതരം പെയിന്റിങ് വർക്കുകളും എംബ്രോയ്ഡറിയുമെല്ലാം പഠിച്ചെടുത്തു.

പ്രവൃത്തിപരിചയമേളകളിൽ ഞങ്ങൾ സ്കൂളിനുവേണ്ടി വളരെയധികം സമ്മാനങ്ങൾ നേടിയതൊക്കെ ഓർക്കുമ്പോൾ ഇപ്പോഴും ഒരു കുളിര്! കുട്ടികളെ ഇതെല്ലാം പരിശീലിപ്പിക്കുന്നതിൽ എനിക്ക് നല്ല ആവേശമായിരുന്നു അന്ന്. അതിപ്പോഴും തുടരുന്നുണ്ട്. സ്കൂളിൽ വന്നിരുന്ന അതിഥികൾക്കെല്ലാം ഞങ്ങൾ നിർമ്മിച്ച കൗതുക വസ്തുക്കളാണ് ഉപഹാരമായി കൊടുത്തിരുന്നത്. അതിലധികവും ഞാനുണ്ടാക്കിയതായിരുന്നു.

ഒൻപതിൽ പഠിക്കുമ്പോൾ തയ്യൽപ്പണിയിലുള്ള എന്റെ താൽപര്യം മനസ്സിലാക്കി ടീച്ചർ എനിക്കൊരു തയ്യൽമെഷീൻ വാങ്ങിത്തന്ന കാര്യം നിന്നോടു പറഞ്ഞിരുന്നില്ലേ? ഹൗ! അന്നുണ്ടായ ഒരു സന്തോഷം! പഴയ തുണികൾ വെട്ടിത്തുന്നിക്കൊണ്ട് തയ്യൽപ്പണിയിലേക്കിറങ്ങിയത് അന്നു മുതലാണ്.

ഒരു തൊഴിൽ ചെയ്താൽ വാപ്പച്ചിയെ സഹായിക്കാനാവുമെന്ന് എനിക്ക് തോന്നിയതും അങ്ങനെയാണ്. മറ്റു കുട്ടികളെപ്പോലെ പ്ലസ് വൺ ക്ലാസിൽ ചേർക്കാനായിരുന്നു വാപ്പച്ചിക്കും ഉമ്മയ്ക്കും ആഗ്രഹം. എന്നാൽ ഒരു തൊഴിൽ പരിശീലിക്കുക എന്ന തീരുമാനത്തിൽ ഞാൻ ഉറച്ചുനിന്നു. അങ്ങനെയാണ് പോളിടെക്നിക്കിൽ ഫാഷൻ ഡിസൈനിങ് കോഴ്സിനു ചേർന്നത്. ഇക്കാര്യം നേരത്തെ ഞാൻ നിന്നോടു പറഞ്ഞിരുന്നല്ലോ.





ഫാഷൻ ഡിസൈനിങ്ങിൽ ഒന്നാം സ്ഥാനം കിട്ടിയപ്പോൾ പിന്നെയും പഠിക്കാൻ കൊതിയായി. തുടർന്ന് പ്ലസ്ടുവിനു പോയി. അതുകഴിഞ്ഞു ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഡിഗ്രിക്കു പഠിക്കുകയാണിപ്പോൾ. ഫാഷൻ ഡിസൈനിങ് ജോലികൾക്കു പറ്റുന്ന ഒരു പുതിയ തയ്യൽമെഷീൻകൂടി ടീച്ചർ വാങ്ങിത്തന്നു. സ്കൂൾയൂണിഫോം തയ്ക്കലും പുതിയ ഫാഷനുകളിലുള്ള ഡ്രസ്സുകൾ ഡിസൈൻ ചെയ്തുണ്ടാക്കലുമൊക്കെയായി ഇപ്പോൾ ധാരാളം ജോലിയുണ്ട്. സമൂഹമാധ്യമങ്ങളിലൂടെയാണ് ഇതൊക്കെ പരിചയപ്പെടുത്തുന്നതും പുതിയ ഓർഡറുകളെടുക്കുന്നതും. സവീ, എനിക്കിപ്പോൾ ഏതു നാട്ടിൽച്ചെന്നാലും ഈ ജോലി തുടരാൻ കഴിയുമെന്ന വിശ്വാസമുണ്ട്.

കുടുംബത്തിനുവേണ്ടി ചിലതു ചെയ്യാനൊക്കുന്നു എന്ന സന്തോഷത്തിലാണിപ്പോൾ. അതിലൂടെ അത്യാവശ്യം വരുമാനവുമുണ്ട്. വാടകയുൾപ്പെടെ വീട്ടുചെലവുകൾക്കും അനിയന്മാരുടെ പഠനത്തിനും എന്റെ വരുമാനവും പ്രയോജനപ്പെടുന്നു എന്നത് വലിയ സന്തോഷമല്ലേ? പെൺകുട്ടിയെന്ന നിലയിൽ വീട്ടിലൊതുങ്ങിക്കഴിയുന്നതിലല്ല സുഖവും സന്തോഷവും.

പെൺകുട്ടികൾക്കും സ്ത്രീകൾക്കും വലിയ പരിഗണനയും സ്വാതന്ത്ര്യവും ലഭിക്കുന്ന നാടാണ് കേരളം. ഇവിടെ ഇഷ്ടപ്പെട്ട തൊഴിൽ ചെയ്യാനും പഠിക്കാനുമെല്ലാം അവസരങ്ങളുണ്ട്. പഠനത്തിനൊപ്പം ചില തൊഴിലുകൾകൂടി ചെയ്യുന്നവരായി ഇവിടത്തെ പെൺകുട്ടികൾ മാറിയാൽ നന്നാവുമെന്ന് തോന്നാറുണ്ട്.

ഒരു നല്ല ഫാഷൻ ഡിസൈനറാകണം, സ്വന്തമായി ഒരു കട തുടങ്ങണം, പിന്നെയൊരു വീട്... അതൊക്കെയാണ് ആഗ്രഹം. ഇതിനെല്ലാം എന്റെ ജോലി സഹായിക്കുമെന്നാണ് പ്രതീക്ഷ.

എഴുതിയെഴുതി ഇതൊരു നീണ്ട കത്തായി. നിനക്കും വീട്ടിലുള്ളവർക്കും സുഖം തന്നെയല്ലേ?

സവീ, നീ ഇടയ്ക്കെല്ലാം എഴുതണേ...

നിന്റെ ദറക്സ

(ദറക്സ പർവീൺ)

## കണ്ടെത്താം പറയാം

- ദറക്സയ്ക്കു മലയാളത്തിനോടു താൽപര്യമുണ്ടാക്കിയ ഘടകങ്ങളെന്തെല്ലാമാണ്?
- സ്കൂളിൽ ദറക്സ എന്തെല്ലാം പണികളാണ് ചെയ്തു പരിശീലിച്ചത്?
- "എനിക്കിപ്പോൾ ഏതു നാട്ടിൽച്ചെന്നാലും ഈ ജോലി തുടരാൻ കഴിയുമെന്ന വിശ്വാസമുണ്ട്." ദറക്സ ഇങ്ങനെ പറയാനെന്താവും കാരണം? എന്തെല്ലാമാണ് അവളുടെ പ്രതീക്ഷകൾ?
- കേരളത്തിന്റെ സവിശേഷതകളായി ദറക്സ കണ്ടെത്തിയ കാര്യങ്ങളെ ന്തെല്ലാമാണ്?

## മറക്കില്ലൊരിക്കലും

"ഹൗ ! അന്നുണ്ടായ ഒരു സന്തോഷം!"

സ്വന്തമായി തയ്യൽമെഷീൻ കിട്ടിയ ദിവസത്തെക്കുറിച്ച് ദറക്സ ഇങ്ങനെയാണ് പ്രതികരിച്ചത്. അന്ന് ദറക്സ എഴുതാനിടയുള്ള ഡയറി എഴുതിനോക്കൂ...

## കത്തെഴുതാം

ഒരു ഉത്തരേന്ത്യൻ സംസ്ഥാനത്തുനിന്ന് കേരളത്തിലെത്തി, മലയാളം പഠിച്ച്, ഇഷ്ടപ്പെട്ട ഒരു തൊഴിൽ തിരഞ്ഞെടുത്ത് മുന്നേറുന്ന യുവതിയാണ് ദറക്സ പർവീൺ. അവളുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്തെഴുതൂ.

## ഇന്നത്തെ തൊഴിലിടങ്ങൾ

ആകെ വിയർത്തുതളർന്നും, പട്ടിണി
പാകി വളർത്താൻ പണിചെയ്തും...

- (ഞങ്ങളുടെ മുത്തശ്ശി - വയലാർ)

ഒരുകാലത്ത് കേരളത്തിലെ തൊഴിൽരംഗത്ത് ഉണ്ടായിരുന്ന ദുഃഖകരമായ ഒരവസ്ഥയാണ് ഈവരികളിൽ തെളിയുന്നത്.

ഇന്നും ഈ അവസ്ഥ കേരളത്തിലെ തൊഴിൽമേഖലയിൽ ഉണ്ടോ?

യൂണിറ്റിലെ പാഠഭാഗങ്ങളിൽനിന്നും മനസ്സിലായ ആശയങ്ങളുടെയും നിങ്ങൾ കൂടുതലായി കണ്ടെത്തിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ **'കേരളത്തിലെ തൊഴിലിടങ്ങൾ'** എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക.

തയ്യാറാക്കിയ പ്രസംഗം ക്ലാസിൽ അവതരിപ്പിക്കുമല്ലോ.

3

# നൽകുകിൽ നേടാം



വെള്ളം കോരാൻ പോകുമ്പോഴാണ് പെൺകുട്ടി അതു കണ്ടത്. പാവം പൂമ്പാറ്റ! ഈ മുൾച്ചെടികൾക്കിടയിൽ എങ്ങനെ പെട്ടു? അതു ചിറകു വിടർത്തിയാൽ കീറിപ്പോയതുതന്നെ! അവൾ വിചാരിച്ചു. അവൾ അതീവജാഗ്രതയോടെ പൂമ്പാറ്റയെ പുറത്തെടുത്തു.

"ഹാവൂ! സുന്ദരിപ്പൂമ്പാറ്റ! ഇനി നീ പേടിക്കേണ്ട. പറന്നു പൊയ്ക്കോ", അവൾ പറഞ്ഞു.

പെട്ടെന്ന് പൂമ്പാറ്റ ഒരു മാലാഖയായി മാറി. മാലാഖ പറഞ്ഞു: "സുന്ദരീ, നീയും പേടിക്കേണ്ട. നിന്റെ നല്ല മനസ്സിന് ഞാനൊരു വരം തരാം, ചോദിക്കൂ."

മാലാഖ നിർബന്ധിച്ചപ്പോൾ പെൺകുട്ടി വരം ചോദിച്ചു: "എങ്കിൽ എനിക്കെന്നും സന്തോഷമായിരിക്കാനുള്ള വരം തരൂ".

ഉടൻ മാലാഖ അവളുടെ കാതിൽ ഒരു രഹസ്യം പറഞ്ഞു. അന്നു മുതൽ അവൾ ആഹ്ലാദവതിയായി.

കാലം കടന്നുപോയി. പെൺകുട്ടി യുവതിയായി, അമ്മയായി, അമ്മൂമ്മയായി, ഒടുവിൽ മരണശയ്യയിലും.

"നോക്കൂ, ഇപ്പോഴും അവർ സന്തുഷ്ടയാണ്! അതിന്റെ രഹസ്യം നമുക്കൊന്നു ചോദിക്കാം?"

"ഓ, അതാണോ മക്കളേ കാര്യം? രഹസ്യം പറയാം, കേട്ടോളൂ" വൃദ്ധ മാലാഖയുടെ കഥ പറഞ്ഞു കേൾപ്പിച്ചു.

"എന്താണ് മുത്തശ്ശീ, അന്നാ മാലാഖ കാതിൽ പറഞ്ഞ രഹസ്യമന്ത്രം?"

"പറയാം മക്കളേ", മാലാഖ പറഞ്ഞു: "നിന്നെക്കൊണ്ട് ഈ ലോകത്തിൽ എല്ലാവർക്കും ആവശ്യമുണ്ട്. ഇതു മനസ്സിലാക്കി അതനുസരിച്ച് ജീവിച്ചോളൂ".

**(ആനന്ദത്തിന്റെ രഹസ്യം - ജോൺ സി. ജേക്കബ്**
**- ഉറങ്ങുന്നവരുടെ താഴ്വരകൾ)**

- പൂമ്പാറ്റയെ പെൺകുട്ടി എങ്ങനെയാണ് സഹായിച്ചത്?
- മാലാഖയുടെ രഹസ്യമന്ത്രമെന്തായിരുന്നു? ആ മന്ത്രം പെൺകുട്ടിയുടെ ജീവിതത്തിൽ വരുത്തിയ മാറ്റം എന്തായിരുന്നു?



*പ്രകൃതിയോടു ചേർന്നുനിന്നും പ്രകൃതിയിലിടപെട്ടുമാണ് കൃഷി മുന്നോട്ടുപോയത്...*

# വയൽക്കാഴ്ചകൾ

പേമഴ പെയ്തു പാരമിരുളും പുലർകാലം
പൂഴി കീഴ്മേലായ് രണ്ടു ഭാഗത്തും മറിയവേ,
കാളയെപ്പൂട്ടിത്തയ്യാറാക്കിയ ചെമ്മൺമേട്ടിൽ
കീറിയോരിറച്ചിപോൽ നീർവാലും കരിച്ചാലിൽ,
ഊന്നിയ വിത്തൊക്കെയും മുളച്ചു പൊന്തീടുമ്പോൾ
തിന്നുവാൻ വന്നെത്തിയ കലമാൻപറ്റംപോലെ,
പനയോലയാൽത്തീർത്തു കാൽനീണ്ട കുട ചൂടി-
പ്പണിയാനുത്സാഹംപൂണ്ടെത്തിയ കൃഷീവലർ
പറകൊട്ടീടും താളമൊപ്പിച്ചു കൊത്തിക്കിള-
ച്ചടിവേരോടേ കളക്കുറ്റികൾ പറിക്കുന്നൂ.

വിസ്തൃതം പുനം; അതിൽ വിളഞ്ഞൂ വരക്; ഇനി-
യെത്രയും രുചിയെഴുമതിന്റെ കതിരുകൾ
ഉണ്ണുവാനിങ്ങെത്തീടും തലയിൽ കുടുമയും
വർണ്ണചിത്രമാം വാലുമിയലും മയിലുകൾ.
പുറമേ കറുപ്പെഴും വരകിൻ കതിർ തിന്നി-
ട്ടവ പീലികൾ വിരിച്ചെത്രയും പുളപ്പോടേ,
കൊല്ലയിലുഴുന്നവരുച്ചയ്ക്കു ചോറുണ്ണുമ്പോൾ
തെല്ലൊരു തണൽ കിട്ടാൻ വെട്ടാതെ നിർത്തീട്ടുള്ള
വലുതാമിലയെഴും കുരുന്തമരത്തിന്റെ
വളഞ്ഞ കൊമ്പിൽക്കേറിയന്തസ്സാർന്നിരുന്നീടും.

(അകംകവിതകൾ - ഇടൈക്കാടനാർ-
പരിഭാഷ : എൻ. വി. കൃഷ്ണവാരിയർ)

## ഈണത്തിൽ ചൊല്ലാം

സംഘങ്ങളായി കവിത ഈണത്തിൽ ചൊല്ലൂ.

കവിത ചൊല്ലുന്നത് കൂടുതൽ മികച്ചതാവാൻ എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധ വേണം?

## കവിതയിലെ കാഴ്ചകൾ

- മഴ പെയ്യുന്ന പ്രഭാതം
- വയലിൽ വെള്ളം വാർന്നുപോകുന്ന ചാലുകൾ
- കൃഷിക്കാരുടെ വരവ്
- കള പറിക്കുന്ന കൃഷിപ്പണിക്കാർ
- കതിരു കൊത്താൻ വരുന്ന മയിലുകളുടെ ഭംഗി
- മയിലുകളുടെ മരത്തിൽ കേറിയുള്ള ഇരിപ്പ്

ഈ ആശയങ്ങൾ വരുന്ന വരികൾ കണ്ടെത്തിച്ചൊല്ലൂ.

## ചിത്രത്തിലൂടെ കവിതയിലേക്ക്

കവിതയോടൊപ്പം പുസ്തകത്തിൽ കൊടുത്ത ചിത്രവുമായി ബന്ധപ്പെട്ട വരികൾ കണ്ടെത്തി എഴുതൂ.

## പണ്ടത്തെ വാക്കുകൾ

നമ്മൾ ഇന്നുപയോഗിക്കാത്ത ചില വാക്കുകൾ ഈ കവിതയിലുണ്ട്.

ഉദാ : പുനം

കവിതയിലെ അത്തരം വാക്കുകൾ കണ്ടെത്തി എഴുതൂ. അവയുടെ അർഥം ഊഹിക്കാൻ കഴിയുന്നുണ്ടോ? നിഘണ്ടുനോക്കി അർഥം കണ്ടെത്തൂ.

ഇങ്ങനെ ഇന്നുപയോഗത്തിലില്ലാത്ത വാക്കുകൾ ഈ കവിതയിൽ ചേർത്തതിനു കാരണമെന്താവാം? ചർച്ചചെയ്യൂ.

### മറ്റൊരു കൃഷിക്കാഴ്ച

തന്റെ കൃഷിസ്ഥലത്തെ വിത്തിറക്കാൻ പാകപ്പെടുത്തി കൃഷിക്കാരനായ കൊണ്ടേരൻ കാത്തിരിക്കുമ്പോൾ.......

“പുതുമഴ പെയ്തു. കാടു കത്തിയ പന്നിക്കോടൻമലയുടെ ചാരവെള്ളം ചാലുകളിൽക്കൂടെ ഒലിച്ചിറങ്ങി അത്തിക്കോട്ടിൽ തളംകെട്ടിവന്നു. വേർപ്പണിഞ്ഞ ഭൂമിദേവിയെ കെട്ടിപ്പുണർന്നുകൊണ്ടു കുളിർകാറ്റു വീശി. പാറ്റകൾ പറന്നുയർന്നു. പൂക്കുറ്റിപ്പൊരിപോലെ നിലത്തു വീണിഴഞ്ഞു തൂങ്ങിക്കിടക്കുന്ന കൊന്നക്കുലകൾ. കുളിർത്തു പച്ചിലപ്പടർപ്പായ അത്തികൾ, ചിലയ്ക്കാൻ തുടങ്ങുന്ന തവളകൾ! എല്ലാം കണ്ടും കേട്ടും കൊണ്ടേരൻ തുള്ളിച്ചാടി.”

**മണ്ണിന്റെ മാറിൽ - ചെറുകാട്**

വയൽക്കാഴ്ചകൾ എന്ന കവിതയിലും ചെറുകാടിന്റെ നോവൽഭാഗത്തും അവതരിപ്പിച്ചിരിക്കുന്ന കൃഷിയിടങ്ങളുടെ സവിശേഷതകളും സൗന്ദര്യവും താരതമ്യംചെയ്ത് നിങ്ങളുടെ അഭിപ്രായങ്ങൾ പറഞ്ഞവതരിപ്പിക്കൂ. അവ ചേർത്ത് താരതമ്യക്കുറിപ്പ് തയ്യാറാക്കൂ.

***പഴയ കാലത്തെ വയലും കൃഷിയും കവിതയിലൂടെ പരിചയപ്പെട്ടു. എന്നാൽ ഇന്ന് പാടങ്ങൾക്കും പറമ്പുകൾക്കും പുഴയ്ക്കും മലയ്ക്കും വന്ന മാറ്റങ്ങളെന്തെല്ലാമാണ്?***

# അതിജീവനത്തിന്റെ തുടക്കം

ദേവിയാർകോളനി എന്ന ഗ്രാമം നാലു മലകളുടെ താഴ്വരയിലാണ്. നടുവിലൂടെ ആറ് ഒഴുകുന്നു.

ഇപ്പോഴും മധ്യവേനലവധിക്ക് സ്കൂൾ പൂട്ടാൻ കാത്തിരിക്കുന്ന കുട്ടിയാണ് ഞാൻ. വീടിനടുത്ത് ആറ്, പുറകിൽ മല, മലയ്ക്കുമുകളിൽ കയറിയാൽ പിന്നെയും പിന്നെയും മലനിരകൾ. രണ്ടു മലകൾക്കിടയിലൂടെ വെള്ളിയരഞ്ഞാണം പോലൊഴുകുന്ന പെരിയാർ, എങ്ങും പച്ചപ്പ്, കൈത്തോടുകൾ...

ആറ്റിൽ നീന്തണം എന്നാണ് എക്കാലത്തേയും ഏറ്റവും വലിയ മോഹം. ഒരിക്കൽ ആറ്റിൽനിന്നു കയറുന്ന പരിപാടിയില്ലായിരുന്നു. കണ്ണു ചുവന്ന് ചുറ്റും മഞ്ഞുപോലെ തോന്നിക്കുമ്പോൾ കരയിലെ കല്ലുകളിൽ കയറിയിരുന്ന് ഉണങ്ങുകയും പിന്നെയും ആറ്റിലേക്കു ചാടുകയും ചെയ്യുന്ന തവളകളായിരുന്നു ഞങ്ങൾ. ആറിലെ വെള്ളം വറ്റിക്കണ്ടിട്ടില്ല. ഇപ്പോൾ ചെറുകുഴികളിൽ, ചെറുചാലുകളായി വെള്ളം. അതും കറുത്തിരുണ്ട ചായപ്പൊടിവെള്ളം!

കേരളത്തിൽ ഏറ്റവും കൂടുതൽ മഴപെയ്യുന്ന പ്രദേശമാണിവിടം. നേര്യമംഗലം സംരക്ഷിത വനമേഖലയോടു ചേർന്നുകിടക്കുന്ന പ്രദേശം. മലയോരപ്രദേശമായതുകൊണ്ട് മഴപെയ്താൽ വെള്ളം ചെരുവുകളിലൂടെ ഒഴുകി നേരെ പുഴയിലേക്കെത്തും. പുഴ കുറേ താഴോട്ടൊഴുകി പെരിയാറിലും. മുമ്പ് ആറ്റിലൊരുപാടു കല്ലുകളുണ്ടായിരുന്നു. മണൽ തെളിയുന്നിടത്തൊക്കെ കല്ലൂർവഞ്ഞിയും കുഞ്ഞുകണ്ടലുമുണ്ടായിരുന്നു. വെള്ളം വല്ലാതങ്ങ് ഒഴുകിപ്പോകാതെ തടഞ്ഞുനിൽക്കാൻ ഇതൊക്കെ മതിയായിരുന്നു. ഇപ്പോഴതല്ല അവസ്ഥ.

കെട്ടിടംപണിക്കും കയ്യാലപ്പണിക്കുമായി കല്ലുകളൊക്കെ പൊട്ടിച്ചെടുത്തു മനുഷ്യർ. മണലുമുഴുവൻ കോരിക്കൊണ്ടുപോയി. മാത്രമല്ല, വേനലായാൽ പലരും കൃഷിക്കും മറ്റുമായി പുഴയിൽനിന്ന് വെള്ളം പമ്പുചെയ്തെടുക്കാനും തുടങ്ങി. അതോടെ മഴപെയ്യുന്ന വെള്ളം അതേ വേഗത്തിൽ പെരിയാറിൽ ചെന്നുചേരുന്ന സ്ഥിതിയായി. വർഷത്തിൽ ഒന്നോ രണ്ടോ മാസം മാത്രമാണ് അവിടെ കാര്യമായി മഴയില്ലാത്തത്. എന്നിട്ടാണ് ഈ അവസ്ഥ!



അഴുക്കായ തുണി, പ്ലാസ്റ്റിക്, പൊട്ടിയ പാത്രങ്ങൾ തുടങ്ങി നാട്ടിലെ മാലിന്യങ്ങൾ മുഴുവൻ ആറ്റിലൊഴുക്കുന്നു. ആറ്റിറമ്പ് കയ്യേറി ബഹുനിലക്കെട്ടിടങ്ങൾ നിർമ്മിക്കുന്നു. ഇങ്ങനെ നാടിന്റെ പാരിസ്ഥിതികപ്രശ്നങ്ങൾ ഒരുപാടുണ്ട്. ഒരു വശത്ത് പരിസ്ഥിതി നാശത്തെപ്പറ്റി പറയുകയും മറുവശത്ത് സംരക്ഷണത്തെപ്പറ്റി ക്ലാസുകളും ചർച്ചകളും എങ്ങുമെത്താതെ പോവുകയും ചെയ്യുന്നു. പതിവുപോലെ പരിസ്ഥിതിദിനങ്ങൾ ആഘോഷ ങ്ങളിൽ മുഴുകും. *'ഭൂമിയെ രക്ഷിക്കൂ'* എന്നും മറ്റുമുള്ള പ്ലക്കാർഡുമേന്തി, പച്ചയുടുപ്പിട്ട് കുഞ്ഞുങ്ങൾ മരത്തൈകൾ നടും. ചിലപ്പോൾ പ്ലാസ്റ്റിക് ശേഖരിക്കും. പ്രഭാഷണങ്ങൾ നടക്കും. അങ്ങനെയങ്ങനെ.....

അതിമനോഹരമായ ഭൂപ്രദേശങ്ങൾ, വൈവിധ്യമാർന്ന ആവാസവ്യവസ്ഥകൾ, ജീവന്റെ സമ്പന്നമായ ഇടം. ഭീമാകാരങ്ങളായ പർവതങ്ങൾമുതൽ വിശാലമായ സമുദ്രങ്ങൾവരെ, സമൃദ്ധമായ മഴക്കാടുകൾമുതൽ വരണ്ട മരുഭൂമികൾവരെ, എത്രയെത്ര വൈവിധ്യങ്ങൾ നിറഞ്ഞതാണ് ഈ ഭൂമി! മനുഷ്യരുടെ കൈകടത്തൽകൊണ്ടും പ്രകൃതിപ്രതിഭാസങ്ങൾകൊണ്ടും നമ്മുടെ ഭൂമി വലിയ വെല്ലുവിളികൾ നേരിടുന്നു. കാലാവസ്ഥാവ്യതിയാനം, വനനശീകരണം, മലിനീകരണം, ജൈവവൈവിധ്യത്തിന്റെ നഷ്ടം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ നമ്മുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കിയിരിക്കുന്നു.

ആഗോളതലത്തിൽ പരിസ്ഥിതി ഒരു വിഷയമായി മാറുന്നത് 1950-കൾക്കു ശേഷമാണ്. പരിസ്ഥിതിയെ നമ്മൾ സംരക്ഷിച്ചില്ലെങ്കിൽ, പുനരുജ്ജീവിപ്പി ച്ചില്ലെങ്കിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നു മനസ്സിലായത് ഏതാണ്ട് ആ കാലഘട്ടത്തിലാണ്. പ്രധാനമായി വഴിത്തിരിവായത് റേച്ചൽകഴ്സന്റെ 'നിശ്ശബ്ദ വസന്തം' എന്ന പുസ്തകമാണ്. നാട്ടിലെ പരിസ്ഥിതിപ്രശ്നങ്ങളെപ്പറ്റി ആഴത്തിൽ പഠിക്കുകയും മനസ്സിലാക്കുകയുംചെയ്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അവർ എഴുതിയതാണത്.

ഈ പുസ്തകം ലോകം മുഴുവൻ ചർച്ചചെയ്യപ്പെടുകയും പരിസ്ഥിതി പ്രധാന വിഷയമാണ് എന്നു തിരിച്ചറിയുകയും ചെയ്തു. പരിസ്ഥിതിയെ വേണ്ടവിധത്തിൽ സംരക്ഷിച്ചി ല്ലെങ്കിൽ മനുഷ്യരാശിയെയും പ്രകൃതിയെയുംതന്നെ ഇല്ലാതാക്കും എന്ന തിരിച്ചറിവുണ്ടാക്കുന്നതിന് ഈ പുസ്തകം വഴിയൊരുക്കി.



പല സമൂഹങ്ങളും അതിനുമെത്രയോ മുമ്പുതന്നെ  പരിസ്ഥിതി ഒരു വിഷയമായി കണ്ടിരുന്നു. പരിസ്ഥിതിപ്രവർത്തകരുടെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന, സിയാറ്റിൽ മൂപ്പന്റെ പ്രസംഗം പ്രസിദ്ധമാണ്. റെഡ് ഇന്ത്യക്കാർ എങ്ങനെയാണ് പരിസ്ഥിതിയെ കണ്ടിരുന്നതെന്ന് ആ പ്രസംഗത്തിലൂടെ നമുക്ക് വ്യക്തമായി തിരിച്ചറിയാൻ സാധിക്കും.

സിയാറ്റിൽ മൂപ്പൻ ചോദിക്കുന്നു: "ആകാശത്തെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതെങ്ങനെ? അല്ലെങ്കിൽ മണ്ണിന്റെ ചൂടിനെ? ആ ചിന്ത ഞങ്ങൾക്ക് അപരിചിതമാണ്. അന്തരീക്ഷത്തിന്റെ നവനൈർമ്മല്യവും വെള്ളത്തിന്റെ വെട്ടിത്തിളക്കവും ഞങ്ങളുടേതല്ലാതിരിക്കെ നിങ്ങൾക്ക് അവ എങ്ങനെ വാങ്ങാൻ കഴിയും?"

പ്രകൃതിവിഭവങ്ങൾക്ക് അതിരുകളില്ലെന്ന് നമുക്കൊരു ധാരണയുണ്ട്. പ്രകൃതി കനിഞ്ഞേകിയ ജീവനോപാധികൾക്കും ജൈവവൈവിധ്യങ്ങൾക്കും കണക്കില്ലെന്ന് നമ്മൾ വിചാരിച്ചു. അതൊക്കെ സ്വാഭാവികമായും സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണെന്നായിരുന്നു വിശ്വാസവും. പക്ഷേ, ഭൂമിയിൽ ജീവനെ താങ്ങിനിർത്തുന്ന ജൈവവൈവിധ്യങ്ങൾ സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ നശിച്ചുപോകുമെന്നും, ശരിയായ അവബോധമില്ലായ്മയുടെയും അശ്രദ്ധമായ ചെയ്തികളുടെയും ദുരന്തഫലങ്ങളാണ് ഇന്നു ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്നും തിരിച്ചറിയാൻ വൈകിപ്പോയെന്നുമാത്രം.

പ്രകൃതിയിലെ സമ്പന്നമായ വൈവിധ്യങ്ങളുടെ ഒരു ഭാഗം മാത്രമാണ് മനുഷ്യർ. വൻമരങ്ങൾമുതൽ സൂക്ഷ്മജീവികൾവരെ അടങ്ങുന്ന വൈവിധ്യത്തിലാണ് നമ്മുടെ നിലനിൽപ്പ്. എന്നാൽ പ്രകൃതിയെ സംരക്ഷിക്കാനും നശിപ്പിക്കാനുമാകുന്നത് മനുഷ്യർക്കുമാത്രമാണ്.

(മൈന ഉമൈബാൻ)

## വായിക്കാം പറയാം

- "ഇപ്പോഴും മധ്യവേനലവധിക്ക് സ്കൂൾ പൂട്ടാൻ കാത്തിരിക്കുന്ന കുട്ടിയാണ് ഞാൻ." എഴുത്തുകാരി ഇങ്ങനെ പറയാൻ കാരണമെന്താണ്?
- "വെള്ളം വല്ലാതങ്ങ് ഒഴുകിപ്പോകാതെ തടഞ്ഞുനിൽക്കാൻ ഇതൊക്കെ മതിയായിരുന്നു." വെള്ളത്തെ തടഞ്ഞുനിർത്തുന്ന ഘടകങ്ങളെന്തെല്ലാം?
- "വർഷത്തിൽ ഒന്നോ രണ്ടോ മാസം മാത്രമാണ് അവിടെ കാര്യമായി മഴയില്ലാത്തത്. എന്നിട്ടാണ് ഈ അവസ്ഥ." ഏതവസ്ഥയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?
- "എത്രയെത്ര വൈവിധ്യങ്ങൾ നിറഞ്ഞതാണ് ഈ ഭൂമി!" ഏതെല്ലാമാണ് ഈ വൈവിധ്യങ്ങൾ?
- "ഈ പുസ്തകം ലോകം മുഴുവൻ ചർച്ചചെയ്യപ്പെടുകയും പരിസ്ഥിതി പ്രധാനവിഷയമാണ് എന്നു തിരിച്ചറിയുകയുംചെയ്തു." ഏതു പുസ്തകത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്? ആ പുസ്തകത്തിന്റെ പ്രത്യേകതയെന്താണ്?
- നാം തിരിച്ചറിയാൻ വൈകിപ്പോയ കാര്യമെന്താണ്?

## വരികൾ... വാക്യങ്ങൾ

1) പെരിയാറേ, പെരിയാറേ, പർവതനിരയുടെ പനിനീരേ,
കുളിരുംകൊണ്ടു കുണുങ്ങിനടക്കും മലയാളിപ്പെണ്ണാണു നീ.

(സിനിമാഗാനം - വയലാർ രാമവർമ്മ)

2) പൂഴിമണലതിൽപ്പണ്ടിരുന്നു
പൂത്താങ്കോലേറെക്കളിച്ചതല്ലേ?
കുളിരോലുമോളത്തിൽ മുങ്ങി മുങ്ങി-
ക്കുളിയും ജപവും കഴിച്ചതല്ലേ?

(കുറ്റിപ്പുറം പാലം - ഇടശ്ശേരി)

ഈ കവിതാഭാഗങ്ങളിലെ ആശയവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ലേഖനത്തിൽനിന്ന് കണ്ടെത്തിയെഴുതൂ.

## ലഘുവാക്യങ്ങളാക്കാം

ഭൂമിയിൽ ജീവനെ താങ്ങിനിർത്തുന്ന ജൈവവൈവിധ്യങ്ങൾ സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ നശിച്ചുപോകുമെന്നും, ശരിയായ അവബോധമില്ലായ്മയുടെയും അശ്രദ്ധമായ ചെയ്തികളുടെയും ദുരന്തഫലങ്ങളാണ് ഇന്ന് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്നും തിരിച്ചറിയാൻ വൈകിപ്പോയെന്നുമാത്രം.

ഈ വലിയ വാക്യത്തെ ഇങ്ങനെ ചെറുവാക്യങ്ങളായി വേർതിരിച്ചെഴുതാം.

- ഭൂമിയിൽ ജീവനെ താങ്ങിനിർത്തുന്ന ജൈവവൈവിധ്യങ്ങൾ സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ നശിച്ചുപോകും.
- ശരിയായ അവബോധമില്ലായ്മയുടെയും അശ്രദ്ധമായ ചെയ്തികളുടെയും ദുരന്തഫല ങ്ങളാണ് ഇന്ന് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.
- ഇതു തിരിച്ചറിയാൻ വൈകിപ്പോയെന്നുമാത്രം.

ലേഖനത്തിൽനിന്ന് വലിയ വാക്യങ്ങൾ കണ്ടെത്തി അവയെ ചെറുവാക്യങ്ങളായി വേർതിരിച്ചെഴുതുക.

## പ്രയോഗഭംഗി കണ്ടെത്താം

- പെരിയാർ
- ഒഴുകുന്ന പെരിയാർ
- വെള്ളിയരഞ്ഞാണംപോലൊഴുകുന്ന പെരിയാർ

പെരിയാർ എന്ന പദത്തിനോട് കൂടുതൽ പദങ്ങൾ ചേർത്തപ്പോൾ അർഥതലങ്ങളിൽ വന്ന മാറ്റമെന്ത്? ചർച്ചചെയ്യൂ.

ഇവിടെ പെരിയാർ ഒഴുകുന്നതിനെ വെള്ളിയരഞ്ഞാണംപോലെ എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ ഒരു ചിത്രം രൂപപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതൂ.

***പ്രകൃതിയിൽ ജീവജാലങ്ങൾ പരസ്പരം ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുന്നുണ്ടോ? അപ്പോൾ എന്താണ് സംഭവിക്കുക?***

# ഒരു സ്വപ്നമുണ്ടായിരുന്നു...



ദിനകരന് ഒരു സ്വപ്നമുണ്ടായിരുന്നു. പുറംലോകം എങ്ങനെയൊക്കെ മാറിമറിഞ്ഞാലും ആരും കൈനീട്ടിത്തൊടാനിടയില്ലാത്ത ചതുപ്പും കാടും വെള്ളവുമായിക്കിടക്കുന്ന ദേശത്ത് കൃഷിചെയ്തും മീൻപിടിച്ചും കക്കവാരിയുമൊക്കെ സമാധാനമായിട്ട് ജീവിക്കുക എന്ന സ്വപ്നം. ദിനകരനു മാത്രമല്ല, ആതിയിൽ അധികം പേർക്കും അതുതന്നെയാണ് ആഗ്രഹം. സമാധാനം! ഒഴുക്കും തണുപ്പും നിശ്ശബ്ദതയും അവരെ പഠിപ്പിച്ചത് അതാണ്. അത് നിലനിൽക്കണമെന്ന് ദിനകരൻ ആഗ്രഹിച്ചു.

പുറംലോകം പക്ഷേ, സ്വയം മാറിമറിയുക മാത്രമല്ല, കൈനീട്ടുകകൂടിയാണ്. എന്തും വേരോടെ പറിച്ചെടുക്കാൻ ശേഷിയുള്ള ഉരുക്കുകൈകൾകൊണ്ട് പുറംലോകം കൊച്ചുപ്രദേശങ്ങളെ കോരിമാറ്റിക്കളയുന്നു. അതിവേഗം ദുർമ്മേദസ്സ് പെരുകുന്ന,

എന്തു തിന്നാലും വിശപ്പടങ്ങാത്ത മഹാരോഗിയെപ്പോലെയാണ് പുറംലോകം. അതിന്റെ വായിൽ എന്തും കൊള്ളും. കുന്നും മലയും കാടും പുഴയും വയലും ചതുപ്പും ഒക്കെ അത് വെട്ടിവിഴുങ്ങും. എന്നിട്ട് മഹാനഗരങ്ങളെ വിസർജിച്ചുവയ്ക്കും.

മണ്ണിൽ പണിയെടുക്കുമ്പോൾ ദിനകരൻ സത്യമാണ് തേടിയത്.

മണ്ണും വെള്ളവും വെയിലും വിയർപ്പും കൂടിയാണ് വിത്തിനെ മുളപ്പിക്കുന്നത്. മണ്ണിൽ ഒരു വിത്തിട്ടാൽ അത് മുളയ്ക്കുന്നു. ലളിതമായ സത്യം! നൂറുമേനി വിളയിക്കുന്നവനാണ് കൃഷിക്കാരൻ. ദിനകരൻ എന്നും കൃഷിക്കാരനാവാൻ ആഗ്രഹിച്ചു. അതേ അവനറിയൂ.

സത്യത്തിലേക്കുള്ള വഴിയേതാണ്? കുട്ടികൾ ചോദിക്കുന്നു.

മണ്ണ്, വെള്ളം, വെയില്, വിയർപ്പ്, വിത്ത്...

ദിനകരൻ പഠിപ്പിക്കുന്നു.

ഇപ്പോൾ വഴികൾ അടഞ്ഞ് ഉത്തരംമുട്ടി ദിനകരൻ നിൽക്കുന്നു. അമ്മ അവസാനത്തെ പിടി നെല്ലും പുഴുങ്ങിയുണക്കി കുത്തും. ചോറുവയ്ക്കും... അതും തീരും.

"ദിനകരാ!" ഏതാണ്ടൊരു നിലവിളിപോലെ ദേവകി വിളിച്ചു. കിതച്ചുകൊണ്ട് അവൾ ദിനകരന്റെ മുന്നിൽ നിന്നു.

"എന്താ ദേവ്വ്യോ?" അമ്മ അടുക്കളയിൽനിന്ന് എത്തിനോക്കി.

"കുഞ്ഞിമാതു..." ദേവകി കരഞ്ഞു.

"എന്തേ കുഞ്ഞിമാതൂന്?"

"അവള് വെള്ളത്തീന്ന് കേറ്ണില്യ."

"വെള്ളത്തീന്ന് കേറ്ണ്ല്യേ?"

"എന്റെകൂടെ ഒന്ന് വായോ മോനേ!" ദേവകി തിരിച്ചോടി. "വേഗം വായോ..." ഓടുന്നതിനിടയിൽ അവൾ വിളിച്ചുപറഞ്ഞു.

"ഒന്ന് ചെന്നുനോക്ക്." അമ്മയ്ക്ക് പരിഭ്രമമായി. എന്തെങ്കിലും കുഴപ്പമില്ലാതെ ദേവകി ഇങ്ങനെ കൂക്കിവിളിച്ച് വരില്ല. വെള്ളത്തീന്ന് കേറ്ണില്യാന്നാ? എന്നുവെച്ചാൽ? അമ്മയ്ക്കത് വിചിത്രമായി തോന്നി.

ദേവകി ഓടുന്നത് കുഞ്ഞിമാത്വമ്മയുടെ വീട്ടിലേക്കാവുമെന്നാണ് ദിനകരൻ വിചാരിച്ചത്.

പക്ഷേ, വയലുകളും വരമ്പുകളും കടന്ന്, മുട്ടോളം മുങ്ങിയ ചളിയിലും ചതുപ്പിലും ചവിട്ടി, നീളൻപുല്ലുകളും കുറ്റിച്ചെടികളും വകഞ്ഞുമാറ്റി ദേവകി ഗണേശസുബ്രഹ്മണ്യത്തിന്റെ സ്ഥലത്തേക്ക് കയറിപ്പോകുന്നതു കണ്ടപ്പോൾ അയാൾക്ക് അസ്വസ്ഥത തോന്നി.

ആരും ഇപ്പോൾ ഈ ഭാഗത്തേക്ക് വരാറില്ല. മണ്ണിട്ടു നശിപ്പിച്ച തണ്ണീർത്തടത്തിനു മീതെ പലമാതിരി സൗധങ്ങളുടെ അസ്ഥിവാരങ്ങൾ ഉയരുന്നുണ്ട്. വെള്ളത്തിൽ വരച്ച വര പോലെയല്ല മണ്ണിൽ വരയ്ക്കുന്ന വരകൾ. ദൃഢമായതും സുനിശ്ചിതവുമായ അതിരുകൾ. കൃത്യമായി അളന്നുതിരിച്ച് ചിലതിന് കമ്പിവേലി, ചിലതിനു മതിൽക്കെട്ട്.

മണ്ണിനടിയിൽ കുഴിച്ചുമൂടപ്പെട്ടത് ദേശത്തിനു മുഴുവൻ അന്നം തന്നിരുന്ന തണ്ണീർത്തടമാണ്. ആഴമേറിയ സ്നേഹത്തിന്റെ ഉടമ്പടിയിലായിരുന്നു അവരും ആ തടാകവും. അവർ മാത്രമല്ല, മീനുകളും തവളകളും ഞണ്ടുകളും കക്കകളും പക്ഷികളും ശലഭങ്ങളും ഇഴജന്തുക്കളും പുല്ലും ചെടിയും കണ്ടലുമൊക്കെ ആ ജലഉടമ്പടിയിൽ ഒപ്പിട്ടവരാണ്.

നീ ഞങ്ങൾക്ക് വെള്ളവും ഉപജീവനവും തരും. ഞങ്ങൾ നിന്നിൽ വേല ചെയ്യുകയും നിന്നെ പരിപാലിക്കുകയും ചെയ്യും.

ഉടമ്പടി ലംഘിച്ചവന്റെ കുറ്റബോധത്തോടെയും ആത്മനിന്ദയോടെയും ദിനകരൻ നിൽക്കുന്നു.

മണ്ണിന്നടിയിൽ കിടക്കുന്നത് അനേകം തലമുറകളെ ഊട്ടിവളർത്തിയ മഹാനീർത്തടമാണ്. ഇനിയും അനേകം തലമുറകളെ ഊട്ടിവളർത്താൻ കെല്പുണ്ടായിരുന്നവൾ. ജീവൻ കൊടുത്തും പരിപാലിക്കേണ്ടതായിരുന്നു... പരിപാലിച്ചില്ല.

"വേഗം വായോ കുട്ടീ..."

ദേവകി വിളിച്ചുപറഞ്ഞു.

"എങ്ങടാ നിങ്ങള് ഓടണേ ദേവ്വോമ്മേ?" ദിനകരൻ അസ്വസ്ഥനായി ചോദിച്ചു. ദേവകി അത് കേട്ടില്ല. കുമാരന്റെ ഭൂമിയുടെ അതിരിലെ നക്ഷത്രക്കണ്ടലുകളുടെ കരിംപച്ചക്കുള്ളിൽ ദൂരന്നേ കാണാമായിരുന്നു, കുഞ്ഞിമാതുമ്മയുടെ വെളുത്ത വസ്ത്രങ്ങൾ.

"അവരവിടെ എന്തെടുക്ക്വാ?"

"വെറ്തെ വെള്ളത്തില് ഇങ്ങനെ കുത്തിരിക്കാ അവള്! വിളിച്ചാ കേക്കില്ല, മിണ്ടാട്ടോല്യാ ഉരിയാട്ടോല്യ."

തോളത്തിട്ട തോർത്തുകൊണ്ട് കണ്ണുതുടച്ച് ഓട്ടം നിർത്തി ദേവകി ദിനകരന്റെ ഒപ്പം നടന്നു.

"പത്തു പതിനാല് ദിവസായി, ഏറ്റം വര്ണില്യാ, വര്ണില്യാന്നും പറഞ്ഞ് കുഞ്ഞിമാതു വെസനിയ്ക്ക്ണൂ. ആ മണ്ണുംതിണ്ടേമ്മേന്ന് എന്ത്ചെയ്താ എഴുന്നേറ്റ് പോരില്ല. ഏറ്റം വന്നിട്ട് മുങ്ങാൻ കാത്തിരിക്കാത്രേ!"

വേലിയേറ്റത്തിൽ മുങ്ങിപ്പോകുന്ന ആ മൺതിണ്ടിന്മേൽ ഇരുന്ന് ദിനകരനും വേലിയേറ്റം കണ്ടിട്ടുണ്ട്, അറിഞ്ഞിട്ടുണ്ട്. കാത്തുകാത്തിരിക്കണം. അങ്ങനെ ഇരിക്കുമ്പോൾ മെല്ലെ

കേൾക്കാൻ തുടങ്ങും, മൺതിണ്ടിന്മേൽ വെള്ളം വന്നലയ്ക്കുന്ന മൃദുശബ്ദം. മർമ്മരംപോലെ ഗ്ള്..ഗ്ള്..ഗ്ള്... നോക്കിക്കൊണ്ടിരിക്കെയാണ് വെള്ളം പൊങ്ങുക. വെള്ളം പൊങ്ങി മൺതിണ്ട് മുങ്ങും. ദിനകരൻ മുങ്ങും. വെള്ളം തലയ്ക്കുമീതെക്കൂടി കടന്നുപോകാൻ ശ്വാസം പിടിച്ചിരിക്കുന്നത് ഒരു പരിശീലനമാണ്. അതൊരാഘോഷമാണ്, വെള്ളത്തെ അറിയലാണ്. ആ വരവില്ലെങ്കിൽ ജീവിതമില്ല, നെല്ലില്ല, മീനില്ല.

എത്ര ഏറ്റവുമിറക്കവും കണ്ടവളാണ് കുഞ്ഞിമാത്വമ്മ! ഇനി ദേശത്തേക്ക് വെള്ളം കേറിവരില്ലെന്ന തോന്നൽ അവരെ അമ്പരപ്പിച്ചിട്ടുണ്ടാവും.

"എന്തിനാത്? തലയ്ക്കുമീതെ വെള്ളം വന്നാ അതുക്കു മീതെ തോണി! അല്ലാണ്ടെന്താ? വെള്ളം വന്നാ വന്നപോലെ ജീവിക്കും. വന്നില്ലെങ്കിൽ വരാത്തപോലെ ജീവിക്കണം. അതിനുപകരം ഇങ്ങനെ വെള്ളത്തില് കുത്തിര്ന്ന്ട്ട് എന്താ കാര്യം?"

കണ്ടലിന്റെ വേരിൽ പിടിച്ചുതൂങ്ങി വെള്ളത്തിലേക്കിറങ്ങുമ്പോൾ ദേവകി പറഞ്ഞു കൊണ്ടേയിരുന്നു. കുഞ്ഞിമാത്വമ്മയുടെ മുഖത്ത് ഭാവഭേദങ്ങളൊന്നുമില്ല. അരയ്ക്കൊപ്പം



വെള്ളത്തിലാണ് ഇരിപ്പ്. നനഞ്ഞ ഉടൽ വിറയ്ക്കുന്നുണ്ട്. കൈകൾ നെഞ്ചത്ത് പിണച്ചു കെട്ടിയിരിക്കുന്നു. ചത്ത മത്സ്യങ്ങളെപ്പോലെ വിളറിവെളുത്ത വിരലുകൾ. ചുണ്ടുകൾ കറുത്തുപോയിട്ടുണ്ട്. കാർത്ത്യാനി വിഷാദത്തോടെ അടുത്തിരിക്കുന്നുണ്ട്.

"പോവാം, കുഞ്ഞിമാത്വമ്മേ?" ദിനകരൻ ചോദിച്ചു.

കുഞ്ഞിമാത്വമ്മ അവനെ സൂക്ഷിച്ചുനോക്കി.

"എങ്ങോട്ട്?"

"വീട്ടിലേക്ക്."

"ഒറ്റയ്ക്കാ?"

"ഒറ്റയ്ക്കല്ലല്ലോ. ഞങ്ങളൊക്കെ ഇല്ല്യേ?"

"അതന്യാ ചോദിച്ചേ. നമ്മള് ഒറ്റയ്ക്കങ്ങട് പോയാ പറ്റ്വോ?"

ദിനകരന് മനസ്സിലായില്ല. അവൻ കാർത്ത്യാനിയുടെ മുഖത്തേയ്ക്ക് നോക്കി. കാർത്ത്യാനി മൂക്കത്ത് വിരൽ വെച്ചു.

അത് കണ്ടോ! കുഞ്ഞിമാത്വമ്മ കുമാരൻ കെട്ടിപ്പൊക്കിയ കരിങ്കൽക്കെട്ടുകളിലേക്ക് ചൂണ്ടിക്കാട്ടി.

"ചെന്നു നോക്ക്."

ദിനകരൻ കണ്ടു.

കരിങ്കൽക്കെട്ടുകളിൽ വന്നലച്ചു നിലവിളിക്കുന്ന വെള്ളം.

"ഞാനെങ്ങടൂല്ല്യ... നിങ്ങള് പൊയ്ക്കോ."

കുഞ്ഞിമാത്വമ്മ പറഞ്ഞു.

(ആതി-സാറാ ജോസഫ്)

## വാക്യങ്ങൾ കണ്ടെത്താം, പറയാം

താഴെക്കൊടുത്ത കഥാസന്ദർഭങ്ങളും ആശയങ്ങളും ഉൾക്കൊള്ളുന്ന വാക്യങ്ങൾ കഥയിൽനിന്നു കണ്ടെത്തി വായിച്ചവതരിപ്പിക്കൂ.

- ദിനകരന്റെ സ്വപ്നം
- പുറംലോകം കൊച്ചുപ്രദേശങ്ങളോടു ചെയ്യുന്ന കാര്യങ്ങൾ
- ദിനകരൻ കണ്ടെത്തിയ ലളിതമായ സത്യം.

- കൃഷിക്കാരന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട അഞ്ചു കാര്യങ്ങൾ.
- ദിനകരന്റെ അമ്മയ്ക്ക് വിചിത്രമായി തോന്നിയ സംഭവം.
- ഗണേശസുബ്രഹ്മണ്യത്തിന്റെ സ്ഥലത്തിന്റെ അവസ്ഥ.
- ആതിയിലെ തടാകം ദേശവുമായി ചെയ്ത സ്നേഹത്തിന്റെ ജല ഉടമ്പടി.
- ഒരു ആഘോഷമായും വെള്ളത്തെ തിരിച്ചറിയലായും വിശേഷിപ്പിച്ച കാര്യം.
- വെള്ളത്തിലിറങ്ങിയിരിക്കുന്ന കുഞ്ഞിമാത്വമ്മയുടെ രൂപവും ഭാവവും.
- കുഞ്ഞിമാത്വമ്മ ദിനകരനോടു പറഞ്ഞ മറുപടി.

## കുഞ്ഞിമാത്വമ്മയും വെള്ളവും തമ്മിൽ...

"കുഞ്ഞിമാത്വമ്മയുടെ മുഖത്ത് ഭാവഭേദങ്ങളൊന്നുമില്ല. അരയ്ക്കൊപ്പം വെള്ളത്തിലാണ് ഇരിപ്പ്."

"കരിങ്കൽക്കെട്ടുകളിൽ വന്നലച്ചു നിലവിളിക്കുന്ന വെള്ളം."

കുഞ്ഞിമാത്വമ്മയോടും ആതിയിലെ മറ്റുള്ളവരോടും വെള്ളത്തിന് എന്തെല്ലാമോ പറയാനുണ്ടായിരുന്നു. കുഞ്ഞിമാത്വമ്മയ്ക്ക് കരിങ്കൽക്കെട്ടുകളിൽ നിലവിളിച്ചുകൊണ്ട് വന്നലയ്ക്കുന്ന ആ വെള്ളത്തിനോടും ചിലതു പറയാനുണ്ടായിരുന്നു.

വെള്ളവും കുഞ്ഞിമാത്വമ്മയും തമ്മിലുള്ള സംഭാഷണം എഴുതിനോക്കൂ.

## നിങ്ങളുടെ പ്രതികരണം

ഗാന്ധിജി ഇങ്ങനെ പറഞ്ഞു:

*"എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾക്കുള്ള വിഭവങ്ങൾ ഭൂമിയിലുണ്ട്. എന്നാൽ ഒരാളുടെയും ആർത്തി തീർക്കാനുള്ള വിഭവങ്ങൾ ഭൂമിയിലില്ല."*

ആതിയിലെ മനുഷ്യരുടെ കഥ ഭൂമിയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട ചില പ്രധാനകാര്യങ്ങൾ പറയുന്നുണ്ട്.

ഗാന്ധിജിയുടെ വാക്കുകൾകൂടി ഈ കഥയുമായി ചേർത്ത് വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞുവരുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ച് പ്രതികരണക്കുറിപ്പ് തയ്യാറാക്കൂ.

## കുഞ്ഞിമാത്വമ്മയെന്ന കഥാപാത്രം

"വെറ്തെ വെള്ളത്തില് ഇങ്ങനെ കുത്തിരിക്കാ അവള്! വിളിച്ചാ കേക്കില്ല, മിണ്ടാട്ടോല്യാ ഉരിയാട്ടോല്യ."

എത്ര ഏറ്റവുമിറക്കവും കണ്ടവളാണ് കുഞ്ഞിമാത്വമ്മ!

ചത്ത മത്സ്യങ്ങളെപ്പോലെ വിളറിവെളുത്ത വിരലുകൾ. ചുണ്ടുകൾ കറുത്തുപോയിട്ടുണ്ട്.

"ഞാനെങ്ങടൂല്യ... നിങ്ങള് പൊയ്ക്കോ." കുഞ്ഞിമാത്വമ്മ പറഞ്ഞു.

ഈ വാക്യങ്ങൾ കുഞ്ഞിമാത്വമ്മയുടെ ചില സവിശേഷതകൾ പറഞ്ഞുതരുന്നുണ്ട്. ഇവയും കഥാഭാഗത്തിലുള്ള മറ്റു സൂചനകളുമെല്ലാം ചേർത്ത് കഥാപാത്രനിരൂപണം തയ്യാറാക്കൂ.

## വെള്ളം, മണ്ണ്

"വെള്ളത്തിൽ വരച്ച വരപോലെയല്ല മണ്ണിൽ വരയ്ക്കുന്ന വരകൾ."

നോവൽഭാഗത്തിൽ ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്? ഈ പ്രയോഗത്തിന്റെ ആശയമെന്താണ്? നിങ്ങളുടെ അഭിപ്രായങ്ങൾ പറഞ്ഞവതരിപ്പിക്കൂ.

## പ്രകൃതിയും മനുഷ്യനും

"മണ്ണിന്നടിയിൽ കിടക്കുന്നത് അനേകം തലമുറകളെ ഊട്ടിവളർത്തിയ മഹാനീർത്തടമാണ്. ഇനിയും അനേകം തലമുറകളെ ഊട്ടിവളർത്താൻ കെല്പുണ്ടായിരുന്നവൾ. ജീവൻ കൊടുത്തും പരിപാലിക്കേണ്ടതായിരുന്നു... പരിപാലിച്ചില്ല."

പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ ഇടപെടലിനെക്കുറിച്ചാണല്ലോ ഇവിടെ പറഞ്ഞിട്ടുള്ളത്.

ഈ വിഷയത്തെക്കുറിച്ച് ഒരു ലഘുഉപന്യാസമെഴുതൂ.

ഉപന്യാസത്തിൽ എന്തെല്ലാം ഉൾപ്പെടണം? അവ എങ്ങനെ ക്രമപ്പെടുത്തി എഴുതണം?

- പ്രകൃതിയുടെ സ്വാഭാവികമായ അവസ്ഥ
- മനുഷ്യന്റെ ഇടപെടൽ
- ആവാസവ്യവസ്ഥയ്ക്കു വരുന്ന മാറ്റം
- ജലക്ഷാമം
- പ്രകൃതിദുരന്തങ്ങൾ
- ജീവിവർഗങ്ങളുടെ വംശനാശം

4

# അറിഞ്ഞു വിടരാം





അമ്പതിനായിരത്തിൽപ്പരം പരീക്ഷണങ്ങൾ നടത്തിയിട്ടാണ് സ്റ്റോറേജ് ബാറ്ററിയുണ്ടാക്കാൻ എഡിസനു കഴിഞ്ഞത്.

ഇതറിഞ്ഞ ഒരു സുഹൃത്ത് അദ്ദേഹത്തോടു ചോദിച്ചു:

"അമ്പതിനായിരം പരാജയങ്ങൾക്കൊടുവിലാണല്ലോ നിങ്ങൾ സ്റ്റോറേജ് ബാറ്ററി കണ്ടെത്തുന്നതിൽ വിജയിച്ചത്, അല്ലേ?"

എഡിസന്റെ മറുപടി പെട്ടെന്നായിരുന്നു.

"നിങ്ങളുടെ വിലയിരുത്തൽ ഒട്ടുംതന്നെ ശരിയല്ല. ബാറ്ററി നിർമ്മിക്കാൻ പര്യാപ്തമല്ലാത്ത അമ്പതിനായിരം വഴികളാണ് ഞാനാദ്യം കണ്ടെത്തിയത്."

- സുഹൃത്തിന്റെ ചോദ്യത്തോട് എഡിസൺ എങ്ങനെയാണ് പ്രതികരിച്ചത്?
- എഡിസന്റെ പ്രതികരണത്തിലൂടെ നിങ്ങൾ മനസ്സിലാക്കുന്നതെന്താണ്?
- പലതവണ പരിശ്രമിച്ച് ഒടുവിൽ വിജയിച്ച ഏതെങ്കിലും അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടുണ്ടോ?

നിങ്ങളുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ക്ലാസിൽ പങ്കുവയ്ക്കൂ.

***ശാസ്ത്രപരീക്ഷണങ്ങളിലൂടെ മാത്രമാണോ നമ്മൾ മുന്നേറുന്നത്? പുതിയ പുതിയ കണ്ടെത്തലുകളിലേക്ക് നമ്മൾ എത്തിച്ചേരുന്നതെങ്ങനെയാണ്?***

*ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന ജവഹർലാൽ നെഹ്റു, 1930-33 കാലഘട്ടത്തിൽ ജയിലിൽവച്ച് മകൾ പത്തുവയസ്സുകാരി ഇന്ദിരയ്ക്ക് അയച്ച കത്തുകളുടെ സമാഹാരമായ **വിശ്വചരിത്രാവലോകത്തിൽ**നിന്ന് എടുത്ത ഭാഗമാണിത്.*



# ശാസ്ത്രം മുന്നേറുന്നു

ഓമനേ, നിനക്കു ഞാൻ എന്തെഴുതട്ടെ! ഞാൻ എവിടെനിന്നു തുടങ്ങട്ടെ! ഭൂതകാലത്തെപ്പറ്റി ഓർക്കുമ്പോൾ അനവധി ചിത്രങ്ങൾ എന്റെ മനസ്സിലൂടെ കുതിച്ചുപായുന്നു. എനിക്ക് ഏറ്റവും പ്രിയപ്പെട്ടവയാണ് അവയിൽ ചിലത്. ഉടൻ ഞാൻ അവയെക്കുറിച്ച് മനോരാജ്യംകൊള്ളുകയായി. മിക്കവാറും അറിയാതെതന്നെ. കഴിഞ്ഞുപോയ സംഭവങ്ങളെ ഇന്ന് നടക്കുന്നവയുമായി താരതമ്യപ്പെടുത്തി അതിൽനിന്ന് നിനക്കു മാർഗനിർദേശം നൽകാൻ കഴിയുന്ന ചില പാഠങ്ങൾ കുറിക്കട്ടെ.

മനുഷ്യർ എത്രയോ മുമ്പു ജീവിച്ചിരുന്ന എല്ലാത്തരം തിര്യക്കുകളെക്കാൾ കൗതുകകരമായൊരു ജീവിയാണ്. കാരണം, മറ്റൊരു ജീവിക്കുമില്ലാത്ത ഒരു വിശേഷവസ്തുവുംകൊണ്ടാണ് അവൻ വന്നത്. മനസ്സ് - ജിജ്ഞാസ - അന്വേഷിക്കുവാനും മനസ്സിലാക്കുവാനുമുള്ള ആഗ്രഹമാണ് അത്. അങ്ങനെ ആദികാലംമുതൽക്കുതന്നെ മനുഷ്യരുടെ അന്വേഷണം ആരംഭിച്ചു.

ഒരു ശിശുവിനെ സൂക്ഷിച്ചുനോക്കൂ. അതെങ്ങനെ തന്റെ ചുറ്റുപാടുമുള്ള നൂതനവും ആശ്ചര്യകരവുമായ ലോകത്തെ മിഴിച്ചുനോക്കുന്നു? എങ്ങനെ ആളുകളെയും പദാർഥങ്ങളെയും തിരിച്ചറിയാൻ തുടങ്ങുന്നു? എങ്ങനെ ഓരോന്ന് മനസ്സിലാക്കുന്നു? ഒരു ചെറിയ പെൺകുട്ടിയെ എടുക്കൂ. ആരോഗ്യവും പ്രസരിപ്പുമുള്ള ഒരു കുട്ടിയാണ് അവളെങ്കിൽ എന്തെല്ലാം കാര്യങ്ങളെക്കുറിച്ച് എന്തൊക്കെ ചോദ്യങ്ങൾ അവൾ ചോദിക്കും!

ഇതേവിധംതന്നെ ചുറ്റുമുള്ള ലോകം നൂതനവും ആശ്ചര്യകരവും ഒട്ടേറെ ഭയജനകവും ആയിരുന്ന ആ ചരിത്രാരംഭത്തിൽ ശിശുപ്രായരായ മനുഷ്യർ അദ്ഭുതത്തോടെ ചുറ്റുപാടും മിഴിച്ചുനോക്കീട്ടുണ്ടാവും; പല ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടാവും. എന്നാൽ അവൻ തന്നോടല്ലാതെ ആരോടു ചോദിക്കാനാണ്? വേറെ ആരുണ്ട് അന്നു മറുപടി പറയാൻ? എങ്കിലും അവന്റെ പക്കൽ വിസ്മയാവഹമായ ഒരു വസ്തു ഉണ്ടായിരുന്നു - മനസ്സ്. ഇതിന്റെ സഹായത്തോടുകൂടി സാവധാനത്തിലും പണിപ്പെട്ടും അവൻ അനുഭവങ്ങൾ ശേഖരിച്ചുതുടങ്ങുകയും അവയിൽനിന്ന് പലതും പഠിക്കുകയുംചെയ്തു. അങ്ങനെ ആദ്യകാലംമുതൽക്ക് ഇന്നോളം മനുഷ്യരുടെ അന്വേഷണം തുടർന്നുപോന്നു. പലതും അവർ ഇതിനിടയ്ക്കു കണ്ടുപിടിച്ചു.

പത്തൊമ്പതാംനൂറ്റാണ്ട് പുരോഗമിച്ചതോടെ മാറ്റത്തിന്റെ ഗതിക്കു വേഗത കൂടി. ശാസ്ത്രം ഒന്നിനൊന്നു പുറകേ പല അദ്ഭുതങ്ങളും സാധിച്ചു. കണ്ടുപിടുത്തത്തിന്റെയും നിർമ്മാണത്തിന്റെയും ഈ നിരവസാനമായ ഘോഷയാത്ര ആളുകളുടെ കണ്ണഞ്ചിപ്പിച്ചു. ഈ കണ്ടുപിടുത്തങ്ങളിൽ പലതും ജനങ്ങളുടെ ജീവിതത്തിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തി.



കമ്പി, ദൂരശ്രവണയന്ത്രം, മോട്ടോർ വാഹനം, അവസാനമായി വിമാനം എന്നിവ വഴിക്കുവഴിയേ പ്രത്യക്ഷപ്പെട്ടു. അങ്ങേയറ്റത്ത് ഏറ്റവും വിദൂരവർത്തിയായ ജ്യോതിർഗോളങ്ങളെയും ഇങ്ങേയറ്റത്ത് അദൃശ്യമായ പരമാണുവിനെയും അതിന്റെ അവാന്തരഘടകങ്ങളെപ്പോലും അളന്നു തിട്ടപ്പെടുത്താൻ ശാസ്ത്രം സാഹസപ്പെട്ടു. അത് മനുഷ്യരുടെ ക്ലേശങ്ങളെ ലഘൂകരിച്ചു. അനേകലക്ഷം ആളുകൾക്ക് ജീവിതം കൂടുതൽ ശ്രമരഹിതവും സുഖകരവുമായിത്തീർന്നു. ലോകത്തിന്റെ ജനസംഖ്യ ഗണ്യമായി വർധിക്കാൻ തുടങ്ങി; വ്യവസായ പ്രധാനമായ രാജ്യങ്ങളിൽ വിശേഷിച്ചും. അതോടൊപ്പംതന്നെ ശാസ്ത്രം നശീകരണത്തിനുള്ള ഏറ്റവും സമർഥമായ സാമഗ്രികളും സൃഷ്ടിച്ചുവച്ചു. എന്നാൽ ഇത് ശാസ്ത്രത്തിന്റെ തെറ്റായിരുന്നില്ല.

പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ ആജ്ഞാശക്തിയെ വർധിപ്പിക്കുകയായിരുന്നു ശാസ്ത്രത്തിന്റെ ജോലി. ആ ജോലി അത് മുറയ്ക്കു നിർവഹിച്ചു. എന്നാൽ, പ്രകൃതിയുടെമേൽ ഇത്രയും ആജ്ഞാശക്തി നേടിയ മനുഷ്യനാകട്ടെ, തന്നത്താൻ ആജ്ഞാപിക്കേണ്ടതെങ്ങനെയെന്ന് അറിഞ്ഞുകൂടായിരുന്നുതാനും. അതിനാൽ അയാൾ പലപ്പോഴും പിഴച്ചു പെരുമാറുകയും ശാസ്ത്രത്തിന്റെ സമ്മാനങ്ങളെ ദുരുപയോഗപ്പെടുത്തുകയുംചെയ്തു. എന്നിട്ടും ശാസ്ത്രം അതിന്റെ മുന്നോട്ടുള്ള ജൈത്രയാത്ര മുറയ്ക്കുതുടർന്നു. വെറും ഒരു നൂറ്റമ്പതു വർഷത്തിനിടയ്ക്ക് അത് അതിനുമുമ്പുണ്ടായ എല്ലാ സഹസ്രാബ്ദങ്ങൾക്കുംകൂടി ഒട്ടാകെ സാധിച്ചതിലേറെ ലോകത്തെ ആകെ മാറ്റിമറിക്കുകയുംചെയ്തു. ഏതു വഴിക്കു നോക്കിയാലും, ജീവിതത്തിന്റെ ഏതു തുറയെടുത്താലും ശാസ്ത്രം ലോകത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായി കാണാം.

ശാസ്ത്രത്തിന്റെ ഈ മുന്നേറ്റം ഇന്നും തുടർന്നുവരികയാണ്. അത് അധികമധികം വേഗത്തിൽ മുമ്പോട്ടു കുതിച്ചുകൊണ്ടിരിക്കുന്നു. അതിനു വിശ്രമമില്ല. ഒരു തീവണ്ടിപ്പാത നിർമ്മിക്കുന്നു. മുഴുമിച്ച് പ്രവർത്തിക്കാറാവുമ്പോഴേക്കുതന്നെ അത് പഴഞ്ചനായിക്കഴിഞ്ഞു! നാം ഒരു യന്ത്രം വാങ്ങി സ്ഥാപിക്കുന്നു. ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോഴേക്ക് അതേ തരത്തിലുള്ള കൂടുതൽ നൂതനവും പ്രവർത്തനക്ഷമവുമായ യന്ത്രങ്ങൾ വരികയായി. അങ്ങനെ പോകുന്നു പുരോഗതിയുടെ ഈ തുടർച്ച.

(വിശ്വചരിത്രാവലോകം : ഭാഗം 2
- ജവഹർലാൽ നെഹ്റു
വിവർത്തനം : വി. രാമനുണ്ണിമേനോൻ)

## കണ്ടെത്താം, പറയാം

- "മനുഷ്യർ എത്രയോ മുമ്പു ജീവിച്ചിരുന്ന എല്ലാത്തരം തിര്യക്കുകളെക്കാൾ കൗതുകകരമായൊരു ജീവിയാണ്." മനുഷ്യന് മറ്റു ജീവികളേക്കാൾ എന്തു വ്യത്യസ്തതയുണ്ടെന്നാണ് നെഹ്റു സൂചിപ്പിക്കുന്നത്?
- "എന്നാൽ അവൻ തന്നോടല്ലാതെ ആരോടു ചോദിക്കാനാണ്? വേറെ ആരുണ്ട് അന്നു മറുപടി പറയാൻ?" ചോദ്യങ്ങൾക്കുത്തരം കണ്ടെത്താൻ മനുഷ്യനു കഴിഞ്ഞതെങ്ങനെ?
- "എന്നാൽ ഇത് ശാസ്ത്രത്തിന്റെ തെറ്റായിരുന്നില്ല." എന്തിനെക്കുറിച്ചാണ് ഈ വാക്യം സൂചിപ്പിക്കുന്നത്?
- "പത്തൊമ്പതാംനൂറ്റാണ്ട് പുരോഗമിച്ചതോടെ മാറ്റത്തിന്റെ ഗതിക്ക് വേഗത കൂടി." ഈ പ്രസ്താവനയ്ക്കു തെളിവായി ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളെന്തെല്ലാമാണ്?
- ശാസ്ത്രത്തിന്റെ സമ്മാനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതിന്റെ കാരണമായി പറഞ്ഞിട്ടുള്ള കാര്യം എന്താണ്?

## അറിയുവാനൊത്തിരി ബാക്കി

അറിഞ്ഞോതേണ്ടതൊക്കേയും
പറഞ്ഞിട്ടില്ല പൂർവികർ,
അറിഞ്ഞാലും പറഞ്ഞാലു-
മൊടുങ്ങാതുണ്ടു വാസ്തവം.

(പദ്യകൃതികൾ - സഹോദരൻ അയ്യപ്പൻ)

ഈ കവിതാഭാഗം എന്തെല്ലാം പറയുന്നുണ്ട്?

കഴിഞ്ഞ കാലത്ത് എല്ലാ അറിവുകളും കണ്ടെത്തിയിട്ടില്ല.

ഇനിയും ഒട്ടേറെ കാര്യങ്ങൾ കണ്ടെത്താനുണ്ട്.

.....................................................................

.....................................................................

നെഹ്റുവിന്റെ ലേഖനം വീണ്ടും വായിക്കൂ. അറിവിനെക്കുറിച്ച് ഈ കവിതാഭാഗത്തിൽ സൂചിപ്പിക്കുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്തി വിശകലനക്കുറിപ്പ് തയ്യാറാക്കൂ.

## പ്രയോഗഭംഗി

ആശയം ശക്തമായും പൂർണ്ണമായും വായനക്കാരിലേക്ക് എത്തിക്കുന്നതിനായി എഴുത്തുകാർ പ്രത്യേക പ്രയോഗങ്ങൾ ഉൾപ്പെടുത്താറുണ്ട്. മനോരാജ്യംകൊള്ളുക, മിഴിച്ചുനോക്കുക തുടങ്ങിയ പ്രയോഗങ്ങൾ നോക്കൂ. ഈ ലേഖനത്തിൽ ഇനിയും ഇതുപോലുള്ള പ്രയോഗങ്ങളുണ്ട്. അവ കണ്ടെത്തി എഴുതൂ.

## ചിഹ്നങ്ങളുടെ കാര്യം

"ഒരു തീവണ്ടിപ്പാത നിർമ്മിക്കുന്നു. മുഴുമിച്ച് പ്രവർത്തിക്കാറാവുമ്പോഴേക്കുതന്നെ അത് പഴഞ്ചനായിക്കഴിഞ്ഞു!"

വാക്യങ്ങൾ പൂർത്തിയാകുമ്പോൾ സാധാരണയായി പൂർണ്ണവിരാമം (.) ഉപയോഗിക്കാറുണ്ട്.

ഇവിടെ പഴഞ്ചനായിക്കഴിഞ്ഞു എന്ന വാക്യം അവസാനിക്കുന്നിടത്ത് ആശ്ചര്യചിഹ്ന(!)മാണുള്ളത്.

ഏതെല്ലാം സന്ദർഭങ്ങളിലാണ് നാം വാക്യങ്ങളിൽ ആശ്ചര്യചിഹ്നമുപയോഗിക്കുന്നത്?

ഇത് വാക്യത്തിന്റെ അർഥത്തിനുണ്ടാക്കുന്ന വ്യത്യാസമെന്താണ്?

ഈ വാക്യങ്ങൾ ശ്രദ്ധിക്കൂ. ചിഹ്നം ചേർത്തു വായിക്കുമ്പോൾ വാക്യങ്ങളിൽ വരുന്ന അർഥവ്യത്യാസം കണ്ടെത്താമോ?

| | |
|---|---|
| കുഞ്ഞ് നടക്കാൻ തുടങ്ങി | കുഞ്ഞ് നടക്കാൻ തുടങ്ങി! |
| ഈ പൂവിന് നല്ല ഭംഗിയുണ്ട്. | ഹായ്! ഈ പൂവിനെന്തൊരു ഭംഗി! |
| ആരാണീ വരുന്നത്? | ആരാണീ വരുന്നത്! |
| വല്ലാത്ത ബഹളം. | വല്ലാത്ത ബഹളം! |
| | |
| | |
| | |

പാഠത്തിൽ ആശ്ചര്യചിഹ്നമുപയോഗിച്ചിരിക്കുന്ന മറ്റു വാക്യങ്ങൾകൂടി കണ്ടെത്തൂ.

ഇനി, ആശ്ചര്യചിഹ്നം ഉപയോഗിച്ചുള്ള ഏതാനും വാക്യങ്ങൾ സ്വന്തമായെഴുതാമല്ലോ...



*മനുഷ്യർ മാത്രമല്ല, പക്ഷികളും നിരവധി പരിശ്രമങ്ങൾ നടത്തിയാണ് ജീവിക്കാനാവശ്യമായ പല കഴിവുകളും നേടുന്നത്.*

# ആദ്യത്തെ പറക്കൽ

ബാലനായ ആ കടൽക്കോഴി ഒരു പാറയിൽ ഏകനായി ഇരിക്കുകയാണ്. അവനു രണ്ടു സഹോദരന്മാരും ഒരു സഹോദരിയുമുണ്ട്. തലേദിവസം അവർ അവിടെനിന്നു പറന്നുപൊയ്ക്കഴിഞ്ഞിരുന്നു.

അവരോടുകൂടി പറക്കാൻ അവനു ധൈര്യമുണ്ടായിരുന്നില്ല. ആ പാറയുടെ വക്കുവരെ ഓടിച്ചെന്നിട്ട് അവൻ ചിറകടിക്കാൻ തുടങ്ങി. അപ്പോൾ അവന് പേടിതോന്നി.

താഴെ സമുദ്രം നോട്ടമെത്താത്ത ദൂരത്തിൽ പരന്നുകിടക്കുന്നു. അതിൽ എത്തുവാൻ വളരെയധികം ദൂരമുണ്ടെന്ന് അവൻ വിചാരിച്ചു. ഈ യാത്രയിൽ തന്റെ ചിറകുകൾ തനിക്കുതകുന്നതല്ലെന്നായിരുന്നു അവന്റെ ദൃഢമായ വിശ്വാസം. തന്നിമിത്തം, അവൻ രാത്രിയിൽ കിടന്നുറങ്ങാറുള്ള ചെറിയ വിടവിലേക്ക് തലകുനിച്ചുകൊണ്ട് ഓടിപ്പോന്നു.

അവന്റേതിനോളം നീണ്ടവയല്ലാത്ത ചിറകുകളുള്ള ജ്യേഷ്ഠന്മാരും കൊച്ചുസഹോദരിയും പാറയുടെ വക്കിലേക്കോടിച്ചെന്ന് ചിറകടിച്ചു പറന്നുപോയത് അവൻ കണ്ടതാണ്. അപ്പോൾപ്പോലും, അത്യധികം സാഹസികമായി തോന്നിയിരുന്ന കീഴോട്ടുള്ള ചാട്ടത്തിനുവേണ്ട ധൈര്യം അവനിൽ ജനിച്ചില്ല.

അവന്റെ മാതാപിതാക്കൾ അവിടെവന്ന് അവന്റെ ചുറ്റും പറന്നുകൊണ്ടിരുന്നു. അവർ ഉറക്കെ അവനെ വിളിച്ചു; ശാസിച്ചു. പറന്നില്ലെങ്കിൽ അവിടെ തനിച്ചു പട്ടിണികിടന്നു ചാകുമെന്നു ഭയപ്പെടുത്തി. പക്ഷേ, ജീവരക്ഷാർഥംപോലും പറക്കാൻ തനിക്കു സാധിക്കുന്നതല്ലെന്ന് അവനു വിചാരമുണ്ടായിരുന്നതുപോലെ തോന്നി.

തലേദിവസം പകൽ മുഴുവനും തന്റെ അച്ഛനമ്മമാരും സഹോദരീസഹോദരന്മാരും ഒന്നിച്ചു ചുറ്റിപ്പറക്കുന്നത് അവൻ കണ്ടിരുന്നു. മൂത്ത ചേട്ടൻ ഒരു ഹെറിങ് മത്സ്യത്തെ പിടിക്കുന്നതും, അതിനെ വിഴുങ്ങുന്നതും, മാതാപിതാക്കൾ അഭിമാനം സൂചിപ്പിക്കുംവിധം കരഞ്ഞുകൊണ്ട് അവനെ വട്ടമിടുന്നതും



അവൻ ഒരു പാറയിൽനിന്നു കാണുകയുണ്ടായി. അന്ന് രാവിലെ മുഴുവൻ താനിരുന്ന പാറയ്ക്കെതിരെയുള്ള ഒരു പാറയുടെ മധ്യത്തിലെ വലിയ സമതടത്തിൽ നടന്നുകൊണ്ട് ആ കുടുംബക്കാരെല്ലാം തന്റെ ഭീരുത്വത്തിനു തന്നെ കുറ്റം പറയുന്നതുംകൂടി അവൻ കേൾക്കാതിരുന്നില്ല.

ആ പാറയുടെ അടുത്തു തപ്പിയപ്പോൾ ഒരിത്തിരി ആഹാരംപോലും അവിടെ അവശേഷിച്ചിരുന്നില്ല.

ഒരു സ്ഥലവും അവൻ അന്വേഷണത്തിൽനിന്ന് ഒഴിച്ചിട്ടിരുന്നില്ല. അവനും സഹോദരന്മാരും സഹോദരിയും മുട്ടയിൽനിന്നു പുറത്തുവന്നപ്പോൾ കിടന്ന പരുപരുത്തതും അഴുക്കുനിറഞ്ഞതുമായ വൈക്കോൽക്കൂടിൽപ്പോലും അവൻ തിരയുകയുണ്ടായി. പുള്ളികളോടുകൂടിയ ആ മുട്ടത്തോടിന്റെ ഉണങ്ങിയ കഷണങ്ങൾ കൊത്തിത്തിന്നുനോക്കി. അവനപ്പോൾ, സ്വന്തം ശരീരത്തിന്റെ അംശം തിന്നുന്നതുപോലെയാണ് തോന്നിയത്.

പാറയുടെ ചാരനിറമായിരുന്നു അവന്റെയും.

അവൻ കൂടിന്റെ ഒരറ്റംമുതൽ മറ്റേതുവരെ ലാത്തിനടന്നുനോക്കി. പറക്കാതെ മാതാപിതാക്കന്മാരുടെ സമീപമെത്തുവാനുള്ള മാർഗമാലോചിച്ചുകൊണ്ട്, അങ്ങനെ തന്റെ ചാരനിറമുള്ള നീണ്ട കാലുകൾ ലളിതമായി നിലത്തുകുത്തി അവൻ നടന്നു. പക്ഷേ, അവന്റെ ഓരോ വശത്തും കീഴിൽ സമുദ്രമുള്ള കിഴുക്കാൻതൂക്കായ ചെരിവിൽ ആ പാറ അവസാനിച്ചിരുന്നു. അവന്റെയും മാതാപിതാക്കന്മാരുടെയും ഇടയ്ക്ക് അഗാധവും വീതിയേറിയതുമായ ഒരു ഗർത്തമുണ്ടായിരുന്നു.

പാറയുടെ വക്കത്ത് സാവധാനം അവൻ നടന്നു. അനന്തരം, ഒരു കാൽ ചിറകിനിടയിൽ ഒളിച്ചുവച്ച്, ഒറ്റക്കാലിൽ നിന്നുകൊണ്ട്, ഒറ്റക്കണ്ണടച്ചുവച്ച്, ഉറങ്ങുന്ന ഭാവം അഭിനയിച്ചു. എന്നിട്ടും അവർ കണ്ട ഭാവം കാണിച്ചില്ല.

സ്വന്തം തല കഴുത്തിൽ ചായ്ച്ചുവച്ച്, ചേട്ടന്മാരും സഹോദരിയും ആ സമതലത്തിൽ മയങ്ങിക്കിടക്കുന്നത് അവൻ കാണുകയുണ്ടായി. തന്റെ വെളുത്ത മുതുകത്തുള്ള തൂവലുകൾ ചിക്കി ഒതുക്കിക്കൊണ്ട് പിതാവ് അവിടെ ഇരിപ്പുണ്ടായിരുന്നു.

അവന്റെ മാതാവുമാത്രമേ അവനെ നോക്കിക്കൊണ്ടിരുന്നുള്ളു. ആ സമതലത്തിലെ ഒരു ചെറിയ മേടിൽ തന്റെ വെളുത്ത നെഞ്ച് മുന്നോട്ടുന്തിച്ചുകൊണ്ടാണ് അവൾ നിന്നിരുന്നത്. ഇടയ്ക്കിടയ്ക്ക്, അവൾ തന്റെ കാൽക്കലുണ്ടായിരുന്ന ഒരു മത്സ്യത്തെ കൊത്തിവിഴുങ്ങുകയും അനന്തരം, കൊക്കിന്റെ ഓരോ വശവും പാറയിൽ ഉരയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.

ആ ആഹാരം കണ്ട് അവൻ ഉന്മത്തനായി ഭവിച്ചു. അങ്ങനെ ആഹാരം കൊത്തി വിഴുങ്ങുവാനും, കൊക്കുരച്ച് മൂർച്ചകൂട്ടാനും അവൻ അതിയായി ആഗ്രഹിക്കുകയുണ്ടായി.

അവൻ പതുക്കെ ഒന്നു കരഞ്ഞു. അവന്റെ അമ്മയും കരഞ്ഞു. അവൾ അവനെ നോക്കുകയുംചെയ്തു.



ഗ... ഗാ... ഗാ...

തനിക്ക് ആഹാരം കൊണ്ടുവന്നുതരാനായി അവൻ കരഞ്ഞുകൊണ്ട് അവളോട് അപേക്ഷിക്കയാണ്.

ഗാ... ഊൽ... ആ...

ആക്ഷേപസ്വരത്തിൽ അവൾ മറുപടി നൽകി. പിന്നെയും അവൻ ദയനീയമാംവിധം കരഞ്ഞുകൊണ്ടിരുന്നു.

ഒരു മിനിട്ടുനേരം കഴിഞ്ഞപ്പോൾ അവൻ സന്തോഷംകൊണ്ട് ആർക്കുകയായി. കാരണം, ഒരു കഷ്ണം മീൻ കൊത്തിയെടുത്തുകൊണ്ട് അവൾ അവന്റെ നേരേ പറന്നുവന്നിരിക്കുന്നു! പാറയിൽ കാൽ തട്ടിനോക്കി, അവളുടെ ഏറ്റവും അടുക്കലുള്ള സ്ഥലത്തെത്താൻ. മുന്നോട്ടു തലനീട്ടി.

പക്ഷേ, അവൾ എന്തുചെയ്തെന്നോ? അവന് എതിരെയായി ആ പാറയുടെ മുമ്പിൽ എത്തിയപ്പോൾ പറക്കൽ നിറുത്തി. എന്നിട്ട്, നിർജീവമായി തൂങ്ങിക്കിടക്കുന്ന കാലുകളോടുകൂടി, അവന്റെ കൊക്കിനു പ്രായേണ എത്തിപ്പിടിക്കാവുന്ന ദൂരത്തിൽ, തന്റെ കൊക്കിൽ മത്സ്യക്കഷ്ണം വച്ചുകൊണ്ട്, ആ കുഴിയുടെ മീതേ നിന്നുകളഞ്ഞു!

അവൻ അദ്ഭുതപ്പെട്ടു; ഒരു നിമിഷം നിന്നുപോയി.

എന്തുകൊണ്ടാണ് അമ്മ എന്റെ വളരെയടുത്തു വരാത്തത്? അവൻ സ്വയം ചോദിച്ചു.

അനന്തരം പശി ജനിപ്പിച്ച ഭ്രാന്തുനിമിത്തം അവൻ ആ മീൻകഷ്ണം കൊത്തിയെടുക്കാൻ മുന്നോട്ടു കുതിച്ചു. ഉറക്കെ നിലവിളിച്ചുകൊണ്ട് അവൻ ആ ശൂന്യതയിലേക്ക് കീഴോട്ടു പോയി. അവന്റെ മാതാവാകട്ടെ, മുകളിലേക്കു പറന്നുകളയുകയാണു ചെയ്തത്.

അവളുടെ കീഴിലൂടെ പാഞ്ഞപ്പോൾ അവൻ ചിറകടി കേൾക്കുകയുണ്ടായി. പിന്നെ ഭീമമായ ഭയം അവനെ പിടികൂടി. ഇത് ഒരു നിമിഷംമാത്രമേ നിലനിന്നുള്ളൂതാനും. അടുത്ത നിമിഷത്തിൽ തന്റെ ചിറകുകൾ പുറത്തേക്ക് പരക്കുന്നു എന്ന് അവനറിഞ്ഞു. അവന്റെ നെഞ്ചിലെ തൂവലുകളുടെ നേർക്കും ദ്രുതഗതിയിൽ കാറ്റടിച്ചു.

തന്റെ ചിറകുകളുടെ അഗ്രങ്ങൾ വായുവിനെ വെട്ടിക്കൊണ്ടു പോകുന്നു എന്ന് അവനു മനസ്സിലായി. അപ്പോൾ അവൻ കീഴോട്ടു വേഗം വീഴുകയുണ്ടായില്ല.

ഭയം അവനെ വിട്ടകന്നു. അല്പം തലകറക്കംമാത്രമേ തോന്നിയിരുന്നുള്ളൂ. പിന്നീട് ഒരിക്കൽക്കൂടി അവൻ ചിറകടിച്ചു. പിന്നെയും അവൻ ഉയർന്നു. നെഞ്ചു പൊക്കി. കാറ്റിനെതിരായി പറന്നു. ചെരിഞ്ഞു പറന്നു.

ഗ... ഗാ... ഗാ... ഗ... ഗാ... ഗാ... ഊൽ... ആ...!

ചിറകുകളടിച്ചു വലിയ ഒച്ച പുറപ്പെടുവിച്ചുകൊണ്ട് അവന്റെ മാതാവ് അവനെ കടന്നു പറന്നുപോയതാണ്. മറ്റൊരു കരച്ചിൽ മുഖേന അവൻ അവളോടു സംസാരിച്ചു.

തുടർന്ന് പിതാവ് കരഞ്ഞുകൊണ്ട് അവന്റെ തലയ്ക്കുമീതെ പറന്നുപോയി. അതിനുശേഷം സഹോദരന്മാരും സഹോദരിയും പൊങ്ങുകയും താഴുകയും ചാടുകയും ചെയ്തുകൊണ്ട് അവനുചുറ്റും പറക്കുകയും ചെയ്തു.

ഒരു കാലത്ത് തനിക്കു പറക്കാൻ സാധിച്ചിരുന്നില്ലെന്നുള്ള സംഗതി അപ്പോൾ അവൻ വിസ്മരിച്ചുകഴിഞ്ഞിരുന്നു. ഉറക്കെ നിലവിളിച്ചുകൊണ്ട് അവൻ പൊങ്ങുവാൻ തുടങ്ങി; താഴുവാൻ തുടങ്ങി; കുതിച്ചുചാടുവാനും.

അവൻ ആ സമയം സമുദ്രത്തിനു സമീപമെത്തിയിരുന്നു. സമുദ്രത്തിന്റെ മീതെ മുന്നോട്ട് അവൻ പറന്നു. വിസ്താരമേറിയ ഒരു പച്ചക്കടലും അതിനു മീതേയുള്ള ചലിക്കുന്ന മേടുകളും അവൻ താഴെ കണ്ടു. ഇതുകണ്ട് ഒരു വശത്തേക്ക് കൊക്കു ചെരിച്ചുവച്ച് അവൻ വിനോദപൂർവം ഒന്നു കരഞ്ഞു.

ആ പച്ചത്തറയിൽ അവന്റെ മുമ്പിലായി മാതാപിതാക്കന്മാരും സോദരന്മാരും സോദരിയും ഇറങ്ങിയിരിപ്പുണ്ടായിരുന്നു. ഉറക്കെ കരഞ്ഞ് അവനെ അവർ വിളിച്ചു.

അവൻ കാലുകൾ കീഴോട്ടിടുകയായി, ആ പച്ചക്കടലിൽ നിൽക്കാൻ. അതിൽ അവന്റെ കാലുകൾ താണു. അവൻ പേടിച്ചു നിലവിളിച്ചുപോയി. വീണ്ടും ഉയരുവാൻ അവൻ ചിറകടിച്ചുകൊണ്ടു ശ്രമിച്ചു. എന്നാൽ പട്ടിണികൊണ്ടും വിചിത്രമായ ആ കായികാഭ്യാസങ്ങൾകൊണ്ടും വളരെ ക്ഷീണിച്ചിരുന്നതിനാൽ അവന് ഉയരാൻ കഴിഞ്ഞില്ല.

അവന്റെ കാലുകൾ ആ പച്ചക്കടലിൽ താണുപോയി. വയറുചെന്ന് അതിൽ മുട്ടിനിന്നു. പിന്നെ അവൻ താണുപോയില്ല, അതിലങ്ങനെ പൊങ്ങിക്കിടന്നു.

അവന്റെ കുടുംബക്കാർ നിലവിളിച്ച് അവനെ സ്തുതിച്ചു.

ഡാഗ് എന്ന മത്സ്യത്തിന്റെ കഷ്ണങ്ങൾ അവർ തങ്ങളുടെ ചുണ്ടുകളിൽവച്ച് അവനു കൊടുത്തുകൊണ്ട് അവന്റെ ചുറ്റുമായി നിലകൊണ്ടിരുന്നു.

അങ്ങനെ ആദ്യമായി അവൻ പറന്നു.

(ലിയാം ഓ ഫ്ലാഹർട്ടി–
പരിഭാഷ: കേസരി എ. ബാലകൃഷ്ണപിള്ള–
എട്ടു പാശ്ചാത്യകഥകൾ)

## കഥയിൽനിന്നു കണ്ടെത്തിപ്പറയാം

താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ കണ്ടെത്തി പറയൂ.

- അപ്പോൾപ്പോലും, അത്യധികം സാഹസികമായി തോന്നിയിരുന്ന കീഴോട്ടുള്ള ചാട്ടത്തിനുവേണ്ട ധൈര്യം അവനിൽ ജനിച്ചില്ല.
- അവനപ്പോൾ, സ്വന്തം ശരീരത്തിന്റെ അംശം തിന്നുന്നതുപോലെയാണ് തോന്നിയത്.
- ഒരു മിനിട്ടുനേരം കഴിഞ്ഞപ്പോൾ അവൻ സന്തോഷംകൊണ്ട് ആർക്കുകയായി.
- അവൻ അദ്ഭുതപ്പെട്ടു; ഒരു നിമിഷം നിന്നുപോയി.
- അവന്റെ നെഞ്ചിലെ തൂവലുകളുടെ നേർക്കും ദ്രുതഗതിയിൽ കാറ്റടിച്ചു.
- ഇതുകണ്ട് ഒരു വശത്തേക്ക് കൊക്കു ചെരിച്ചുവച്ച് അവൻ വിനോദപൂർവം ഒന്നു കരഞ്ഞു.
- അവന്റെ കുടുംബക്കാർ നിലവിളിച്ച് അവനെ സ്തുതിച്ചു.

## പറക്കാൻ തുടങ്ങുമ്പോൾ...

നേരമായി നിനക്കു ജീവിക്കാൻ,
നേരമിന്നു തിരക്കുകൂട്ടുന്നു.

**കോഴി - കടമ്മനിട്ട രാമകൃഷ്ണൻ**

- മുകളിൽ കൊടുത്ത കവിതാഭാഗം ഈ കഥയിലെ കുഞ്ഞുകടൽക്കോഴിയുടെ ആദ്യത്തെ പറക്കലുമായി എങ്ങനെയെല്ലാം യോജിക്കുന്നു?
- ഭയമുപേക്ഷിച്ച് വിജയത്തിലേക്കു പറന്നുയരാൻ ബാലനായ കടൽക്കോഴിക്ക് സാധിച്ചതെങ്ങനെ? ആരെല്ലാം അവന് പിന്തുണനൽകി? എങ്ങനെയാണ് അവരവനെ പിന്തുണച്ചത്? ക്ലാസിൽ ചർച്ചചെയ്യൂ. നിങ്ങളുടെ നിരീക്ഷണങ്ങളും ചർച്ചയിലൂടെ വ്യക്തമായ കാര്യങ്ങളുമെല്ലാം ചേർത്ത് ഈ കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതൂ.

## ചിത്രകഥയിലേക്ക്...

ആദ്യത്തെ പറക്കൽ എന്ന കഥയിലെ വിവിധ സന്ദർഭങ്ങൾ ചിത്രങ്ങളാക്കുക. അവയെ സംഭാഷണങ്ങൾ ചേർത്ത് ഒരു ചിത്രകഥയാക്കി മാറ്റൂ. അതിനെ ഒരു ഡിജിറ്റൽ ചിത്രകഥയാക്കി മാറ്റാമോ? ശ്രമിക്കൂ.





***ഒരറിവിൽനിന്ന് പല അനുഭവങ്ങളിലേക്ക്...***
***അനുഭവങ്ങളിൽനിന്ന് പുതിയ അറിവുകളിലേക്ക്...***
***ഇങ്ങനെയാണ് നമ്മുടെ ജീവിതം ഇന്നത്തെ***
***നിലയിലെത്തിയത്.***

# പന്തങ്ങൾ

ചോരതുടിക്കും ചെറുകൈയുകളേ,
പേറുക വന്നീപ്പന്തങ്ങൾ.

ഏറിയ തലമുറയേന്തിയ പാരിൻ
വാരൊളിമംഗളകന്ദങ്ങൾ!

പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ-
ച്ചിന്തകളുരസിടുമക്കാലം

വന്നു പിറന്നിതു ചെന്നിണമോലും
വാളു കണക്കൊരു തീനാളം.

സഞ്ചിതമാകുമിരുട്ടുകളെല്ലാം
സംഭ്രമമാർന്നോരന്നേരം

മാനവർകണ്ടാ,രഗ്നിസ്മിതമതിൽ
മന്നിലെ വിണ്ണിൻ വാഗ്ദാനം.

ആയിരമായിരമാത്തീ ചുംബി-
ച്ചാളിവിടർന്നൊരു പന്തങ്ങൾ

പാണിയിലേന്തിപ്പാടിപ്പാടി-
പ്പാരിലെ യുവജനവൃന്ദങ്ങൾ

കാലപ്പെരുവഴിയൂടേ പോന്നിതു
കാണെക്കാണെക്കമനീയം.

കാടും പടലും വെണ്ണീറാക്കി-
ക്കനകക്കതിരിനു വളമേകി,

കഠിനമിരിമ്പു കുഴമ്പാക്കിപ്പല-
കരുനിരവാർത്തു പണിക്കേകി,



അറിവിൻതിരികൾ കൊളുത്തി,ക്കലകൾ-
ക്കാവേശത്തിൻ ചൂടേകി,
മാലോടിഴയും മർത്ത്യാത്മാവിനു
മേലോട്ടുയരാൻ ചിറകുതകി,
പാരിൽ മനുഷ്യപുരോഗമനക്കൊടി
പാറിച്ചവയീപ്പന്തങ്ങൾ,
മെത്തിടുമിരുളിതിലെത്ര ചമച്ചു
പുത്തൻ പുലരിച്ചന്തങ്ങൾ!

(ശ്രീരേഖ –
വൈലോപ്പിള്ളി ശ്രീധരമേനോൻ)

## താളത്തിൽ, ഈണത്തിൽ

ചെറുസംഘങ്ങളായി കവിത താളമിട്ടു ചൊല്ലൂ.
ആദ്യത്തെ നാലുവരി കവിതയുടെ അവസാനത്തിൽ ആവർത്തിച്ചു ചൊല്ലാം.
അങ്ങനെ ആവർത്തിച്ചു ചൊല്ലുന്നതുകൊണ്ട് എന്താണ് മെച്ചം?

## കണ്ടെത്താം, പറയാം

- ചെറുകൈയുകളോട് കവി ആവശ്യപ്പെടുന്നതെന്താണ്?
- പന്തങ്ങൾക്ക് നൽകിയ വിശേഷണമെന്ത്?
- പിതാമഹർക്ക് കാട്ടിൻനടുവിൽനിന്നു ലഭിച്ച വരദാനം എന്തായിരുന്നു?
- അഗ്നിയുടെ പുഞ്ചിരിയെ എന്തായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
- ഇരുട്ടുകൾ സംഭ്രമിക്കാൻ കാരണമെന്താവും?
- യുവജനവൃന്ദങ്ങൾ എന്താണു ചെയ്യത്?
- അധ്വാനമാണ് അറിവു വളർത്തിയത് എന്നു സൂചിപ്പിക്കുന്ന വരികൾ കണ്ടെത്താമോ?

ഗ്രൂപ്പുകളായി കവിത വായിച്ച് ചർച്ചചെയ്യൂ. കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ പറഞ്ഞവതരിപ്പിക്കൂ.

## സംഗീതശില്പം

ഈ കവിത സംഗീതശില്പമായി അവതരിപ്പിക്കൂ.
ഇങ്ങനെ കവിതയെ സംഗീതശില്പമാക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ വേണം?

## ചിന്തകളിലെ തീ

പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ
ചിന്തകളുരസിടുമക്കാലം
വന്നു പിറന്നിതു ചെന്നിണമോലും
വാളുകണക്കൊരു തീനാളം.

- പ്രകൃതിയിലുള്ള തീയിനെ മനുഷ്യൻ നിയന്ത്രണത്തിലാക്കി ആവശ്യങ്ങൾക്കുപയോഗിച്ചത് എങ്ങനെയെല്ലാമായിരിക്കും? നിങ്ങളുടെ ഊഹങ്ങൾ പറയൂ.
- കല്ലുകൾ ഉരസുമ്പോൾ തീയുണ്ടാകുന്നതുപോലെ ചിന്തകൾ ഉരസുമ്പോൾ എന്താണ് സംഭവിക്കുക?
- എന്താണ് ചിന്തകളുടെ ഉരസൽ?
- തീനാളം എന്ന വാക്ക് ഇവിടെ തീയിനെമാത്രമാണോ സൂചിപ്പിക്കുന്നത്? ചിന്തകളുരസുമ്പോൾ ഉണ്ടാകുന്ന തീനാളമെന്താണ്?

നിങ്ങളുടെ പ്രതികരണങ്ങൾ അവതരിപ്പിക്കൂ. കുറിപ്പ് തയ്യാറാക്കൂ.

## അധ്വാനത്തിൽനിന്ന് അറിവിലേക്ക്

കാടും പടലും വെണ്ണീറാക്കി കനകക്കതിരിന് വളമേകിയതെങ്ങനെ? ഇങ്ങനെ ചെയ്യാൻ എന്തെല്ലാം അറിവുകളാണ് മനുഷ്യനെ സഹായിച്ചത്?

അധ്വാനത്തിൽനിന്ന് അറിവുകളുണ്ടായതെങ്ങനെയെല്ലാമാകും?

ഈ പട്ടിക വായിച്ച് കൂടുതൽ വിവരങ്ങൾ ചേർത്ത് വികസിപ്പിക്കൂ.

| കൃഷിയുടെ ഘട്ടങ്ങൾ | ഉപകരണങ്ങൾ | രൂപപ്പെട്ട അറിവുകൾ | കലകൾ |
|---|---|---|---|
| നിലമുഴൽ | കലപ്പ, ട്രാക്ടർ | മരം, ലോഹം<br>കന്നുകാലികൾ<br>യന്ത്രം, ഇന്ധനം | വായ്ത്താരി<br>നാടൻപാട്ട്<br>ചൊല്ലുകൾ |
| | | | |

പട്ടികയുടെ സഹായത്തോടെ "കാടും പടലും വെണ്ണീറാക്കി....... മേലോട്ടുയരാൻ ചിറകുതകി" എന്നുവരെയുള്ള വരികളിലെ ആശയം വിശകലനംചെയ്തു കുറിപ്പു തയ്യാറാക്കൂ.

## പദങ്ങൾക്കുള്ളിലേക്ക്...

സഞ്ചിതമാകുമിരുട്ടുകളെല്ലാം
സംഭ്രമമാർന്നോരന്നേരം

- ഇരുട്ടുകൾക്ക് സംഭ്രമമുണ്ടായതെന്തുകൊണ്ടാവും?
- സാധാരണയായി ഇരുട്ട് എന്നാണ് നാം പറയാറുള്ളത്. ഇവിടെ ഇരുട്ടുകൾ എന്നു കവി പ്രയോഗിച്ചതെന്തിനാണ്?
- ഇരുട്ടിനും തീനാളത്തിനും ഇവിടെ കൂടുതൽ അർഥങ്ങൾ ഉണ്ടോ?
- ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ ഇരുട്ടും വെളിച്ചവുമായി വരുന്ന കാര്യങ്ങൾ വേർതിരിച്ചു പറയാമോ?

നിങ്ങളുടെ അഭിപ്രായങ്ങൾ ചേർത്ത് കുറിപ്പ് തയ്യാറാക്കൂ.

# 5

# ഉണർന്നുയരാം



**എത്തിപ്പിടിക്കുവാൻ ചിന്നക്കൈ നീട്ടുന്നു**
**ചുറ്റിലും ശൈശവഭാവനകൾ!**

ഓണത്തുമ്പി
- പുലാക്കാട്ട് രവീന്ദ്രൻ



- ചിന്നക്കൈ നീട്ടുന്നതാരാണ്?
- എന്തിനെ എത്തിപ്പിടിക്കാനാണ് ചിന്നക്കൈ നീട്ടുന്നത്?
- കുട്ടികളുടെ എന്തു പ്രത്യേകതയാണ് ഈ വരികളിലും ചിത്രത്തിലും ആവിഷ്കരിച്ചിട്ടുള്ളത്?

*കളികൾ എല്ലാവർക്കും ഇഷ്ടമാണല്ലോ?*
*മുതിർന്നവരും നിങ്ങളുംകൂടി ഒളിച്ചുകളിച്ചിട്ടുണ്ടോ?*
*ഇവിടെ നമുക്കൊരു ഒളിച്ചുകളിയെക്കുറിച്ചറിയാം...*

# ചെമ്പകപ്പൂവ്



അമ്മേ,
ആ കാണുന്ന ചെമ്പകത്തിന്റെ
നിറുകെയുള്ള കൊമ്പിൽ
ഞാൻ, വെറുതെ രസത്തിന്,
ഒരു പൂവായിവിരിഞ്ഞ്
ഇളംകാറ്റിനൊപ്പം തലകുലുക്കുകയും
തളിരിലകൾക്കുമീതെ തുള്ളിച്ചാടി



നൃത്തംവയ്ക്കുകയും ചെയ്താൽ
അമ്മയ്ക്കെന്നെ തിരിച്ചറിയാനാകുമോ?

അമ്മ വിളിക്കും:
"എന്റെ കുട്ടീ, നീ എവിടെയാണ്?"
അപ്പോൾ ഞാൻ ഇലകൾക്കിടയിലേക്ക്
ഒന്നുകൂടി പതുങ്ങുകയും
സ്വയം ഊറിച്ചിരിക്കുകയും ചെയ്യും.
എന്റെ ഇതളുകൾ പയ്യെ വിരുത്തി
അമ്മ ചെയ്യുന്നതെല്ലാം ഞാൻ നോക്കിക്കാണും.

കുളി കഴിഞ്ഞ്,
ഈറൻ മുടിയിഴകൾ ചുമലിലേക്ക് വിതുർത്തിയിട്ട്
ഈ ചെമ്പകത്തണലിലൂടെ,
തൊടിയിലെ പ്രാർഥനാലയത്തിലേക്കു പോകുമ്പോൾ
ഒരു പുതുപൂവിന്റെ മണം
തീർച്ചയായും അമ്മ ശ്രദ്ധിക്കും;
അത് എന്നിൽനിന്നാണു വരുന്നതെന്നറിയാതെ.



ഉച്ചയൂണു കഴിഞ്ഞ്,
തൊടിയിലേക്കു തുറന്നിട്ട ജനൽപ്പടിയിൽ,
ശിരസ്സിലും മടിയിലും
ഈ വൻമരത്തിന്റെ തണൽ പതിപ്പിച്ചുകൊണ്ട്
അമ്മ ഗ്രന്ഥം വായിച്ചിരിക്കുമ്പോൾ,
ഞാൻ എന്റെ കുഞ്ഞുനിഴൽ
അമ്മ അപ്പോൾ വായിച്ചുകൊണ്ടിരിക്കുന്ന ഏടിലെ
വരികൾക്കിടയിലേക്ക്
കൃത്യമായി വീഴ്ത്തിക്കൊണ്ടിരിക്കും.
തുള്ളിക്കളിക്കുന്ന ആ കൊച്ചുനിഴൽ
അമ്മയുടെ കുട്ടിയുടേതാണെന്ന്
അമ്മയ്ക്കു തിരിച്ചറിയാനാകുമോ?



കൊളുത്തിപ്പിടിച്ച കൈവിളക്കുമായി, സന്ധ്യയ്ക്ക്
അമ്മ പശുത്തൊഴുത്തിലേക്ക് പോകുമ്പോൾ
ഞാൻ പെട്ടെന്നു ഞെട്ടറ്റ്
മണ്ണിൽ പതിക്കുകയും
അമ്മയുടെ പഴയ കുട്ടിയായി മാറി
ഒരു കഥ കേൾക്കാനായി വാശിപിടിക്കയും ചെയ്യും.
അപ്പോഴും ഇതുമാത്രമായിരിക്കും നമ്മൾ പറയുക:
"വികൃതീ, നീ ഇതുവരെ എവിടെയായിരുന്നു?"
"അയ്യോ! അതുമാത്രം പറഞ്ഞുകൂടാ അമ്മേ..."

(പിറ – രവീന്ദ്രനാഥ ടാഗോർ
പരിഭാഷ: കെ. വി. സുരേഷ് )

## വായിക്കാം പറയാം

- ചെമ്പകക്കൊമ്പിൽ പൂവായ് വിരിയുന്ന കുട്ടി ആദ്യം അമ്മയുടെ ശ്രദ്ധയാകർഷിക്കുന്നത് എങ്ങനെയെല്ലാം?
- "എന്റെ കുട്ടീ, നീ എവിടെയാണ്?" എന്ന അമ്മയുടെ ചോദ്യം കേൾക്കുമ്പോൾ കുട്ടി ചെയ്യുന്നതെന്തെല്ലാമായിരിക്കും?
- 'ഒരു പുതുപൂവിന്റെ മണം' അമ്മയുടെ ശ്രദ്ധയിൽപ്പെടുന്നതെപ്പോഴാവും?
- അമ്മ ഗ്രന്ഥം വായിച്ചിരിക്കുമ്പോൾ എന്തു ചെയ്യാനാണ് കുട്ടി ശ്രമിക്കുക?
- പഴയ കുട്ടിയെ അമ്മയ്ക്ക് തിരിച്ചുകിട്ടുന്നതിനെക്കുറിച്ച് കുട്ടി പറയുന്നതെന്ത്?
- "അയ്യോ! അതുമാത്രം പറഞ്ഞുകൂടാ അമ്മേ..." എന്നു കുട്ടി പറയുന്നത് എന്തിനെക്കുറിച്ചാണ്?

## വരയ്ക്കാം നിറംകൊടുക്കാം

കവിതയിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ചില സന്ദർഭങ്ങളെ ചിത്രങ്ങളാക്കൂ. ചിത്രത്തിനടിയിൽ ആ സന്ദർഭത്തെ സൂചിപ്പിക്കുന്ന വരികളെഴുതണേ.

## ചെമ്പകപ്പൂവായി മാറിയ കുട്ടി

ചെമ്പകപ്പൂവായി മാറിയ കുട്ടിയുടെ മനസ്സിലും പ്രവൃത്തികളിലും നിറഞ്ഞുനിൽക്കുന്ന കുട്ടിത്തത്തെ ഈ കവിതയിൽ മനോഹരമായി ആവിഷ്കരിച്ചിട്ടുണ്ട്.

കുട്ടിക്ക് അമ്മയോടുള്ള സ്നേഹത്തെക്കുറിച്ചും അതറിയിക്കാനായി കുട്ടി നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കിയല്ലോ. നിങ്ങളുടെ അഭിപ്രായങ്ങൾ കുറിപ്പായി എഴുതൂ.

***ചെമ്പകപ്പൂവ് എന്ന കവിതയിൽ തളിരും പൂവും നിഴലും വെളിച്ചവുമെല്ലാം പരന്നുകിടപ്പുണ്ട്. എന്നാൽ ഈ അനുഭവലോകത്തേക്ക് എത്താൻ കഴിയാത്തവരുമില്ലേ...?***

# ആദ്യപാഠങ്ങൾ

ഡെയ്സികളും ബട്ടർകപ്പ് ചെടികളും മറ്റും പൂത്ത കാലത്ത് മിസ്സ് സള്ളിവൻ എന്റെ കൈപിടിച്ചുകൊണ്ട് പാടത്തേക്കുപോയി. ടെന്നസി നദീതീരത്ത് കർഷകർ വിത്തിറക്കാൻ ഭൂമി പാകപ്പെടുത്തുന്നുണ്ടായിരുന്നു. അവിടത്തെ സമൃദ്ധമായ പുൽപ്പരപ്പിലിരുന്ന് പ്രകൃതിയുടെ നന്മയെക്കുറിച്ചുള്ള ആദ്യപാഠങ്ങൾ ഞാൻ പഠിച്ചു. ഓരോ ചെടിയും ഭൂമിയിൽനിന്നു പൊട്ടിമുളയ്ക്കാനായി സൂര്യനും മഴയും എങ്ങനെയാണു സഹായിക്കുന്നത് എന്നും പക്ഷികൾ കൂടുണ്ടാക്കുന്നതും ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു മാറിത്താമസിക്കുന്നതും എങ്ങനെയെന്നും ഞാൻ മനസ്സിലാക്കി. അണ്ണാനും മാനും സിംഹവും മറ്റു മൃഗങ്ങളും ആഹാരം കണ്ടെത്തുന്നതും താമസിക്കുന്നതും എങ്ങനെയെന്നും എനിക്കറിയാൻ കഴിഞ്ഞു. വസിക്കുന്ന ലോകത്തെക്കുറിച്ച് അറിഞ്ഞ ഞാൻ സന്തോഷവതിയായി.

ഭൂമിയുടെ ആകൃതിയെക്കുറിച്ചു വിവരിക്കാൻ എനിക്കായി. സുഗന്ധപൂരിതമായ കാടുകളുടെ ഭംഗിയെക്കുറിച്ച് മിസ് സള്ളിവൻ എന്നെ പഠിപ്പിച്ചു. ഓരോ പുല്ലിന്റെയും ഇലതൊട്ട് എന്റെ കൊച്ചനിയത്തിയുടെ കൈയിലുള്ള വരകളും നുണക്കുഴികളുംവരെ ടീച്ചർ എനിക്കു വിവരിച്ചുതന്നു. പക്ഷികളും പൂക്കളും ഞാനും എല്ലാം തുല്യസന്തോഷത്തോടെ കഴിയേണ്ടവരാണ് എന്ന ചിന്ത എന്നിൽ ഉളവാക്കി.

പ്രകൃതി എല്ലായ്പ്പോഴും കനിവാർന്നവളല്ലെന്ന് ഇതേസമയംതന്നെ ഒരനുഭവം എന്നെ പഠിപ്പിച്ചു.

ഒരു ദിവസത്തെ നീണ്ട നടത്തത്തിനുശേഷം ഞാനും ടീച്ചറും തിരിച്ചുവരികയായിരുന്നു. വിശ്രമിക്കാനായി വഴിയരികിൽ കണ്ട മരച്ചുവടുകളിൽ ഒന്നുരണ്ടു തവണ ഞങ്ങൾ ഇരിക്കുകയുണ്ടായി. വീട്ടിൽനിന്ന് അല്പം അകലെയായുള്ള ഒരു വലിയ ചെറിമരത്തിന്റെ ചുവട്ടിലാണ് അവസാനം ഞങ്ങൾ ഇരുന്നത്. കനത്ത ശിഖരങ്ങളുള്ള ആ മരത്തിൽ കയറാൻ വളരെ എളുപ്പമായിരുന്നു. ടീച്ചറുടെ സഹായത്തോടെ അതിന്റെ ശിഖരത്തിലേക്ക് അള്ളിപ്പിടിച്ചു



കയറിയിരിക്കാൻ എനിക്കുകഴിഞ്ഞു. നല്ല തണുത്ത അന്തരീക്ഷമായതിനാൽ ഉച്ചഭക്ഷണം അവിടെയാകാമെന്ന് ടീച്ചർ നിർദേശിച്ചു. വീട്ടിൽപ്പോയി ടീച്ചർ ഭക്ഷണമെടുത്തുകൊണ്ടുവരുംവരെ ഞാൻ അവിടെ അടങ്ങിയിരുന്നുകൊള്ളാമെന്ന് വാക്കുകൊടുത്തു.

എന്നാൽ, പെട്ടെന്നാണ് ആ മരത്തിന് ഒരു മാറ്റം സംഭവിച്ചത്. അന്തരീക്ഷത്തിലെ സൂര്യന്റെ ചൂട് കുറഞ്ഞു. ആകാശം കറുക്കുകയാണെന്നു മനസ്സിലായി. വെളിച്ചമെന്നു കരുതിയ ചൂട് അന്തരീക്ഷത്തിൽനിന്ന് ഒഴിഞ്ഞുകഴിഞ്ഞിരുന്നു. ഭൂമിയിൽനിന്ന് ഒരു പ്രത്യേകതരം ഗന്ധം ഉയർന്നുവരാൻ തുടങ്ങി. കൊടുങ്കാറ്റിനു മുമ്പുള്ള ഗന്ധമാണ് അതെന്ന് എനിക്കറിയാമായിരുന്നു. പറഞ്ഞറിയിക്കാനാവാത്ത ഒരു ഭയം എന്നെ പിടികൂടി. കൂട്ടുകാരിൽനിന്നുതന്നെയല്ല, ഭൂമിയിൽനിന്നുതന്നെ ഒറ്റപ്പെട്ടവളായെന്ന് എനിക്കുതോന്നി. എങ്കിലും പ്രതീക്ഷയോടെ ഞാൻ അനങ്ങാതെ ഇരുന്നു. ടീച്ചർ മടങ്ങിവന്ന് എത്രയും വേഗം മരത്തിൽനിന്ന് ഇറങ്ങണമെന്ന് ഞാൻ ആഗ്രഹിച്ചു.

അപകടകരമായ ഒരു നിശ്ശബ്ദത അവിടെ നിറഞ്ഞു. ഇലകളെല്ലാം അതിശക്തമായി ഇളകാൻ തുടങ്ങി. മരം ആകെത്തന്നെ കുലുങ്ങാൻ തുടങ്ങി. എന്നെ താഴേക്ക് എറിയത്തക്കവണ്ണം ഒരു കാറ്റ് ആഞ്ഞുവീശി. ശിഖരത്തിൽ അള്ളിപ്പിടിച്ചിരുന്നില്ലായിരുന്നെങ്കിൽ താഴെ വീണുപോകുമായിരുന്നു. മരമാകെ ആടിയുലഞ്ഞു. താഴേക്കു ചാടിയാലോ എന്ന ചിന്ത എന്നിൽ ഉണ്ടായി. എന്നാൽ കനത്ത ഭയം എന്നെ അതിൽനിന്നു തടഞ്ഞു. മരത്തിന്റെ കവട്ടയിൽ ഞാൻ കമിഴ്ന്നു കിടന്നു. എന്റെ ശരീരത്തെ തഴുകിക്കൊണ്ട് ചെറിയ ചില്ലകൾ താഴേയ്ക്കു വീഴുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ ഉണ്ടാകുന്ന കനത്ത ശബ്ദം ഞാൻ തിരിച്ചറിഞ്ഞു. ഞാനും മരവും ഒരുമിച്ചു നിലംപൊത്തുമോ എന്നു ഭയന്നു. ആ സമയം ടീച്ചർ വന്നു. കൈപിടിച്ച് താഴെയിറങ്ങാൻ എന്നെ സഹായിച്ചു. അവരെ അള്ളിപ്പിടിച്ച് കാലുകൾ ഭൂമിയിൽ സ്പർശിച്ചുനിന്നപ്പോൾ ഞാൻ ആനന്ദംകൊണ്ടു മതിമറന്നുപോയി.



വീടിനു പുറത്തുള്ള സൂര്യപ്രകാശം അടിക്കുന്ന ചെറിയ തോട്ടങ്ങളിലാണ് ഞങ്ങൾ വായനയും പഠനവുമൊക്കെ നടത്തിയിരുന്നത്. മൂളുന്നതും മുരളുന്നതും പാടുന്നതുമായ ചീവീടും തവളകളും

കോഴിക്കുഞ്ഞുങ്ങളും വിരിയുന്ന പൂക്കളും വിത്തുകളും ചെടികളുമെല്ലാം ഞാൻ കൈയിലെടുത്തു പരിശോധിച്ചിരുന്നു. മുളപൊട്ടുന്ന ഉന്നക്കായകളും അവയുടെ നനുത്ത പഞ്ഞിനാരുകളും മൃദുവായ വിത്തുകളും ഞാൻ സ്പർശിച്ചറിഞ്ഞു. ചോളക്കതിരുകൾക്കിടയിലൂടെ കടന്നുവരുന്ന കാറ്റിന്റെ സീൽക്കാരവും അവയുടെ നീണ്ട ഇലകളുണ്ടാക്കുന്ന മർമ്മരവും ഞാൻ അനുഭവിച്ചറിഞ്ഞു. പുൽപ്പരപ്പിൽവച്ച് എന്റെ കുതിരക്കുട്ടിയെ പിടിച്ച് അതിന്റെ വായിൽ അല്പം പുല്ലു തിരുകുമ്പോൾ ചീറുന്ന ശബ്ദവും ഞാനറിഞ്ഞു. അവന്റെ ശ്വാസത്തിന്റെ ആസ്വാദ്യമായ ഗന്ധം ഞാൻ ശരിക്കും ഓർക്കുന്നു.

ചിലപ്പോൾ പ്രഭാതത്തിൽ ഞാൻ പൂക്കളിലും ഇലകളിലും മറ്റും കനത്ത മഞ്ഞു വീണുകിടക്കുന്ന തോട്ടത്തിലേക്ക് പതുക്കെ ചെല്ലും. മൃദുവായി എന്റെ കൈകളിൽ അമർത്തുന്ന റോസാപ്പൂക്കളും രാവിലത്തെ ഇളങ്കാറ്റിൽ ഇളകിയാടുന്ന ലില്ലിപ്പൂക്കളും മറ്റും എത്രമാത്രം സന്തോഷകരമാണ്! ഞാൻ പറിച്ചെടുക്കുന്ന പൂവിൽ ഒരു പ്രാണി ഉണ്ടെന്നുവരാം. പെട്ടെന്നുള്ള ഭയത്തിൽ വിറയ്ക്കുന്ന അതിന്റെ ചിറകുകളുടെ തളർന്ന അനക്കത്തിലൂടെ ഞാനത് തിരിച്ചറിഞ്ഞിരുന്നു.

ജൂലൈമാസത്തിൽ വിളഞ്ഞുപഴുക്കുന്ന പഴങ്ങളുള്ള കായ്കനിത്തോട്ടമാണ് ഞാൻ പോകാനിഷ്ടപ്പെട്ടിരുന്ന മറ്റൊരു സ്ഥലം. വലിയ പതംവന്ന പീച്ച് പഴങ്ങൾ എന്റെ കൈകൾക്ക് എത്തുമായിരുന്നു. മന്ദമാരുതൻ വീശുമ്പോൾ ആപ്പിൾപ്പഴങ്ങൾ എന്റെ കാൽച്ചുവട്ടിൽ വന്നുവീഴുമായിരുന്നു. ആ പഴങ്ങളെല്ലാം പെറുക്കി എന്റെ മേൽക്കുപ്പായത്തിൽ സമാഹരിക്കുമ്പോളും സൂര്യപ്രകാശത്തിൽ ഇളംചൂടേറ്റു നിൽക്കുന്ന ആപ്പിളിന്റെ തുടുത്ത കവിളിൽ മുഖമമർത്തുമ്പോഴും പിന്നെ വീട്ടിലേക്കു കുതിക്കുമ്പോഴുമൊക്കെ അനുഭവിച്ചിരുന്ന സന്തോഷം എത്രമാത്രമായിരുന്നു എന്നു പറഞ്ഞറിയിക്കാനാവില്ല.

ടെന്നസി നദിക്കരയിൽ പട്ടാളക്കാർ ഉപയോഗിച്ചിരുന്ന തടികൊണ്ടുള്ള ഒരു പാലമുണ്ടായിരുന്നു. തകർന്നടിഞ്ഞുകൊണ്ടിരുന്ന ആ പാലമുള്ളിടം നടത്തത്തിന് ഞങ്ങൾക്കു പ്രിയങ്കരമായ സ്ഥലമായിരുന്നു. മണിക്കൂറുകൾ ഞങ്ങൾ അവിടെ ചെലവിട്ടു. അവിടെവച്ച് ഭൂമിശാസ്ത്രം കളികളിലൂടെ പഠിച്ചു. ചെറുകല്ലുകൾകൊണ്ട് ഞാൻ ഡാമുകളും ദ്വീപുകളും തടാകങ്ങളും നദീതീരങ്ങളും ഉണ്ടാക്കി. പഠിക്കുകയാണെന്ന് യാതൊരു ചിന്തയുമില്ലാതെ തമാശയ്ക്കായി ചെയ്ത അതെല്ലാം പഠനത്തിന്റെ ഭാഗമാണെന്ന് ഞാൻ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല. ഉരുണ്ട വലിയ ഭൂമിയെക്കുറിച്ചും അതിലെ അഗ്നിപർവതങ്ങളെക്കുറിച്ചും തകർന്നടിഞ്ഞ പട്ടണങ്ങളെക്കുറിച്ചും ചലിക്കുന്ന മഞ്ഞുനദിയെക്കുറിച്ചും വിചിത്രമായ മറ്റു പല കാര്യങ്ങളെക്കുറിച്ചും മിസ് സള്ളിവൻ വിവരിക്കുന്നത് വളരെ അദ്ഭുതത്തോടെ ഞാൻ കേട്ടിരുന്നു.

മണ്ണിൽ അവരുണ്ടാക്കിയ ഭൂപടങ്ങളിലെ പർവതങ്ങളും നദികളും താഴ്‌വാരങ്ങളും മറ്റും എനിക്ക് തൊട്ടറിയാൻ കഴിഞ്ഞിരുന്നു.



ജനലിന്നരികിൽ ചെടികൾ നിറച്ചുവച്ചിരുന്ന ഒരു സ്ഫടികപ്പാത്രത്തിൽ പതിനൊന്നു വാൽമാക്രികളുണ്ടായിരുന്നു. എന്റെ വിരലുകൾ ആ പാത്രത്തിലേക്കിടുമ്പോൾ വാൽമാക്രികൾ തുള്ളിക്കളിക്കുന്നതും വിരലുകൾക്കിടയിലൂടെ നീന്തുന്നതുമൊക്കെ എനിക്ക് രസകരമായി അനുഭവപ്പെട്ടു. ഒരു ദിവസം അതിലൊരുവൻ ആ പാത്രത്തിൽനിന്നു പുറത്തേക്കു ചാടി തറയിൽ വീണു. അത് ചത്തുവെന്നുതന്നെയാണ് എനിക്കു തോന്നിയത്. വാൽ ഒന്നനക്കുന്നതുമാത്രമാണ് ജീവൻ ഉണ്ടെന്നതിന്റെ തെളിവായി അവനിൽ അവശേഷിച്ചിരുന്നത്. എന്നാൽ എങ്ങനെയോ അവൻ പെട്ടെന്നുതന്നെ പാത്രത്തിലേക്കു തിരിച്ചുചാടി ആഹ്ലാദത്തോടെ നീന്തിത്തുടിക്കാൻ തുടങ്ങി. അവന്റേതായ ഒരു കുതിപ്പു നടത്തി വലിയ ലോകം കണ്ടതിനുശേഷം മനോഹരമായ സ്ഫടിക ഗൃഹത്തിൽ സംതൃപ്തിയോടെ മടങ്ങിയെത്തി. ഒരു തവളയാവുക എന്ന അന്തസ്സുനേടി. പിന്നെ തോട്ടത്തിന്റെ അങ്ങേയറ്റത്തെ ഇലകൾ നിറഞ്ഞ തടാകത്തിലേക്ക് നീങ്ങി അവിടെ തന്റെ വിചിത്രമായ ഗാനങ്ങൾ ഉതിർത്തുകൊണ്ട് വേനൽക്കാലരാത്രികൾ സംഗീതസാന്ദ്രമാക്കി.

(ഹെലൻ കെല്ലറുടെ ജീവിതകഥ - പുനരാഖ്യാനം : പ്രൊഫ. ഗീതാലയം ഗീതാകൃഷ്ണൻ)

## പറഞ്ഞുറപ്പിക്കാം

പാഠഭാഗത്തുനിന്നെടുത്തു ചേർത്ത ഏതാനും വാക്യങ്ങളിതാ...

- വസിക്കുന്ന ലോകത്തെക്കുറിച്ച് അറിഞ്ഞ ഞാൻ സന്തോഷവതിയായി.
- പക്ഷികളും പൂക്കളും ഞാനും എല്ലാം തുല്യസന്തോഷത്തോടെ കഴിയേണ്ടവരാണ് എന്ന ചിന്ത എന്നിൽ ഉളവാക്കി.
- പ്രകൃതി എല്ലായ്പ്പോഴും കനിവാർന്നവളല്ലെന്ന് ഇതേസമയംതന്നെ ഒരനുഭവം എന്നെ പഠിപ്പിച്ചു.
- കൂട്ടുകാരിൽനിന്നുതന്നെയല്ല, ഭൂമിയിൽനിന്നുതന്നെ ഒറ്റപ്പെട്ടവളായെന്ന് എനിക്കു തോന്നി.
- കാലുകൾ ഭൂമിയിൽ സ്പർശിച്ചുനിന്നപ്പോൾ ഞാൻ ആനന്ദംകൊണ്ടു മതിമറന്നുപോയി.
- അതെല്ലാം പഠനത്തിന്റെ ഭാഗമാണെന്ന് ഞാൻ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല.
- ഒരു കുതിപ്പു നടത്തി വലിയ ലോകം കണ്ടതിനുശേഷം മനോഹരമായ സ്ഫടിക ഗൃഹത്തിൽ സംതൃപ്തിയോടെ മടങ്ങിയെത്തി.

ഓരോ വാക്യവും എന്തിനെക്കുറിച്ചാണെന്നും ഏതേതു സന്ദർഭങ്ങളെക്കുറിച്ചാണ് സൂചിപ്പിക്കുന്നതെന്നും നിങ്ങളുടെ സ്വന്തം വാക്കുകളിൽ പറഞ്ഞുനോക്കൂ. ഒരാൾ പറഞ്ഞ കാര്യങ്ങളോടു മറ്റുള്ളവർക്ക് കൂട്ടിച്ചേർത്തു പറയുകയും ചെയ്യാം.

## കണ്ടെത്താം, എഴുതാം

"നീയെടുക്കുന്നു, നോക്കുന്നു സസ്മിതം
നീയവയെ തൊടുന്നൂ, തലോടുന്നു."

(കളിക്കൊട്ട - ബാലാമണിയമ്മ)

ഈ കവിതാഭാഗത്തിൽ സൂചിപ്പിച്ച ആശയം ഹെലൻ കെല്ലറുടെ അനുഭവങ്ങളിൽ നിങ്ങൾ പരിചയപ്പെട്ടു. അവ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതൂ.

## പ്രകൃതിയെ അടുത്തറിയുമ്പോൾ

"തൊട്ടും മണത്തും പ്രകൃതിയെ അടുത്തറിഞ്ഞവളാണ് ഹെലൻ കെല്ലർ."

ഈ പ്രസ്താവന പാഠഭാഗത്തുനിന്നു ലഭിച്ച ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കൂ.

## അനുഭവങ്ങളിലൂടെ...

ഹെലൻ കെല്ലറുടെ അനുഭവങ്ങൾ വായിച്ചല്ലോ.

ഒരു കുട്ടിയുടെ അനുഭവം വായിക്കൂ.

കാലത്ത് പുതച്ചുമൂടിക്കിടക്കുന്ന എന്റെ കാതിൽ മഴയുടെ സംഗീതം.

അതിന്റെ കുളിർമ്മ ഞാനറിഞ്ഞു.

എഴുന്നേല്ക്കാൻ മടിതോന്നിയെങ്കിലും ആ സംഗീതം എന്നെ ജനാലയ്ക്കരികിലെത്തിച്ചു.

മഴയിലേക്ക് ഞാൻ ഓടിയിറങ്ങി.

ഒരു മഴത്തുള്ളി എന്റെ കൈയിൽ ഇറ്റുവീണു. അതെന്റെ മനസ്സു നിറച്ചു.

( സുധീഷ് കെ. - മൊട്ടിടുന്ന കുട്ടിസ്സാഹിത്യം)

പ്രകൃതിയോടിടപഴകുമ്പോൾ നിങ്ങൾക്കും പലതരം അനുഭവങ്ങൾ ഉണ്ടായിട്ടില്ലേ? ഒരനുഭവം എഴുതൂ.

## ചേരുമ്പോഴും പിരിയുമ്പോഴും...

വിത്തിറക്കാൻ എന്ന ഒറ്റവാക്ക് വിത്ത്, ഇറക്കാൻ എന്നീ വാക്കുകൾ ചേർന്നതാണ്. കൂട്ടി, ഇണക്കിയ എന്നീ പദങ്ങൾ ചേർന്നാണ് കൂട്ടിയിണക്കിയ എന്ന വാക്ക് രൂപപ്പെട്ടത്.

ലില്ലിച്ചെടി എന്ന വാക്ക് ഏതെല്ലാം വാക്കുകൾ കൂടിച്ചേർന്നുണ്ടായതാണ്?

ഇതേ രീതിയിലുള്ള ഒറ്റപ്പദങ്ങൾ പാഠത്തിൽനിന്ന് കണ്ടെത്തി വാക്കുകളായി വേർതിരിച്ചെഴുതൂ.

## കുട്ടിയുടെ ലോകം

ചിത്രം നോക്കൂ...




ഈ ചിത്രം നിങ്ങളുടെ മനസ്സിൽ പലതരം ചിന്തകളും വികാരങ്ങളുമെല്ലാം സൃഷ്ടിക്കുന്നുണ്ടാകും.

നിങ്ങളുടെ ചിന്തകളെ ഒരു രചനയിലൂടെ ആവിഷ്കരിക്കാമോ? കഥയോ കവിതയോ ആകാം.

രചന ക്ലാസിൽ വായിച്ച് ചർച്ചയിലൂടെ മെച്ചപ്പെടുത്തി ഒരു രചനാസമാഹാരം തയ്യാറാക്കണം. സമാഹാരത്തിന് യോജിച്ച പേര് നിങ്ങൾതന്നെ കണ്ടെത്തുമല്ലോ. ചിത്രങ്ങൾ വരച്ചുചേർത്ത് നിങ്ങളുടെ രചനകൾ മനോഹരമാക്കാം. നല്ലൊരു പുറംചട്ടയുമാകാം.

## വായനാനുഭവങ്ങൾ

കുട്ടികളുടെ ലോകം ആവിഷ്കരിക്കുന്ന ധാരാളം സാഹിത്യകൃതികളുണ്ട്. നിങ്ങളുടെ അടുത്തുള്ള വായനശാല സന്ദർശിച്ച് പുസ്തകങ്ങൾ തെരഞ്ഞെടുത്തു വായിക്കുക. വായനാനുഭവം ക്ലാസിലവതരിപ്പിക്കുക.

***തനിക്കേറെ പ്രിയപ്പെട്ട കളിപ്പാട്ടത്തെ നിരന്തരം പിന്തുടരുന്ന ഒരു കുട്ടിയെ പരിചയപ്പെടാം.***

# ഗോട്ടി

വേപ്പുമരങ്ങളുടെ തണലിലൂടെ കാക്കയുടെയും കുറുനരിയുടെയും കഥ അയവിറക്കിക്കൊണ്ട് അവൻ വരികയായിരുന്നു. ചാഞ്ചാടിക്കൊണ്ടു നടക്കുമ്പോൾ അവന്റെ സഞ്ചി അങ്ങോട്ടുമിങ്ങോട്ടും ആടി ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു. സ്ലേറ്റ് ഒരു ചെറിയ കുപ്പിയോടടിച്ചു; കുപ്പി പെൻസിലുമായി കൂട്ടിമുട്ടി. അങ്ങനെ അവയെല്ലാം കൂടി ആ സഞ്ചിയിൽക്കിടന്നു കുലുങ്ങി. പക്ഷേ, അവൻ ഒന്നുംതന്നെ കാണുകയോ കേൾക്കുകയോ ചെയ്യുന്നുണ്ടായിരുന്നില്ല. അവന്റെ ശ്രദ്ധ മുഴുവൻ കഥയിലായിരുന്നു. എന്തു രസമുള്ള കഥ! കാക്കയും കുറുനരിയും!

കുറുനരി കാക്കയോട് പറഞ്ഞു: "കാക്കേ, ഒരു പാട്ടു പാടൂ! നിന്റെ പാട്ടു കേൾക്കാൻ എനിക്കൊരു കൊതി."

കാക്ക പാടാൻ വേണ്ടി വായ തുറന്നപ്പോൾ അപ്പക്കഷണം വീണുപോയി. കുറുനരി അതുമെടുത്ത് ഒരൊറ്റ ഓട്ടം!

അവൻ കുലുങ്ങിച്ചിരിച്ചു.



നടന്നുനടന്ന് പീടികയുടെ മുമ്പിലെത്തി. അവിടെ അൽമാരയിൽ വലിയ കുപ്പിബ്ഭരണികൾ നിരത്തി വച്ചിരുന്നു. അവയിലൊക്കെ ചോക്കലേറ്റും പെപ്പർമിന്റും ബിസ്കറ്റുമാണ്. അവൻ അതൊന്നും നോക്കിനിന്നില്ല. എന്തിനാണ്? അവന്റെ അച്ഛൻ എപ്പോഴും അവനു കൊണ്ടുക്കൊടുക്കാറുണ്ട്.

എങ്കിലും ഒരു പുതിയ ഭരണി അവന്റെ ശ്രദ്ധയിൽപ്പെട്ടു. ചുമലിലൂടെ തൂങ്ങുന്ന സഞ്ചിയുടെ നാട ഒരു വശത്തേക്കൊതുക്കി ആ ഭരണിയുടെ മുമ്പിൽ അവൻ മിഴിച്ചുനിന്നു. പുതുതായി കൊണ്ടുവച്ചതാണ്. അതിനുമുമ്പ് ഒരിക്കലും അവൻ അത് അവിടെ കണ്ടിട്ടില്ല.

ഭരണി നിറയെ ഗോട്ടികളാണ്. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട നല്ല ഒന്നാന്തരം ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും. കാണാനെന്തൊരു ചന്തമാണ്! അതുവരെ അതൊക്കെ എവിടെ യായിരുന്നു? പീടികയുടെ ഉള്ളിലായിരിക്കും. ഇപ്പോൾ അവൻ കാണാൻവേണ്ടി പുറത്തെടുത്തുവച്ചതാണ്.

നോക്കിനിൽക്കെ ആ ഭരണി വലുതാകാൻ തുടങ്ങി. ആകാശത്തോളം വലുതായപ്പോൾ അവനും അതിന്റെ ഉള്ളിൽ കടന്നു. വേറെ കുട്ടികളാരുമുണ്ടായിരുന്നില്ല. എങ്കിലും അവന് അതായിരുന്നു കൂടുതൽ ഇഷ്ടം. അനുജത്തി പോയതിൽപിന്നീട് അവൻ എപ്പോഴും തനിച്ചാണ് കളിക്കാറ്.

അവൻ ഗോട്ടി വാരി നാലുപാടും വിതറി, കളിച്ചുരസിച്ചു. അപ്പോഴാണ് ഒരു ശബ്ദം.

“കുട്ടി അതു വലിച്ചിടും!”

അവൻ ഞെട്ടി. ആ ഭരണി ചെറുതായിക്കൊണ്ടുവരുന്നു! ചെറിയ ഭരണിക്കുള്ളിൽ പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ ! തൊടിയിലുള്ള നെല്ലിക്കയോളം വലുപ്പമേയുള്ളു ഓരോന്നിനും.

അവിടെ അവർ രണ്ടുപേർ മാത്രമേയുള്ളൂ - അവനും വയസ്സനായ ആ പീടികക്കാരനും. അയാളുടെ മുഖത്തു നീരസം നിഴലിച്ചിട്ടുണ്ട്.

“ഞാൻ പറഞ്ഞില്ലേ! എന്താന്ന് വേണ്ടതെന്ന് പറഞ്ഞാൽ എടുത്തു തര്വല്ലോ !”

അവൻ സങ്കടത്തോടെ മാറിനിന്നു.

“ഗോട്ടി വേണോ?” അയാൾ ഭരണിയുടെ അടപ്പ് തുറക്കാൻ ആരംഭിച്ചു.

അവൻ വേണ്ടെന്നു തലയാട്ടി.

“പിന്നെ?”

നല്ല ചോദ്യം. അവന് ഗോട്ടി വേണോ എന്ന്. വേണോ? അവനുതന്നെ അറിഞ്ഞു കൂടാ. ഏതായാലും അവനതു തൊട്ടു. ആ ഭരണി തൊട്ടപ്പോൾ ഗോട്ടി തൊട്ടതുപോലെത്തന്നെയായിരുന്നു. വേണമെങ്കിൽ അവന് ഗോട്ടിയെടുക്കാമായിരുന്നു.

എടുത്തിരുന്നുവെങ്കിൽ !

സ്കൂളിൽനിന്നു മണിയടിക്കുന്നതു കേട്ടപ്പോൾ സഞ്ചി അടുക്കിപ്പിടിച്ച് അവൻ ഓടി. താമസിച്ചെത്തുന്ന കുട്ടികൾ പിറകിലാണ് ചെന്നിരിക്കേണ്ടത്. അന്ന് ഏറ്റവും താമസിച്ചെത്തിയത് അവനായിരുന്നു. അതിനാൽ അവൻ ഒച്ചയുണ്ടാക്കാതെ പിന്നിലുള്ള ബെഞ്ചിൽ ചെന്നിരുന്നു.

എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽത്തന്നെയുണ്ട്. രാമൻകുട്ടി മുമ്പിലാണ്. എന്നും അവൻ നേരത്തേ വരും. മൂന്നാമത്തെ ബെഞ്ചിന്റെ അറ്റത്താണ് മല്ലിക. മല്ലികയുടെ അപ്പുറത്ത് അമ്മുക്കുട്ടി... ജോർജിനെ കാണുന്നില്ല.

ജോർജാണ് കുട്ടികളുടെ ഇടയിൽ ഏറ്റവും നന്നായി ഗോട്ടികളിക്കുക. എത്ര വലിയവനും ജോർജിനോടു കളിച്ചാൽ തോൽക്കും. തോറ്റാൽ വെറുതെ പോകാൻ പാടില്ല. കൈമടക്കി നിലത്തുവച്ചുകൊടുക്കണം. അപ്പോൾ ജോർജ് അടിച്ചു കൊട്ടുപൊളിക്കും!

ജോർജ് എന്താണ് വരാത്തത്?

ഓ, ജോർജിന് പനിയല്ലേ? രാമൻകുട്ടിയാണ് അവനോടതു പറഞ്ഞത്. അവനത് മല്ലികയോടും എല്ലാവരോടും പറഞ്ഞിരുന്നു. ജോർജിന്റെ വീട് അവൻ വരുന്ന വഴിക്കാണ്. ജോർജിനു പനിയാണ്...

അപ്പുക്കുട്ടൻ ശ്രദ്ധിക്കുന്നില്ല.

മാസ്റ്റർ!

അവൻ ബദ്ധപ്പെട്ട് പുസ്തകം തുറന്നു മുമ്പിൽവച്ചു. തീവണ്ടിയുടെ പാഠമാണ്. തീവണ്ടി... തീവണ്ടി... മുപ്പത്തേഴാം പേജിലാണത്. വീട്ടിൽനിന്ന് അവനതു വായിച്ചിട്ടുണ്ട്.

ചൂരലിന്റെ അറ്റംകൊണ്ട് ഇടയ്ക്കിടെ മേശപ്പുറത്തു കൊട്ടി, മാസ്റ്റർ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു: "കുട്ടികളേ, നിങ്ങളിൽ പലരും തീവണ്ടി കണ്ടിരിക്കും. അതിന് ആവിവണ്ടി എന്നുകൂടി പേരുണ്ട്. കാരണം, ആവിയുടെ ശക്തി നിമിത്തമാണ് അതിന്റെ യന്ത്രം ചലിക്കുന്നത്. ആവി എന്നുവെച്ചാൽ നീരാവി. നിങ്ങളുടെ വീട്ടിലെ അടുപ്പിൽ..."

അപ്പുക്കുട്ടനും ആലോചിച്ചു. തീവണ്ടി ! അതവൻ കണ്ടിട്ടുണ്ട്. ഝുക്ക്... ഝുക്ക്... ഝുക്ക്... ഝുക്ക്കൂ... അതാണ് തീവണ്ടി. അത് ആവിവണ്ടിയുംകൂടിയാണ്. ആവിവണ്ടിയെന്നു വച്ചാൽ-

മാസ്റ്ററുടെ ശബ്ദം അല്പം കുറഞ്ഞു. അയാൾ ഓരോ ഭാഗവും പ്രത്യേകം വിവരിക്കുകയാണ്. "...വെള്ളം നിറച്ചുവെയ്ക്കാൻ ഒരു സ്ഥലമുണ്ട്. ഇംഗ്ലീഷിൽ ഇതിനെ ബോയിലർ എന്നു പറയും. ഇരുമ്പുകൊണ്ടുള്ള ഒരു വലിയ പീപ്പയാണിത്..."

ഇരുമ്പുകൊണ്ടുള്ള വലിയ ഒരു... കുപ്പിബ്ഭരണി! അതിൽ നിറയെ പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും. ജോർജ് സുഖക്കേടുമാറി വന്നാൽ അവനത് ജോർജിനോടു പറയും. അപ്പോൾ അവനെന്തൊരു സന്തോഷമായിരിക്കും! അവർ രണ്ടുപേർ മാത്രമേ





കളിക്കുകയുള്ളൂ. വേറെ ആരേയും കൂട്ടില്ല...

ഒരു ചോക്കിൻകഷണം അവന്റെ മുഖത്തു വന്നു കൊണ്ടു! പരിചയംനിമിത്തം അവൻ പെട്ടെന്ന് എഴുന്നേറ്റുനിന്നു. മാസ്റ്റർക്ക് ദേഷ്യം വന്നിരിക്കുന്നു.

"താനെന്താ അവിടെ കാട്ടുന്നത്?"

അവന് ശ്വാസം മുട്ടുന്നതുപോലെ തോന്നി.

"പറയൂ." അവൻ മിണ്ടാതെ നിന്നു.

"പറയില്ലേ!" അയാൾ അപ്പുക്കുട്ടന്റെ അടുത്തുചെന്നു.

ക്ലാസ്സ് മുഴുവൻ വീർപ്പടക്കിയിരിക്കയാണ്. അവന്റെ പരിഭ്രമം വർധിച്ചു.

"ഞാനിപ്പോൾ ഇവിടെ എന്തിനെക്കുറിച്ചാണ് പറഞ്ഞിരുന്നത്?" ആ കുട്ടിയുടെ മുഖത്തേക്കു നോക്കിയപ്പോൾ അവന്റെ മനസ്സിൽ എന്തോ ഉണ്ടെന്ന് വളരെ കാലത്തെ സർവീസുള്ള മാസ്റ്റർക്ക് അറിയാൻ കഴിഞ്ഞു. ഒരുപക്ഷേ, അവൻ പാഠം ശ്രദ്ധിച്ചിരിക്കാം. അങ്ങനെയാണെങ്കിൽ മനസ്സിലുള്ള ഉത്തരം പുറത്തുകൊണ്ടുവരാനാണ് അയാൾ ശ്രമിക്കേണ്ടത്. അവിടെയാണ് അയാളുടെ വിജയം.

"ഉം. പറഞ്ഞോളൂ! അതുതന്നെ. പേടിക്കേണ്ട."

അപ്പുക്കുട്ടന്റെ നാക്കിൻതുമ്പത്ത് ഉത്തരം വന്നുതങ്ങിനിൽക്കുന്നത് മാസ്റ്റർ കണ്ടു.

"ഉം. അവൻ വിറച്ചുകൊണ്ട് പറഞ്ഞു: "ഗോട്ടി!"



"ഗോട്ടി!" അയാൾ പകച്ചുനിന്നു. ക്ലാസിൽ ഭൂകമ്പമായിരുന്നു.

"സ്റ്റാൻഡപ്പ് ഓൺ ദി ബെഞ്ച് !

"സ്റ്റാൻഡപ്പ് "

മാസ്റ്ററുടെ കണ്ണിൽനിന്നു തീപ്പൊരി പറന്നുകൊണ്ടിരുന്നു.

അപ്പുക്കുട്ടൻ കരഞ്ഞുകൊണ്ട് ബെഞ്ചിന്മേൽ കയറി. അടുത്ത ക്ലാസിലെ ടീച്ചർ വാതിൽക്കൽ വന്നെത്തിനോക്കി.

വീണ്ടും കൂട്ടച്ചിരിയുണ്ടായി.

എത്ര ശ്രമിച്ചിട്ടും അവന് സങ്കടം അടക്കിനിർത്താൻ കഴിഞ്ഞില്ല. അവൻ വിതുമ്പി ക്കരഞ്ഞു. പക്ഷേ, കരയുന്തോറും സങ്കടം വർധിച്ചുവന്നതേയുള്ളൂ. എല്ലാവരും അവനെ നോക്കി പരിഹസിക്കുകയാണ്, എല്ലാവരും! രാമൻകുട്ടിയും മല്ലികയുമൊക്കെ!

ബെഞ്ചിന്മേൽ നിന്നുകൊണ്ട് അവൻ ആലോചിച്ചു. കാണിച്ചുകൊടുക്കാം അവർ ക്കൊക്കെ. ജോർജ് വരട്ടെ, ജോർജ് വന്നാൽ... ജോർജ് വന്നാൽ അവൻ ഗോട്ടി വാങ്ങും. കളിക്കാൻ അവരെയൊന്നും വിളിക്കില്ല. ആ ഗോട്ടി കണ്ടാൽ അവരൊക്കെ ആശിച്ചുപോകും. അത്ര ചന്തമുള്ള ഗോട്ടികളാണ്. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും.

അപ്പോൾ ഒരു സംശയം!

ഗോട്ടി എങ്ങനെ കിട്ടും? ചോദിച്ചാൽ ആ പീടികക്കാരൻ കൊടുക്കുമോ? ജോർജിനേയും കൂട്ടി ചോദിച്ചാൽ തരുമോ? അല്ലെങ്കിൽ!

"വല്ലവർക്കും സംശയമുണ്ടെങ്കിൽ ചോദിക്കാം." മാസ്റ്റർ അന്നത്തെ പാഠം മതിയാക്കി.

"ആർക്കും ഒരു സംശയവുമില്ല?"

അപ്പുക്കുട്ടന്റെ സംശയം തീർന്നിരുന്നില്ല. അവൻ ആലോചിക്കുകയായിരുന്നു. ജോർജിനെയും കൂട്ടി പോയി ചോദിച്ചാൽ തരില്ലേ? അല്ലെങ്കിൽ അതിന് എത്ര പൈസയാകും? വാങ്ങാമെന്നുവച്ചാൽ?

രാമൻകുട്ടി സംശയം ചോദിച്ചു.

അമ്മിണി സംശയം ചോദിച്ചു.

പലരും ചോദിച്ചു.

"അപ്പുക്കുട്ടനെന്താ ആലോചിക്കുന്നത്?"

മാസ്റ്റർ!



"ഉം. ചോദിച്ചോളൂ, എന്താ സംശയം?"

കുട്ടികളൊക്കെ തിരിഞ്ഞിരുന്ന് അവന്റെ നേരേ നോക്കി.

"സംശയമില്ല?"

സംശയമുണ്ടായിരുന്നു ! ജോർജിനേയും കൂട്ടി പോയാൽ തരുമോ? അല്ലെങ്കിൽ എത്ര പൈസയാകും? അരയണ കൊടുത്താൽ കിട്ടുമോ? ഒരണ കൊടുത്താൽ കിട്ടുമോ? അല്ലെങ്കിൽ...

"എന്താ ആലോചിക്കുന്നത് ?"

"പൈസ"

"എന്ത് ?"

"എത്ര പൈസയാകുംന്ന്?"

"എന്തിന് ?"

അവൻ ഒന്നും പറഞ്ഞില്ല. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ അവന്റെ മുമ്പിലൂടെ ഉരുണ്ടുപോയി.

മാസ്റ്റർ ചോദിച്ചു: "തീവണ്ടിക്കാണോ ?"

അവൻ തലയാട്ടി.

"വിഡ്ഢീ! തീവണ്ടി വാങ്ങാൻ കിട്ടില്ല. ഇനി കിട്ടിയാൽത്തന്നെ നീ എന്തുചെയ്യും ?"

അവൻ കളിക്കും. ജോർജിന്റെ കൂടെ കളിക്കും.

തീവണ്ടിയല്ല. ഗോട്ടി.

ഒരു കടലാസുമായി പ്യൂൺ വന്നു. മാസ്റ്റർ പറഞ്ഞു: "ഫീസ് കൊണ്ടുവന്നവരെല്ലാം പോയി കൊടുത്തോളൂ." അമ്മിണിയും ഐവാനും മുഹമ്മദുകുഞ്ഞിയും രാജനും മാധവനുമൊഴികെ എല്ലാവരും പോയി. രാജൻ പോകുമ്പോൾ അവനെ പതുക്കെയൊന്നു നുള്ളി. അവൻ കാൽ വലിച്ചുകളഞ്ഞു. അവൻ ഓർത്തു: ഓ! അവനും ഫീസ് കൊടുക്കണം. അച്ഛൻ അവന് ഒന്നര ഉറുപ്പിക കൊടുത്തിട്ടുണ്ട്. അവൻ കീശയിൽ കൈയിട്ടു. ഒരുറുപ്പികയുടെ ഒരു നോട്ടും എട്ടണയും. അവൻ ബെഞ്ചിന്മേൽനിന്ന് ഇറങ്ങി.

"ഉം. എവിടേക്ക് ?" മാസ്റ്റർ !

ഗദ്ഗദത്തിന്റെ നേർത്ത കുമിളകൾ അവന്റെ ഹൃദയത്തിൽ പൊങ്ങി:

"ഫീസ് കൊടുക്കണം."



"ഫീസ് കൊടുക്കേണ്ട." മാസ്റ്റർ പറഞ്ഞു. അവൻ സംശയിച്ചുനിന്നു.

"ഉം, ഓൺ ദ ബെഞ്ച് "
അവൻ ബെഞ്ചിന്മേൽ കയറിനിന്നു കരയാൻ തുടങ്ങി.

"ഇനി ക്ലാസിൽ ശ്രദ്ധിക്കുമോ?"

"ശ്ര... ശ്രദ്ധിക്കും."

"ഉം, എന്നാൽ പൊയ്ക്കോളൂ." അവൻ പോയി.

ആഫീസ്മുറിയിൽ തിരക്കായിരുന്നു.

"നിങ്ങൾ ഓരോരുത്തരായി വരിൻ, കുട്ടികളേ..." ക്ലാർക്ക് പറയുന്നു.

"ഞാനാ ആദ്യം വന്നത്."

"ഉം. ഞാനാ..."

"എന്റെ ബാക്കി!"

ആ ബഹളത്തിൽനിന്ന് അപ്പുക്കുട്ടൻ മാറിനിന്നു. രാമൻകുട്ടി ഫീസടച്ചു. മല്ലിക ഫീസടച്ചു. അല്പംപേരേ ഇനി ബാക്കിയുള്ളൂ. അവൻ ആലോചിക്കുകയായിരുന്നു. ജോർജിനേയും കൂട്ടി പോയാൽ തരില്ലേ? തരും, ഒരുപക്ഷേ, അല്ലെങ്കിൽ, എത്ര പൈസയാകും? അരയണ... ഒരണ.

പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ!

മണിയടിച്ചപ്പോൾ ഫീസ് കൊടുത്തവരും കൊടുക്കാത്തവരുമൊക്കെ അവിടെനിന്നു പോയി.

ഒരുറക്കത്തിൽനിന്ന് എഴുന്നേറ്റുപോകുന്നതുപോലെ അവനും പോയി.

"എല്ലാവരും ഫീസ് കൊടുത്തുവോ?" ക്ലാസ് വിടുന്നതിനുമുമ്പായി മാസ്റ്റർ ചോദിച്ചു. അവൻ എഴുന്നേറ്റില്ല. വൈകുന്നേരം അവിടെയുമിവിടെയുമൊക്കെയായി അല്പനേരം ചുറ്റിപ്പറ്റിനിന്നു. നനഞ്ഞ മണ്ണിൽ കുഴികുഴിച്ചു കുട്ടികൾ ഗോട്ടികളിക്കുന്നുണ്ടായിരുന്നു. അവൻ അവരുടെ അടുക്കലേക്കു പോയില്ല.

ഗേറ്റിന്റെ അഴിപിടിച്ചുകൊണ്ട് അവൻ നിരത്തിന്മേലേക്ക് നോക്കി. അവിടെ ആ വളവിലാണ് പീടിക. പീടികയിൽ ഒരൽമാര. പുറത്തുനിന്നാൽ മതി, തൊടാൻ കഴിയും. അൽമാരയിൽ കുപ്പിബ്ഭരണികളാണ്. അതിൽ ഒരു ഭരണി നിറയെ...

സഞ്ചി ചുമലിലൂടെയിട്ട്, അവൻ ചാഞ്ചാടിക്കൊണ്ടു നടക്കാൻ തുടങ്ങി. പീടിക അടുത്തുവരുന്നു! അവന്റെ നടത്തത്തിനു വേഗം കൂടി. ആ അൽമാരയുടെ മുമ്പിൽ അവൻ നിന്നു. പീടികക്കാരൻ ചിരിച്ചു. അയാൾ തന്നെ കാത്തുനിൽക്കുകയായിരുന്നുവെന്ന് അവനു മനസ്സിലായി.

അവനും ചിരിച്ചു.



"ഗോട്ടി വേണം, അല്ലേ?"

അവൻ തലയാട്ടി. അയാൾ ഭരണിയുടെ അടപ്പു തുറക്കുമ്പോൾ അവൻ ചോദിച്ചു:

"നല്ല ഗോട്ടിയാണ്, അല്ലേ?"

"നല്ല ഒന്നാന്തരം ഗോട്ടി. കുട്ടിക്ക് എത്ര ഗോട്ടി വേണം?"

എത്ര ഗോട്ടി വേണമെന്നൊ ? എത്രവേണം? എത്ര? അവൻ കീശയിൽ കൈയിട്ടു. ഒരുറുപ്പികയും എട്ടണയുമുണ്ട്. അവൻ അതെടുത്തു കാട്ടി.

പീടികക്കാരൻ ഞെട്ടി:

"ഇതിനു മുഴുവനുമോ?"

"മുഴുവനും !"

അത്ര വലിയ തുകയ്ക്ക് അതിനുമുമ്പ് ഒരു കുട്ടിയും ഗോട്ടി വാങ്ങിയിട്ടില്ല.

"എന്താ ഇതിന്റെ ആവശ്യം?"

"ഒരാവശ്യം !"

"അതെന്താണ് ?"

"അത് ഞാമ്പറയൂല !"

പീടികക്കാരന് മനസ്സിലായി. അയാളും ഒരുകാലത്ത് കുട്ടിയായിരുന്നു.

അവന്റെ ചങ്ങാതിമാരൊക്കെ ചേർന്നുവാങ്ങുന്നതാണ്. അവൻമാത്രം വന്നുവെന്നേയുള്ളൂ.

ഗോട്ടി വാങ്ങിയത് ജോർജും അവനും ഒഴികെ വേറെ ഒരു കുട്ടിയും അറിയരുതെന്ന് അവനു നിർബന്ധമുണ്ടായിരുന്നു. ഒരു ദിവസം അവൻ പെട്ടെന്ന് ചോദിക്കും,

"വരുന്നോ, എന്നോടു കളിക്കാൻ ?"

അപ്പോഴെ ആളുകൾ അറിയാൻ പാടുള്ളൂ !

"കുട്ടിക്ക് കളിക്കാനറിയോ?" അയാൾ ചോദിച്ചു. അവന്ന് അറിഞ്ഞുകൂടായിരുന്നു.

"പിന്നെ?"

എന്തൊക്കെ ചോദ്യങ്ങളാണ്! അവന്റെ ക്ഷമ നശിച്ചു. അവൻ കൈ നീട്ടി.

"താ."

അയാൾ ചിരിച്ചു. അവനും ചിരിച്ചു.

കടലാസിന്റെ ആ പൊതി അടുക്കിപ്പിടിച്ച് വേപ്പുമരങ്ങളുടെ നിഴലിലൂടെ അവൻ നടന്നു.

അവന്റെ കൈയിലാണ് ഇപ്പോൾ ഗോട്ടി. അവന്റെ കൈയിൽ ! വേണമെങ്കിൽ പുറത്തെടുക്കാം.



അവൻ പൊതി കുലുക്കിനോക്കി. അവൻ ചിരിക്കുന്നുണ്ടായിരുന്നു.

'പക്ഷേ, ആ കുപ്പിബ്ഭരണിയോടെ കിട്ടിയിരുന്നുവെങ്കിൽ!' അവൻ ആശിച്ചു. കടലാസുപൊതി നന്നല്ല. ഭരണിയാണെങ്കിൽ വെറുതെ തൊട്ടാൽ മതി. ഗോട്ടി തൊട്ടതുപോലെത്തന്നെ തോന്നും.

പെട്ടെന്ന് ഒരു സംശയം - എല്ലാറ്റിനുമുണ്ടോ പച്ചനിറത്തിൽ വര? അവൻ കെട്ടഴിച്ചുനോക്കാൻ തീർച്ചപ്പെടുത്തി. സഞ്ചി താഴെവച്ച് അവൻ പതുക്കെ കടലാസുപൊതിയുടെ കെട്ടഴിക്കാൻ തുടങ്ങി. പൊതിയഴിഞ്ഞു ഗോട്ടി മുഴുവൻ നിലത്തുവീണു. നിരത്തിന്റെ നടുവിലേക്ക് അവ ഉരുണ്ടുപോവുകയാണ്. ഒരു നിമിഷനേരം തരിച്ചുനിന്നതിനുശേഷം അവ പെറുക്കാൻ തുടങ്ങി. കൈ നിറഞ്ഞു. പെറുക്കിയതെവിടെ വയ്ക്കും?

സ്ലേറ്റും പുസ്തകവും പുറത്തെടുത്തു വച്ചതിനുശേഷം സഞ്ചിയിൽ പെറുക്കിയിടാൻ തുടങ്ങി.

ഒന്ന്, രണ്ട്, മൂന്ന്, നാല്...

ക്ർർർർ... ഒരു കാർ സഡൺ ബ്രേക്കിൽ നിന്നു.

അവൻ അപ്പോഴും ഗോട്ടി പെറുക്കി സഞ്ചിയിൽ ഇടുകയായിരുന്നു. ആ കുട്ടിയെ ജീവനോടെ കടിച്ചുതിന്നാനുള്ള ദേഷ്യം വന്നു ഡ്രൈവർക്ക്. അയാൾ തല വെളിയിലിട്ടു. ആ കുട്ടി എന്താണു കാട്ടുന്നത് അവിടെ?

പെറുക്കുന്നതിനിടയിൽ അവൻ തലയുയർത്തിനോക്കി. ഒരു കാറും അതിനുള്ളിൽ ഒരു ഡ്രൈവറും. ഡ്രൈവർ അവന്റെ ഗോട്ടിയുടെ ഭംഗി നോക്കി രസിക്കുകയാണ്. അവൻ ഒരു ഗോട്ടി പൊക്കിക്കാട്ടി ചിരിച്ചു.

"നല്ല രസമുണ്ട്, അല്ലേ?"

ഡ്രൈവറുടെ ദേഷ്യം അലിഞ്ഞുപോയി. അയാൾ ചിരിച്ചു.

സഞ്ചിയെടുത്തു ചുമലിലിട്ടതിനുശേഷം സ്ലേറ്റും പുസ്തകവും കുപ്പിയും പെൻസിലുമൊക്കെ അടുക്കിപ്പിടിച്ച് അവൻ വീട്ടിലേക്ക് നടന്നു. വൈകുന്നേരത്തെ കാപ്പിയും തയ്യാറാക്കി അവന്റെ അമ്മ അവനെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. പൂമുഖത്തെ ബെഞ്ചിന്മേൽ സ്ലേറ്റും പുസ്തകവും വലിച്ചെറിഞ്ഞ് അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു.

അവൻ അന്നു വരാൻ വൈകിയതിൽ അമ്മ പരിഭ്രമിച്ചിരുന്നു.

അവൻ സഞ്ചിയുടെ വായ കൂട്ടിപ്പിടിച്ചുകുലുക്കി.

"ഓ, ഇതെന്തോന്നാ?" അമ്മ ചോദിച്ചു.



"ഞാമ്പറയൂല." അവൻ പറഞ്ഞു.

"എന്നോട് പറയില്ലേ?"

"പറയും." അമ്മയെ അവന് വലിയ കാര്യമായിരുന്നു. "അമ്മ കണ്ണുചിമ്മണം."

അമ്മ കണ്ണുചിമ്മി. അവൻ എണ്ണി: "വൺ, റ്റൂ, ത്രീ..." അമ്മ കണ്ണുതുറന്നു നോക്കി.

ഒരു സഞ്ചി നിറയെ ഗോട്ടികൾ! ആ സ്ത്രീ പകച്ചുനിന്നു.

"എവിടെനിന്നു കിട്ടി ഇതൊക്കെ?"

"വാങ്ങിയതല്ലേ...?"

"അതിനു പണം?"

അച്ഛന്റെ ഫോട്ടോവിന്റെ നേരേ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു:
"ഉച്ചയ്ക്കു തന്നിട്ടില്ലേ?"

അമ്മ മൂക്കത്തു കൈവെച്ചു! ഫീസ് കൊടുക്കേണ്ട പണം!

ആ ഗോട്ടി മുഴുവൻ അവനെന്തൊരാവശ്യത്തിനാണ്? ആരുടെ കൂടെയാണ് അവൻ കളിക്കുക? ആ വീട്ടിൽ അവൻ മാത്രമേയുള്ളൂ. ഉണ്ടായിരുന്നു, അവന്റെ ഇളയതായിട്ട് ഒരു കുട്ടി. അവന്റെ കൊച്ചനുജത്തി. പക്ഷേ...

ആ അമ്മയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. "ഓ അപ്പൂ... !" അവന്റെ അമ്മ കരയുന്നു! അവനു മനസ്സിലായില്ല. എന്തിനാണ് അമ്മ കരയുന്നത്? ഗോട്ടി വാങ്ങിയതുകൊണ്ടാണോ? അതായിരിക്കില്ല. പിന്നെ?

വയസ്സനായ പീടികക്കാരനും കാർഡ്രൈവറും ചിരിച്ചുകൊണ്ട് അവന്റെ മുന്നിൽ വന്നുനിന്നു. അവർക്കൊക്കെ ഇഷ്ടമാണ്. എന്തുകൊണ്ട് അമ്മ ഇഷ്ടപ്പെട്ടില്ല? ഒരുപക്ഷേ നല്ല ഗോട്ടിയായിരിക്കില്ല.

സഞ്ചിയിൽ നിന്ന് നെല്ലിക്ക പോലുള്ള ആ ഗോട്ടികൾ വാരിക്കൊണ്ട് അവൻ പറഞ്ഞു:

"ചീത്ത ഗോട്ടിയാണ്, അല്ലേ?"

"അല്ല, നല്ല ഗോട്ടി!"

"നല്ല രസമുണ്ട് കാണാൻ, അല്ലേ?"

"നല്ല രസമുണ്ട്!"

അവൻ ചിരിച്ചു. അവന്റെ അമ്മയും ചിരിച്ചു.

അശ്രുവീണു നനഞ്ഞ അമ്മയുടെ കവിളിൽ അവൻ മുഖമമർത്തി.

അവന്റെ ഹൃദയത്തിൽ അപ്പോൾ സന്തോഷം വഴിഞ്ഞൊഴുകിയിരുന്നു.

(തെരഞ്ഞെടുത്ത കഥകൾ-
ടി. പത്മനാഭൻ)



## വായിക്കാം പറയാം

താഴെക്കൊടുത്ത വാക്യങ്ങൾ കഥയിൽ വരുന്ന സന്ദർഭങ്ങളേതെല്ലാം? സംഘമായി ചർച്ചചെയ്ത് പറഞ്ഞവതരിപ്പിക്കൂ.

മറ്റു സംഘങ്ങൾക്ക് അവർ മനസ്സിലാക്കിയ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യാം.

- പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ അവന്റെ മുമ്പിലൂടെ ഉരുണ്ടുപോയി.
- അവൻ കൈനീട്ടി. അയാൾ ചിരിച്ചു. അവനും ചിരിച്ചു.
- ഡ്രൈവർ അവന്റെ ഗോട്ടിയുടെ ഭംഗി നോക്കി രസിക്കുകയാണ്.
- ഒരു സഞ്ചി നിറയെ ഗോട്ടികൾ ! ആ സ്ത്രീ പകച്ചുനിന്നു.
- അവൻ ചിരിച്ചു. അവന്റെ അമ്മയും ചിരിച്ചു.

## സങ്കല്പലോകം

“നോക്കിനിൽക്കേ ഭരണി വലുതാകാൻ തുടങ്ങി. ആകാശത്തോളം വലുതായപ്പോൾ അവനും അതിന്റെ ഉള്ളിൽ കടന്നു.”

കഥയിലെ കുട്ടി ഒരു പ്രത്യേകലോകത്തിലെത്തുന്നത് വായിച്ചല്ലോ... നിങ്ങളും മനസ്സിൽ ഇങ്ങനെ ചില സങ്കല്പലോകങ്ങൾ ഉണ്ടാക്കാറില്ലേ? അത്തരം ഒരു യാത്രയെക്കുറിച്ചെഴുതൂ. ചിത്രങ്ങളും വരച്ചുചേർക്കാം.

## പ്രയോഗഭംഗി കണ്ടെത്താം

അടുപ്പിൽനിന്ന് തീപ്പൊരി പറന്നുകൊണ്ടിരുന്നു.

മാസ്റ്ററുടെ കണ്ണുകളിൽനിന്നു തീപ്പൊരി പറന്നുകൊണ്ടിരുന്നു.

‘തീപ്പൊരി പറന്നുകൊണ്ടിരുന്നു’ എന്ന പ്രയോഗം രണ്ടു വാക്യങ്ങളിലും ഒരേ അർഥമാണോ നൽകുന്നത്?

എന്താണ് വ്യത്യാസം?

കഥയിൽനിന്ന് ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവ ഉപയോഗിച്ച് പുതിയ വാക്യങ്ങൾ എഴുതൂ.

# പദപരിചയം

## 1. അമൃതം നുകരാം

| | |
|---|---|
| ആസ്സ | കടകോൽ പോലെ കടയാനുപയോഗിക്കുന്ന ഉപകരണം |
| ഇഞ്ഞി | നീ |
| ഇതിഹാസം | പുരാവൃത്തം, പുരാതന ചരിത്രകഥയെ കാവ്യരൂപത്തിൽ ചിത്രീകരിച്ചിട്ടുള്ള കൃതി |
| ഈറ | കോപം |
| ഉറി | ആഹാരസാധനം നിറച്ച പാത്രം സൂക്ഷിക്കുന്നതിന് കയറുകൊണ്ടും മറ്റും ഉണ്ടാക്കി കെട്ടിത്തൂക്കുന്ന ഗൃഹോപകരണം. |
| എപ്പം | എപ്പോൾ |
| ഏലത്തിരി | ഏലക്കായ് |
| ഒട്ടിപ്പുടിക്ക്ണ് | ഒട്ടിപ്പിടിക്കുന്നു |
| ഒട്ടുപ്പ് | ഒട്ടൽ |
| ഒരുത്തില് | ഒരിടത്തേക്ക് |
| ഓട് | പത്തിരി ചൂടാക്കുന്ന ലോഹത്തട്ട് |
| കട്ട് | ചിലയിനം കിഴങ്ങുകളിലെ വിഷാംശം |
| കണ്ടം | കഷണം |
| കയ്യാക്കം | സഹായം |
| കരസ്പർശം | കൈകൊണ്ടുള്ള സ്പർശം (തൊടൽ) |
| കൽബ് | ഹൃദയം (മനസ്സ്) |
| കസ്കസ് | കറപ്പുചെടിയുടെ വിത്ത് |
| കാസ | വട്ടപ്പാത്രം |
| കിസ്മിസ് | ഉണക്കമുന്തിരി |
| കയിൽക്കണ | തവിയുടെ കോൽ |
| കൊണ്ടാന്ന്ക്ക്ണ് | കൊണ്ടുവന്നിരിക്കുന്നു |
| കൊയച്ചത് | കുഴച്ചത് |
| കൊരമ്പ | പനയോലയോ പുല്ലോ കൊണ്ടുണ്ടാക്കി മഴ നനയാതിരിക്കാൻ തലയിൽ വയ്ക്കുന്നത് |
| കോള് | പലഹാരം |
| ചക്കരക്കായ് | മധുരക്കിഴങ്ങ്, ചക്കരക്കിഴങ്ങ് |
| ചായ്പ്പ് | പ്രധാനകെട്ടിടത്തിന്റെ വശങ്ങളിലുള്ള മുറി |
| ചെനമ്പം | കുറച്ചുകൂടി |
| ജന്മാന്തരസുകൃതം | മുജ്ജന്മത്തിൽ ചെയ്ത നന്മ |
| ജീവൽപ്രപഞ്ചപാഠം | ജീവികളുടെ ലോകം നൽകുന്ന പാഠം (അറിവ്) |
| താളിക്കുക | കടുക് വറുക്കുക |
| തെരത്തുപോകുക | പിരിഞ്ഞുപോവുക (പാൽ കേടുവരിക) |

| | | |
|---|---|---|
| തെഹച്ചും | - | തികച്ചും |
| നിർവൃതി | - | പൂർണ്ണമായ സംതൃപ്തി, ആനന്ദം |
| പണ്ടം | - | കടഞ്ഞ കോഴിമുട്ടയിൽ വിവിധ വസ്തുക്കൾ ചേർത്തു കുഴച്ചത് |
| പയ്യുമ്പാല് | - | പശുവിൻപാല് |
| പിഞ്ഞാണം | - | പ്ലേറ്റ് |
| പൂശി | - | പുരട്ടി, തേച്ചു |
| പൊതിരുക | - | കുതിരുക |
| പൊരുൾ | - | അർഥം, സാരം |
| പ്രമാണം | - | തെളിവായുള്ള രേഖ |
| ബറാബർ | - | വളരെ ശരിയാണ്, കിറുകൃത്യം |
| ബാട്ടിയെടുക്കുക | - | വാട്ടിയെടുക്കുക |
| ബായീക്ക് | - | വായയ്ക്ക് |
| ബെക്കീ | - | വയ്ക്കൂ |
| ബെച്ച്ക്ക്ണ് | - | വെച്ചിരിക്കുന്നു |
| ബെത്തിലടക്ക | - | വെറ്റിലയും അടക്കയും (മുറുക്കാൻ) |
| മറതി | - | മറവി |
| മിഴി നട്ട് | - | കണ്ണുനട്ട് |
| മുട്ടിപ്പല | - | മുട്ടിപ്പലക (കനമുള്ള മരപ്പലക) |
| മുനിഞ്ഞു കത്തുക | - | മങ്ങിക്കത്തുക |
| മേണം | - | വേണം |
| മോന്തി | - | സന്ധ്യ |
| വട്ടപ്പല | - | വട്ടപ്പലക |
| ശമിപ്പിക്കുക | - | കുറയ്ക്കുക, ഇല്ലാതാക്കുക |
| സരിയാവൂല | - | ശരിയാവില്ല |
| സാൻ | - | പരന്ന പാത്രം |
| സേർ | - | ധാന്യങ്ങളും ദ്രാവകങ്ങളും അളക്കുന്ന അളവ് (ഏകദേശം നാലു നാഴി) |
| സ്മൃതി | - | ഓർമ്മ |
| ഹരിതാഭ | - | പച്ചപ്പിന്റെ ഭംഗി |
| ഹ്യത്ത് | - | ഹൃദയം |
| റാത്തൽ | - | തൂക്കത്തിന്റെ ഒരളവ് (ഒരു റാത്തൽ - 454 ഗ്രാം) |

## 2. നടുകിൽ തിന്നാം

| | | |
|---|---|---|
| അക്ഷീണമന്ദസ്മിതം | - | തളരാത്ത പുഞ്ചിരി |
| അഭിമാനബാഷ്പം | - | അഭിമാനത്തിൽനിന്നുണ്ടായ കണ്ണീർ |
| അലക്ഷ്യനായി | - | ലക്ഷ്യമില്ലാത്തവനായി |

| | | |
|---|---|---|
| അല്ലൽ | - | സങ്കടം, വിഷമം |
| ആത്മഗതം | - | തന്നെത്താൻ പറയൽ |
| ആപ്പും കടിയും | - | ചായയും കടിയും (ആപ്പ് എന്ന വാക്ക് ഒരു ഗ്ലാസ് ചായയെ സൂചിപ്പിക്കുന്നു) |
| ഇക്ഷണം | - | ഈ നിമിഷം (ഉടനെ) |
| ഇടരാറ്റുമാറ് | - | ഇടർ (ദുഃഖം, വേദന) കുറയ്ക്കുന്നവിധത്തിൽ |
| ഇരിമ്പ് | - | ഇരുമ്പ് |
| ഇള | - | ഭൂമി |
| ഉത്സുകം | - | ആഗ്രഹത്തോടെ, ഉത്സാഹത്തോടെ |
| ഉപഹാരം | - | സമ്മാനം |
| ഉഴിഞ്ഞവാറേ | - | ഉഴിഞ്ഞപ്പോൾ (തലോടിയപ്പോൾ) |
| ഏഷണ | - | അന്വേഷണം |
| ഐശ്വര്യൈഷണ | - | പുരോഗതിക്കായുള്ള അന്വേഷണം |
| കർമ്മയോഗി | - | ചുമതലകൾ കൃത്യമായി ചെയ്യുന്നവൻ |
| കാര്യശാല | - | ഓഫീസ് |
| ഗദ്ഗദം | - | ഇടർച്ച |
| താതൻ | - | അച്ഛൻ |
| തൂമ്പ | - | കിളയ്ക്കാനും മണ്ണു നീക്കാനുമുള്ള ഉപകരണം (മൺവെട്ടി) |
| തൃക്കരം | - | കൈ - തൃ (തിരു) എന്ന വിശേഷണം ബഹുമാനത്തെ സൂചിപ്പിക്കുന്നു |
| തോപ്പ് | - | നിറയെ ഫലവൃക്ഷങ്ങളുള്ള പറമ്പ് (തെങ്ങിൻതോപ്പ്, വാഴത്തോപ്പ്...) |
| ദിർഹം | - | യു.എ.ഇ.യിലെ നാണയം |
| നിശ്വാസം | - | പുറത്തേക്കുവിടുന്ന ശ്വാസം |
| പനമ്പ് | - | പരമ്പ് (നെല്ലും മറ്റും പരത്തിയിട്ട് ഉണക്കാനായി മുളയുടെ കനംകുറഞ്ഞ പാളികൊണ്ട് നെയ്തുണ്ടാക്കുന്ന പരന്ന പായ) |
| പുകൾപെറും | - | വലിയ പ്രശസ്തിയുള്ള |
| മർത്ത്യപരിഷ്കൃതി | - | മനുഷ്യന്റെ പുരോഗതി |
| മുകരുക | - | ചുംബിക്കുക |
| മുന്നാരത്തുണി | - | കോളറും കൈയുമില്ലാത്ത മേൽവസ്ത്രം |
| മൊഴിഞ്ഞു | - | പറഞ്ഞു |
| വെക്കം | - | വേഗത്തിൽ |
| ശുഭാപ്തി വിശ്വാസം | - | നല്ലതു വരുമെന്ന വിശ്വാസം |
| സംഘർഷം | - | ഏറ്റുമുട്ടൽ |
| സംഘർഷഭരിതം | - | സംഘർഷം നിറഞ്ഞത് |
| സുവാർത്ത | - | നല്ല വാർത്ത |

## 3. നൽകുകിൽ നേടാം

അവബോധം - തിരിച്ചറിവ്
അസ്ഥിവാരം - അടിത്തറ
ആഗോളതലം - ഭൂമിയിലെല്ലായിടത്തും
ആത്മനിന്ദ - സ്വയം തോന്നുന്ന വെറുപ്പ്
ആവാസവ്യവസ്ഥ - പലതരം ജീവജാലങ്ങൾ സഹകരിച്ച് ജീവിക്കുന്ന സ്ഥിതി
ആറ് - പുഴ
ഇയലുക - ഉണ്ടാകുക
ഉടമ്പടി - കരാർ
ഉപജീവനം - ജീവിതമാർഗം
ഊന്നിയ - വിതച്ച
ഏറ്റം - വർധനവ്
കണ്ടൽ - ജലാശയങ്ങളുടെ കരയിൽ വളരുന്ന ഒരു സസ്യവിഭാഗം
കരിച്ചാൽ - കരി (കലപ്പ) കൊണ്ടു പൂട്ടുമ്പോൾ ഉണ്ടാകുന്ന ചാൽ
കല്ലൂർവഞ്ചി - ഒരിനം സസ്യം (പാറക്കൂട്ടങ്ങളിൽ പറ്റിപ്പിടിച്ചുവളരുന്നത്-
ഔഷധമായി ഉപയോഗിക്കുന്നു)
കശാപ്പ് - കൊല ചെയ്യൽ
കാച്ചിച്ചുട്ട് - തീയിട്ട്
കുടുമ - പുരുഷന്മാർ പണ്ട് നീട്ടിവളർത്തി കെട്ടിവയ്ക്കുന്ന തലമുടി, അഗ്രം
കുരുന്തമരം - കാട്ടുനാരകം
കൃഷീവലർ - കൃഷിക്കാർ
കെൽപുണ്ടാവുക - ശക്തിയുണ്ടാവുക
കൊല്ല - മലയരികിലെ വിളഭൂമി
ജാഗ്രത - ശ്രദ്ധ, സൂക്ഷ്മത
ജീവനോപാധി - ജീവിതമാർഗം
തണ്ണീർത്തടം - ജലം കെട്ടിനിൽക്കുന്ന പ്രദേശം
ദുർമ്മേദസ്സ് - അമിതമായ തടി (ശരീരത്തിന്റെ അമിതമായ വണ്ണം)
ദൃഢം - ഉറപ്പുള്ള
നവം - പുതിയ
നീർ - വെള്ളം
നൈർമ്മല്യം - പരിശുദ്ധി
പരിപാലിക്കുക - സംരക്ഷിക്കുക
പറ്റം - കൂട്ടം
പാരം - വളരെ
പുനം - കാടുപിടിച്ച ഭൂമി

പുനരുജ്ജീവിപ്പിക്കുക - വീണ്ടും ജീവിപ്പിക്കുക
പുളപ്പ് - അഹങ്കാരം, ആവേശം
പൂക്കുറ്റിപ്പൊരി - പൂത്തിരി കത്തുമ്പോഴുണ്ടാകുന്ന തീപ്പൊരി
പൂത്താങ്കോല് - മണലിൽ കോലു പൂഴ്ത്തിവച്ച് കണ്ടുപിടിക്കുന്ന ഒരു കളി
പൂഴി - മണ്ണ്
പേമഴ - കനത്ത മഴ
പ്രതിഭാസം - സംഭവം
പ്രത്യാഘാതം - തിരിച്ചടി
ഭാവഭേദം - ഭാവമാറ്റം
മാഗ്നാകാർട്ട - അടിസ്ഥാനരേഖ
മേട് - ഉയർന്നു പരന്നു കിടക്കുന്ന ഭൂമി
രാശി - കൂട്ടം
രുചിയെഴും - രുചിയുള്ള
ലംഘിക്കുക - അതിക്രമിക്കുക, നിഷേധിക്കുക
വരം - ശ്രേഷ്ഠം, വളരെ മികച്ചത്
വരക് - ഒരുതരം ചെറുധാന്യം (വരൾച്ചയെ അതിജീവിക്കാൻ കഴിവുള്ള ധാന്യഇനം)
വാലുക - ഒഴുകിപ്പോകുക
വിചിത്രം - മനോഹരം
വിസർജിക്കുക - പുറംതള്ളുക
വിസ്തൃതം - വിശാലം
വെസനിക്ക്ണൂ - വ്യസനിക്കുന്നു
വൈവിധ്യം - വ്യത്യസ്തത (പലതരം)
വ്യതിയാനം - വ്യത്യാസം, മാറ്റം
ശയ്യ - കിടക്ക
സുനിശ്ചിതം - തീർച്ചയുള്ള
സൗധം - വലിയ കെട്ടിടം (മാളിക)
ഹരം - ആവേശം, സന്തോഷം

## 4. അറിഞ്ഞുവിടരാം

അഗാധം - ആഴമേറിയത്
അഗ്നിസ്മിതം - തീയിന്റെ പുഞ്ചിരി
അത്യധികം - വളരെയേറെ
അനന്തരം - പിന്നീട്
അവാന്തരഘടകം - ഉള്ളിലുള്ള (ഇടയ്ക്കുള്ള) ഘടകം

ആക്ഷേപസ്വരം - ആക്ഷേപിക്കുന്ന (കളിയാക്കുന്ന) ശബ്ദം
ആജ്ഞാശക്തി - ആജ്ഞാപിക്കാനുള്ള കഴിവ്
ആർക്കുക - ഉറക്കെ ശബ്ദമുണ്ടാക്കുക (ആഹ്ലാദം, അദ്ഭുതം എന്നിവയെ സൂചിപ്പിക്കുന്നു)
ആശ്ചര്യകരം - അദ്ഭുതമുണ്ടാക്കുന്നത്
ആളുക - തീനാളങ്ങൾ ഉയരുന്നവിധത്തിൽ കത്തുക
ഉതകുക - ഉപകരിക്കുക
ഉന്മത്തനാവുക - നിയന്ത്രിക്കാനാവാത്തവിധത്തിൽ ആവേശഭരിതനാവുക
ഏന്തുക - പിടിക്കുക
ഏറിയ - കൂടിയ, വർധിച്ച
ഒടുങ്ങുക - അവസാനിക്കുക, തീരുക
ഓതുക - പറയുക
ഓലും - ഒഴുകുന്ന
കണ്ണഞ്ചിപ്പിക്കുക - കടുത്ത പ്രകാശത്തിൽ കാഴ്ച മങ്ങിക്കുക
കനകക്കതിര് - സ്വർണ്ണനിറമുള്ള കതിര്
കന്ദങ്ങൾ - കിഴങ്ങ്, അടിസ്ഥാനം
കമനീയം - മനോഹരം
കരു - മാതൃക, മൂശ, ഉപകരണം
കാലപ്പെരുവഴി - കാലമാകുന്ന പെരുവഴി
കിഴുക്കാൻതൂക്ക് - മുകളിൽനിന്ന് നേരേ താഴേയ്ക്ക്
ക്ലേശം - ബുദ്ധിമുട്ട്, വിഷമം
ഗണ്യം - കണക്കിലെടുക്കാവുന്ന, പരിഗണിക്കാവുന്ന
ഗതി - വഴി, ഒഴുക്ക്
ഗർത്തം - ആഴമുള്ള കുഴി
ചിറകുതകി - ചിറകു നൽകി
ചെന്നിണം - ചെഞ്ചോര
ജിജ്ഞാസ - അറിയാനുള്ള ആഗ്രഹം
ജൈത്രയാത്ര - വിജയാഘോഷം പ്രകടിപ്പിക്കുന്ന യാത്ര
ജ്യോതിർഗോളം - ഗ്രഹം, നക്ഷത്രം
തന്നിമിത്തം - അതുകാരണം
തിര്യക്ക് - ജന്തുക്കൾ
തുറ - മേഖല
ദുരുപയോഗപ്പെടുത്തുക - മോശമായി ഉപയോഗിക്കുക
ദൂരശ്രവണയന്ത്രം - ടെലിഫോൺ
ദൃഢം - ഉറപ്പുള്ള
ദ്രുതഗതി - വേഗത്തിൽ നീങ്ങുന്നത്

നിരവസാനം - അവസാനമില്ലാത്ത
നിർജീവമായി - ജീവനില്ലാതെ
നൂതനം - പുതിയത്
പടൽ - പടർപ്പ്, പടർന്നുകിടക്കുന്ന ചെടികൾ
പരമാണു - ഒരു വസ്തുവിന്റെ ഏറ്റവും ചെറിയ ഘടകം
പര്യാപ്തം - കഴിയുന്നത്, മതിയാവുന്നത്
പശി - വിശപ്പ്
പാണി - കൈത്തലം
പാര് - ഭൂമി, ലോകം
പിതാമഹർ - മുൻതലമുറകളിലുള്ളവർ
പുരോഗമനം - മുന്നോട്ടുപോക്ക്, മെച്ചപ്പെടൽ
പുലരിച്ചന്തം - പ്രഭാതത്തിന്റെ ഭംഗി
പൂർവികർ - മുൻകാലങ്ങളിൽ ജീവിച്ചവർ
പേറുക - വഹിക്കുക, പിടിക്കുക
പ്രവർത്തനക്ഷമം - പ്രവർത്തിക്കാൻ കഴിവുള്ളത്
പ്രസരിപ്പ് - ഉത്സാഹം
പ്രായേണ - മിക്കവാറും
ഭയജനകം - പേടിയുണ്ടാക്കുന്നത്
ഭവിക്കുക - ഉണ്ടാകുക
ഭീമമായ - വളരെ വലിയ
ഭീരുത്വം - പേടിക്കുന്ന അവസ്ഥ, ഭയം
മംഗളം - നല്ല കാര്യം, നന്മ
മനോരാജ്യംകൊള്ളുക - സങ്കൽപിക്കുക
മന്ന് - ഭൂമി
മർത്യൻ - മനുഷ്യൻ
മാലോടെ - വേദനയോടെ
മിഴിച്ചു - കണ്ണു നന്നായി തുറന്നു
മുറയ്ക്ക് - ക്രമത്തിൽ
മെത്തിടും - കനത്ത, വർധിച്ച
യുവജനവൃന്ദം - യുവാക്കളുടെ കൂട്ടം
ലഘൂകരിക്കുക - ലളിതമാക്കുക, ചെറുതാക്കുക, എളുപ്പമാക്കുക
ലാത്തുക - അങ്ങുമിങ്ങും നടക്കുക
വാഗ്ദാനം - വാക്കു നൽകൽ, ഉറപ്പു നൽകൽ
വാരൊളി - ഭംഗിയുള്ള പ്രകാശം
വാസ്തവം - യാഥാർഥ്യം
വിണ്ണ് - ആകാശം

| | | |
|---|---|---|
| വിദൂരവർത്തി | - | അകലെ സ്ഥിതിചെയ്യുന്നത് |
| വിസ്മയാവഹം | - | അദ്ഭുതമുണ്ടാക്കുന്നത് |
| വെണ്ണീറ് | - | ചാരം |
| ശിശുപ്രായൻ | - | കുട്ടിയുടെ സവിശേഷതകളുള്ളവൻ |
| ശ്രമരഹിതം | - | ബുദ്ധിമുട്ടില്ലാത്തത് |
| സഞ്ചിതം | - | നിറഞ്ഞ |
| സംഭ്രമം | - | പരിഭ്രമം, അമ്പരപ്പ് |
| സമതടം | - | നിരപ്പായ സ്ഥലം |
| സഹസ്രാബ്ദം | - | ആയിരം കൊല്ലം |
| സാഹസികം | - | ആപത്തിൽ ഭയപ്പെടാതെ, ധൈര്യത്തോടെ |
| സ്തുതിക്കുക | - | പുകഴ്ത്തുക, പ്രശംസിക്കുക |

## 5. ഉണർന്നുയരാം

| | | |
|---|---|---|
| അഗ്നി | - | തീ |
| അണ | - | പഴയ ഒരു നാണയം (ആറു പൈസയ്ക്കു തുല്യം) |
| അയവിറക്കുക | - | ഓർത്തെടുക്കുക |
| അശ്രു | - | കണ്ണീർ |
| അള്ളിപ്പിടിച്ച് | - | മുറുകെപ്പിടിച്ച് |
| ആസ്വാദ്യം | - | ആസ്വദിക്കാവുന്നത് (ഇഷ്ടപ്പെട്ടത്) |
| ഉറുപ്പിക | - | രൂപ എന്നതിന്റെ മറ്റൊരു പേര് |
| ഏട് | - | പേജ് |
| കനിവാർന്നവൾ | - | കനിവ് (ദയ) ഉള്ളവൾ |
| കവട്ട | - | കവരം (മരത്തിന്റെ രണ്ടു കൊമ്പുകൾ ചേരുന്ന ഭാഗം) |
| ഗദ്ഗദം | - | ഇടറിയ വാക്ക് |
| ചിന്നക്കൈ | - | ചെറിയ കൈ |
| നനുത്ത | - | മിനുസമുള്ള, നേർത്ത |
| നിമിത്തം | - | കാരണം |
| നിറുക | - | തലയുടെ മധ്യഭാഗം, ഉച്ചി |
| നീരസം | - | മുഷിച്ചിൽ, അനിഷ്ടം |
| പതം വന്ന | - | മയം വന്ന, മാർദവമുള്ള |
| പയ്യെ | - | പതുക്കെ |
| പൂരിതം | - | നിറഞ്ഞ |
| ബദ്ധപ്പെട്ട് | - | തിടുക്കപ്പെട്ട് |
| ഭരിതം | - | നിറഞ്ഞ |
| മന്ദമാരുതൻ | - | ഇളംകാറ്റ് |

| | | |
|---|---|---|
| മർമ്മരം | - | ഇലകൾ തമ്മിലുരയുമ്പോഴുള്ള നേർത്ത ശബ്ദം |
| മുകുളം | - | മൊട്ട് |
| വസിക്കുന്ന | - | താമസിക്കുന്ന |
| വഴിഞ്ഞൊഴുകുക | - | കവിഞ്ഞൊഴുകുക |
| വിരുത്തി | - | വിടർത്തി, നിവർത്തി |
| വീർപ്പടക്കി | - | ശ്വാസമടക്കി |
| വീർപ്പ് | - | ശ്വാസം |
| ശിഖരം | - | കൊമ്പ് |
| ശൈശവഭാവന | - | കുട്ടികളുടെ ഭാവന |
| സംഗീതസാന്ദ്രം | - | സംഗീതത്താൽ നിറഞ്ഞ |
| സന്തോഷഭരിതം | - | സന്തോഷം നിറഞ്ഞ |
| സന്തോഷവതി | - | സന്തോഷമുള്ളവൾ |
| സമാഹരിക്കുക | - | ശേഖരിക്കുക |
| സാന്ദ്രം | - | ഇടതൂർന്ന, സമൃദ്ധമായ |
| സീൽക്കാരം | - | ചീറുന്ന ശബ്ദം (ചീറ്റൽ) |
| സുഗന്ധപൂരിതം | - | സുഗന്ധം നിറഞ്ഞത് |
| സൃഷ്ടിക്കുക | - | നിർമ്മിക്കുക, ഉണ്ടാക്കുക |
| സ്ഫടികം | - | ചില്ല് |
| സ്ഫടികഗൃഹം | - | ചില്ലുകൊണ്ടുള്ള വീട് (കൂട്) |

# ഞാൻ വായിച്ച പുസ്തകങ്ങൾ

| പുസ്തകത്തിന്റെ പേര് | എഴുതിയ ആൾ |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***